2024 SEPTEMBER 28

emalayalee.com

# The Weekly

WEEKLY NEW

Contact: editor@emalayalee.com | Ph 7; 917 662 1122



# പുതിയ ദൗത്യവുമായി ചാണ്ടി ഉമ്മൻ എം.എൽ.എ

# പി.വി. അൻവർ പറഞ്ഞതിൽ പുതുമയില്ല: ചാണ്ടി ഉമ്മൻ എം.എൽ.എ



ന്യൂ യോർക്ക്: പി.വി അൻവർ എം.എൽ.എ സർക്കാരിനെതിരെ ഉന്നയിച്ച ആരോപണങ്ങളിൽ പുതുമയൊന്നുമില്ലെന്ന് ചാണ്ടി ഉമ്മൻ എം.എൽ.എ. എട്ടു വർഷമായി ഇത് തന്നെയാണ് നടക്കുന്നതെന്ന് എല്ലാവർക്കും അറിവുള്ളതാണ്-റോക്ക് ലാൻഡിൽ സുഹൃദ്സംഘം നൽകിയ സ്വീകരണത്തിൽ അദ്ദേഹം പറഞ്ഞു

ഫിലാഡൽഫിയയിൽ തന്റെ 'തോട്ടം' കാണാൻ പോകുന്നതും അദ്ദേഹം വിവരിച്ചു. അത് ആർക്കു വേണമെങ്കിലും തരാം. (തനിക്ക് ഫിലാഡൽഫിയയിൽ തോട്ടം ഉണ്ടെന്ന് എതിരാളികൾ ആക്ഷേപിച്ചിരുന്നതിനെ പരാമർശിച്ചായിരുന്നു ചാണ്ടി ഉമ്മന്റെ പ്രസ്താവന. നാട്ടിലുള്ളതു പോലെ തോട്ടമൊന്നും ഫിലാഡൽഫിയയിൽ ഇല്ല എന്നത് മറ്റൊരു വസ്തുത)

'പൊളിറ്റിക്സിനെ കുറിച്ച് ഞാൻ കൂടുതലൊന്നും പറയുന്നില്ല. എല്ലാവർക്കും അറിയാം കേരളത്തിലെ സാഹചര്യം. ഒരു വ്യക്തി നടത്തിയ വെളിപ്പെടുത്തലിൽ പുതുമയില്ല. അദ്ദേഹം പറയേണ്ട കാര്യമൊന്നുമില്ല. നമുക്കെല്ലാവർക്കും അത് അറിയാം. അതിനാൽ ഏതോ പുതിയ വെളിപ്പെടുത്തൽ നടത്തി എന്നു പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. ഇപ്പോൾ പറയുന്നതിൽ കൂടുതൽ റേറ്റിങ് കിട്ടുന്നെന്നേയുള്ളൂ.

കേരളത്തിൽ മുൻപ് ഇങ്ങനെയൊരു ഭരണം ഉണ്ടായിട്ടുണ്ടോ? അവർ രണ്ടാമത് വിജയിക്കാനുള്ള കാരണം കോവിഡ് മാത്രമാണ്. അവർ ജനസേവനം നടത്തിയാണോ തിരിച്ചു വന്നത്? അതോ എക്കണോമിക് ബൂസ്റ്റ് ഉണ്ടാക്കിയോ?. ആൾക്കാരെ പേടിപ്പിച്ചും, വീട്ടിലിരുത്തിയും, ആളുകളുടെ വോട്ടുകൾ വീട്ടിൽ ചെന്ന് വാങ്ങിയുമൊക്കെയാണ് വിജയിച്ചത്.

വലയിട്ട് ആളെ പിടിക്കുന്ന കാഴ്ച എന്റെ മനസ്സിലുണ്ട്. 1965 നു ശേഷം ഏറ്റവും കുറഞ്ഞ പോളിംഗാണ് നടന്നത്. ഇന്ത്യയുടെ ചരിത്രത്തിൽ ഇങ്ങനെയൊരു തെരെഞ്ഞെടുപ്പ് കാണില്ല. 2021ലെ ഒരു കാഴ്ചയാണ്. ഒരു വീട്ടിൽ ചെന്നപ്പോൾ അവിടെ വോട്ടിംഗ് നടത്തുന്നു . മൂന്നു ഉദ്യോഗസ്ഥരുണ്ട്, വേറാരുമില്ല.

കോൺഗ്രസ് അധികാരം വിട്ട 2014 നുശേഷം എല്ലാം തോന്നിയപോലാണ് . ഗൗരവപൂർവം ഒന്നു ചെയ്യുന്നില്ല.



അതിന്റെ തുടർച്ചയാണ് ആ ഇലക്ഷൻ. ഞാൻ പരാതിപ്പെട്ടു. ആരെയും അറിയിക്കാതെയാണ് ഉദ്യോഗ്സ്ഥർ പോളിങ് നടത്തിയത് . ഞാൻ കലക്ടറെ വിളിച്ചു പറഞ്ഞു. ഞങ്ങളുടെ ബൂത്ത് ഏജന്റിനെ അറിയിച്ചിട്ടില്ല എന്ന്. എങ്ങനെയാണ് അവർ ആരെയും അറിയിക്കാതെ വോട്ടു ചെയ്യിക്കുന്നത്?. എൺപതു വയസിനു മുകളിലുള്ളവർ വോട്ടുചെയ്യുന്ന കാര്യമാണ്. ഫ്രാൻസിസ് ജോർജിന്റെ ഇല്കഷനിലും ഇതുതന്നെയാണ് സംഭവിച്ചത്.

കേരളത്തിൽ ബി.ജെ.പി.ക്ക് വിജയിക്കാനുള്ള ഒരു സാഹചര്യവും ഇല്ലെന്നദ്ദേഹം തറപ്പിച്ചു പറഞ്ഞു . ബി.ജെ.പി. എവിടെയൊക്കെ ഉയർന്നു വന്നിട്ടുണ്ടോ അതൊക്കെ സി.പി.എം.ന്റെ വോട്ടാണ്. ധാരണ ഉള്ളതുകൊണ്ടാണ് ബി.ജെ.പി.ക്ക് ഒരു ലോകസഭാ പ്രതിനിധിയെ കിട്ടിയത്. ആ തരത്തിലാണ് വോട്ടിംഗിങ്ങിന്റെ പാന്റേൺ.



കോൺഗ്രസ് പാർട്ടി ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ അധികാരത്തിൽ വരുമെന്ന് ഒരു സംശയവുമില്ല. നമുക്ക് കഴിഞ്ഞ പ്രാവശ്യത്തിൽ നിന്ന് വ്യത്യസ്തമായി ചില നഷ്ടങ്ങളുണ്ട്. ചില നേതാക്കൾ ഇന്ന് ഇല്ല. ആര്യാടൻ മുഹമ്മദ് പോലുള്ള ലീഡേർസ് നമുക്ക് നഷ്ടമായി . എങ്കിൽ പോലും അതിനെയൊക്കെ മറികടക്കാനുള്ള കരുത്ത് കോൺഗ്രസിനുണ്ട്. അതുകൊണ്ട് കോൺഗ്രസ് ഒത്തൊരുമയേ ൊാടെ പ്രവർത്തിക്കണമെന്നേ ഉള്ളൂ.

കർണ്ണാടകത്തിൽ സിദ്ധാരാമയ്യയും ഡി.കെ. ശിവകുമാറും ഒരുമിച്ചു പ്രവർത്തിച്ചപ്പോൾ വിജയം കൈവന്നു. വലിയൊരു പോരാട്ടമായിരുന്നു നാഷ്ണൽ ഇലക്ഷൻ. അതിനെപ്പറ്റിയും സംശയങ്ങൾ ബാക്കിയില്ലാതില്ല. ചിലയിടത്തൊക്കെ മൂന്നു മണിയായപ്പോൾ പെട്ടെന്ന് ഫല പ്രഖ്യാപനം നിലച്ചു. പിന്നെ പത്തുമണിക്കാണ് ഇലക്ഷൻ കമ്മീഷൻ റിസൽട്ടുമായി വരുന്നത്. ഇത് പലസമയത്തും നമ്മൾ ശ്രദ്ധിച്ചിട്ടുള്ള കാര്യമാണ്.



ഇന്ത്യ സമ്പദ്‌രംഗത്ത് മൂന്നാം സ്ഥാനത്താണ് എന്നുള്ള ഒരു വാർത്ത കണ്ടു. അതാണോ യാഥാർത്ഥ്യം? പാവപ്പെട്ടവന്റെ അവസ്ഥ എന്താണെന്നത് നമുക്കെല്ലാവർക്കും അറിയാം. യു.പി.യിൽ സോണിയാഗാന്ധി പാർലിമെന്റ് അംഗം ആയിരുന്ന സ്ഥത്തു മാത്രമാണ് തൊഴിലുറപ്പു പദ്ധതി. കേരളത്തിൽ എല്ലായിടത്തും ഉണ്ട്. പക്ഷെ യു.പി.യിൽ ഇല്ല. ജനങ്ങളെ നിലനിർത്തിയത് തൊഴിലുറപ്പു പദ്ധതിയാണ്. അതൊക്കെ നിർത്തിയിരിക്കയാണ്.

നമുക്ക് കോർപ്പറേറ്റ് വേണ്ട എന്നു



ഞാൻ പറയില്ല. എന്നാൽ കോർപ്പറേറ്റ് മാത്രം മതിയോ, അംബാനി, അദാനി മാത്രം ജീവിച്ചാൽ മതിയോ, ഇവിടെ സാധരണക്കാരൻ വേണ്ടേ, ഇവിടെ ചെറുകിട കച്ചവടക്കാരൻ വേണ്ടേ? അങ്ങനെ സാധാരണക്കാർ മൊത്തം രാജ്യത്ത് ഇല്ലാതായി കൊണ്ടിരിക്കുന്നു.

ഇതിനെയൊക്കെയാണ് നമ്മൾ അതിജീവിക്കേണ്ടത്. സാധാരണക്കാരന്റെ വയറ്റത്തടിച്ച് എന്തു വികസനം നടത്തിയാലും അത് വികസനമല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

കേരളത്തിൽ ജനങ്ങൾ മടുത്തു കഴിഞ്ഞു. കോവിഡിന്റെ സിറ്റുവേഷൻ ഇല്ല. യാതൊരു സംശവുമില്ല ഗവർമെന്റ് മാറും എന്നുള്ളതിന്. അതിന് കുറച്ചുകൂടി ശ്രമം വേണം.

ഉമ്മൻ ചാണ്ടിയുടെ ഉറ്റ അനുചരരെ താൻ അകറ്റി നിർത്തുന്ന എന്ന വിമർശനത്തിനും ചാണ്ടി ഉമ്മൻ മറുപടി പറഞ്ഞു. 'ആരെയും ഞാൻ മാറ്റിനിർത്തിയിട്ടില്ല. ഇത്തരം കള്ളക്കഥകൾ പറഞ്ഞ് എന്റെ പിതാവിനെയും ടാർഗറ്റ് ചെയ്തിട്ടുണ്ട്. അതിന് മറുപടി പറയാൻ സമയമില്ല, അതിലേക്ക് പോകുന്നുമില്ല.

ഞാൻ ഒരാളെയും മാറ്റിനിർത്തിയിട്ടില്ല. ഞാൻ കല്യാണവീട്ടിൽ പോകുന്നില്ല, മരണ വീട്ടിൽ പോകുന്നില്ല എന്നൊക്കെ ചിലർ ആരോപിക്കുന്നു. പെന്തക്കോസ്തു ആയതുകൊണ്ടാണെന്നും ആരോപിക്കുന്നു. അപ്പോൾ ഞാൻ ചോദിക്കുന്നു പെന്തകോസ്തുകാർ കല്യാണ വീട്ടിൽ പോകുന്നില്ലേ, എന്തിനാണ് ഒരു കമ്യൂണിറ്റിയെ ടാർഗറ്റ് ചെയ്യുന്നത്. പണ്ട് യഹൂദൻമാരെ ടാർഗറ്റ് ചെയ്ത പോലെ ഇത് കഴിഞ്ഞ കുറെ നാളായി പറഞ്ഞുകൊണ്ടിരിക്കയാണ്.



പിതാവിന്റെ ചികിത്സയുമായി ബന്ധപ്പെട്ടും ഇതുപോലെയുള്ള കിംവദന്തി ഉണ്ടായിരുന്നു. രണ്ടുപ്രാവശ്യവും മെഡിസിൻ ആണ് അദ്ദേഹത്തെ സുഖപ്പെടുത്തിയത്. മൂന്നാമത്തെ പ്രാവശ്യം എന്താണ് സംഭവിച്ചതെന്ന് നിങ്ങൾക്കറിയാം. ഇങ്ങനെ ചുമ്മാ കഥകളുണ്ടാക്കുകയാണ്. അവസാനത്തെ കഥയാണ് ഞാൻ ആരെയൊക്കെയോ മാറ്റി നിർത്തികൊണ്ടിരിക്കയാണ് എന്നത് .

പിതാവിന്റെ പേരിൽ ഒരു ഫൗണ്ടേഷൻ ഉണ്ടാക്കി. ഞാൻ മാത്രമായിരുന്നു അതിൽ മെമ്പർ. പിന്നെ മോഹൻ തോമസും ഉണ്ടായിരുന്നു. വേറാരുമില്ല. പക്ഷേ പരിപാടികൾക്ക് എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. അത് സംബന്ധിച്ചും കഥകൾ ഉണ്ടാക്കി കൊണ്ടിരിക്കയാണ്.

കഴിഞ്ഞ ദിവസം ഞാൻ വെറുതെ ഒരു കണക്കെടുത്തു നോക്കി. ഒരു ദിവസം ഞാൻ ഇരുപത്തിരണ്ടു സ്ഥലത്ത് പോയിട്ടുണ്ട്. മരണവീടും കല്യാണവീട്ടിലും എല്ലാം പോയി. ഒറ്റ ദിവസത്തെ കാര്യമാണ് പറയുന്നത്.

കേരളത്തിലെ പൊളിറ്റിക്സിന്റെ പ്രശ്നം എന്താണെന്നു വച്ചാൽ റിയാലിറ്റിയുമായി ബന്ധമില്ലാത്ത കാര്യങ്ങൾ പബ്ലിഷ് ചെയ്യാനും പറയാനും കുറെ ആൾക്കാരുണ്ട്. പ്രൈവറ്റ് മാധ്യമങ്ങളാണ്. ഇതേ ആളുകൾ പതിനൊന്നു വർഷം മുമ്പ് എന്റെ പിതാവിനെപറ്റി പറയാൻ ഒന്നുമില്ല ബാക്കി. ആ ആളുകൾ പറയുന്നത് കുറെ





പേര് വിശ്വസിക്കും. എന്റെയടുത്ത് ആൾക്കാർ ചോദിച്ചു ശരിയാണോ എന്ന്. എന്തുപറയാൻ.

ഒരിക്കൽ ഞാൻ ക്ലിഫ് ഹൗസിൽ ഇരിക്കുമ്പോൾ ഒരാൾ ഫോൺ വിളിച്ചു ചോദിച്ചു-വിവാദ സിഡി. ഉണ്ടോ എന്ന്. അത് ഇന്നും ഇന്നലെയും തൊട്ട് തുടങ്ങിയതല്ല. 1970 മുതൽ അവർ എന്റെ പിതാവിനെ ടാർഗറ്റ് ചെയ്യുന്നു.

2013 ൽ പ്രശ്നം തുടങ്ങിയപ്പോൾ ഞാൻ ഡൽഹിയിലായിരുന്നു. അപ്പോൾ ആന്റി പറഞ്ഞു മോൻ എന്തിനാ വിഷമിക്കുന്നേ ഇത് 1970ൽ പറഞ്ഞ കാര്യമല്ലേ.

തന്റെ ബി.ജെ.പി. ബന്ധത്തെ







പ്പറ്റിയും ചിലർ പറയുന്നത് കേട്ടു. എൽ.ഐ.സി തുടങ്ങിയവ പൊതുസ്ഥാപനങ്ങളാണ് . അവയിലൊന്നിൽ ലീഗൽ ഓഫിസറായി അപേക്ഷിച്ചു. രണ്ടാം തവണ അവർ അത് പുതുക്കിയപ്പോൾ വിവാദമായി. തുടർന്ന് രാജി വയ്ക്കാൻ അവർ ആവശ്യപ്പെട്ടു. അത് പറ്റില്ലെന്ന് പറഞ്ഞു. അപ്പോൾ പിരിച്ചുവിട്ടു. ഇതാണ് ബി.ജെ.പി. ബന്ധം

മണ്ഡലത്തിലുള്ള കമ്യൂണിറ്റി ഹാൾ പിതാവിന്റെ ശ്രമത്തിൽ വന്നതാണ്. എന്നാൽ അതിന് ഇ.എം.എസിന്റെ പേരിട്ടു. പിതാവിനെ ജനങ്ങൾ ഇഷ്ടപ്പെടുന്നത് ഇവർക്ക് സഹിക്കുന്നില്ല. അതിനാൽ കള്ളക്കഥകൾ ഉണ്ടാക്കുന്നു. അതൊന്നൊന്നും മറുപടി പറയില്ല.

അദ്ദേഹം മരിച്ചപ്പോൾ ഒരു കുട്ടി വന്ന് പാടി, മരണമേ നീ തോറ്റു പോയി, ജനകീയനായ എന്റെ ജനനായകൻ ജയിച്ചു....അദ്ദേഹം എന്നും ജനങ്ങളെ സാഹായിച്ചിട്ടേയുള്ളൂ.

കഴിഞ്ഞ ഒരു വർഷം കൊണ്ട് 30 ലക്ഷം രൂപ മൂവായിരം വിദ്യാർത്ഥികൾക്ക് നൽകി. ആയിരം കുട്ടികൾ തിരുവനന്തപുരത്തുള്ളവരാണ്. 2000 വിദ്യാർത്ഥികൾ എന്റെ മണ്ഡലത്തിലുള്ളവരാണ്. അതുപോലെ സ്പോർടിസിനു വേണ്ടി രണ്ടുകോടി നൽകി. അതിൽ ഒരുകോടിക്ക് ഗവൺമെന്റ് പിന്തുണ നൽകിയില്ല. ഒരുകോടിക്ക് പെർമിഷൻ തന്നു. സ്പോർസ് ഡെവലപ് മെന്റിനു വേണ്ടിയായിരുന്നു.

സ്കിൽ ഡവലപ്മെന്റാണ് മറ്റൊരു ടാർഗറ്റ്. ഒരു സ്കിൽ ഡെവലപ്മെന്റ് സെന്റർ കൂടി തുടങ്ങാൻ ആഗ്രഹമുണ്ട്. ലോകത്ത് എല്ലാം പോയി നാം കഴിവുതെളിയിക്കുന്നു. കേരളത്തിൽ ചില ജോലികളെ നമ്മൾ ചെറുതായിട്ട് കാണുന്നു. എല്ലാത്തിനും തുല്യ പ്രാധാന്യം നൽകണം. നമ്മൾ തന്നെ വിച്ചാരിച്ചാൽ എല്ലാം സാധ്യമാകും. എം.എൽ.എ. എന്ന നിലക്ക് എന്നെ കൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ അത് ജോബ് ക്രിയേഷനാകട്ടെ, എക്ണോമിക് ഡെവലപ്മെന്റ് ആകട്ടെ ചെയ്യാനുള്ള ശ്രമമാണ്.

അതിൽ കുട്ടികൾക്കാണ് പ്രാധാന്യം കൊടുക്കുന്നത് കാരണം. അവരാണ് നമ്മുടെ ഫ്യൂച്ചർ. കുട്ടികളെ സംരക്ഷിക്കാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ അവരുടെ മെന്റൽ ഹെൽത്ത്, ഫിസിക്കൽ ഹെൽത്ത് സംരക്ഷിക്കാൻ സാധിക്കുന്നില്ലെങ്കിൽ നമ്മുക്ക് ഒരിക്കലും വളർച്ച സുസ്ഥിരമല്ല.

കുട്ടികളിൽ മയക്കുമരുന്ന് ഉപയോഗം കൂടി. കഴിഞ്ഞ എട്ടുവർഷം കൊണ്ട് കേരളം മയക്കുമരുന്നിന്റെ ഹെഡ്കോർട്ടേഴ്സായി മാറി. മദ്യവും മയക്കുമരുന്നും രണ്ടും ഒരുപോലെ വ്യാപകമാകുന്നു-അദ്ദേഹം പറഞ്ഞു.

റോക്ക് ലാൻഡിൽ കോങ്കേഴ്സിലെ ഗ്ലോബൽ സെന്ററിൽ നടന്ന യോഗത്തിൽ ലീല മാരേട്ട്, പോൾ കറുകപ്പള്ളി, ഫൊക്കാന പ്രസിഡന്റ് സജി മോൻ ആന്റണി, ട്രഷറർ ജോയി ചാക്കപ്പൻ, ഫോമാ അഡ്വൈസറി കൗൺസിൽ ചെയർ ഷിനു ജോസഫ്, നോവ ജോർജ്, കൗണ്ടി ലെജിസ്ളേറ്റർ ഡോ. ആനി പോൾ, പി.ടി. തോമസ്, ജോസ് കുരിയപ്പുറം, ഷൈമി ജേക്കബ്, അലക്സ് ഏബ്രഹാം, ജിനേഷ് തമ്പി, ബിജു വലിയകല്ലുങ്കൽ തുടങ്ങി ഒട്ടേറെ പേർ ചാണ്ടി ഉമ്മന്റെ പ്രവർത്തനങ്ങൾക്ക് ആശംസകളുമായി എത്തി.




MALABAR
GOLD & DIAMONDS
Pay 10%
Advance and block the gold rate
Don't let Gold rate fluctuations affect your jewellery purchase
Valid until 29th October, 2024
Get a FREE diamond voucher worth USD 50
ON FIRST BOOKING until 10th October, 2024
*T&C Apply


# പ്രധാനമന്ത്രിക്ക് പ്രവാസി സമൂഹത്തിന്റെ ആദരവ്








































emalayalee.com







NYC



SECURITY














PRESS












MALABAR
GOLD & DIAMONDS
Fall for Elegance
Receive
Up to
25%
Discount
on gold jewellery making charges
&
on diamond value
OFFER VALID TILL 30 SEPTEMBER 2024
*T&C Apply
Special buy counters with
attractive discounts

# സീറോമലബാർ നാഷണൽ ഫാമിലി കോൺഫറൻസിന് വർണാഭമായ തുടക്കം




emalayalee.com

ജോസ് മാളേയ്ക്കൽ

ഫിലാഡൽഫിയ: മൂന്നു ദിവസം നീണ്ടുനിൽക്കുന്ന സീറോമലബാർ കുടുംബോൽസവത്തിന് തിരിതെളിഞ്ഞു. ഇനി ഞായർ വരെ ഉൽസവദിനങ്ങൾ. സാഹോദര്യനഗരിയിലേക്ക് ഈസ്റ്റ് കോസ്റ്റ് മുതൽ വെസ്റ്റ് കോസ്റ്റു വരെയുള്ള എല്ലാ സ്റ്റേറ്റുകളിൽനിന്നും പ്രതിനിധികൾ പങ്കെടുക്കുന്ന കുടുംബകൂട്ടായ്മയുടെ ഉത്തമോദാഹരണം. കുട്ടികൾ മുതൽ മുതിർന്നവർ വരെ തങ്ങളുടെ സൗഹൃദം പുതുക്കുന്നതിനും, പുതിയ സൗഹൃദം സ്ഥാപിക്കുന്നതിനും ഉൽസാഹത്തോടെ ത്രിദിന കോൺഫറൻസിൽ പങ്കെടുക്കുന്നു. സ്നേഹത്തിന്റെ, ഐക്യത്തിന്റെ, കൂട്ടായ്മയുടെ ഉൽസവം.

ചിക്കാഗോ രൂപതാ വികാരി ജനറാൾ റവ. ഫാ. ജോൺ മേലേപ്പുറം, എസ്. എം. സി. സി. നാഷണൽ ഡയറക്ടർ റവ. ഫാ. ജോർജ് എളംബാശേരിൽ, ആതിഥേയ ഇടവകവികാരി റവ. ഡോ. ജോർജ് ദാനവേലിൽ, സഹവികാരി റവ. ഫാ. റിനേഴ്സ് കോയിക്കലോട്ട്, പാടും പാതിരി റവ. ഡോ. പോൾ പൂവത്തിങ്കൽ, വൈദികർ, സന്യസ്ഥർ എന്നിവരെ സാക്ഷിയാക്കി ഫാമിലി കോൺഫറൻസിന്റെ രക്ഷാധികാരികളായ ബിഷപ് മാർ ജോയ് ആലപ്പാട്ട്, ബിഷപ് എമരിത്തൂസ് മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവർ സംയുക്തമായി ഒരുമയുടെ അടയാളമായി ഒരു തിരി മാത്രം കത്തിച്ച് കുടുംബ സമ്മേളനം ഉത്ഘാടനം ചെയ്തു.

ചിക്കാഗൊ സെ. തോമസ് സീറോമലബാർ രൂപതയിലെ അത്മായസംഘടനയായ സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ (എസ്. എം. സി. സി.)






രജതജൂബിലി ആഘോഷങ്ങളോടനുബ ന്ധിച്ച് നടക്കുന്ന സീറോമലബാർ കുടുംബസംഗമത്തിന് സെപ്റ്റംബർ 27 വെള്ളിയാഴ്ച്ച തുടക്കമായി.




ആഘോഷമായ ദിവ്യബലിക്ക് ബിഷപ് എമരിത്തൂസ് മാർ ജേക്കബ് അങ്ങാടിയത്ത് മുഖ്യകാർമ്മികനായി. ഫാ. ജോൺ മേലേപ്പുറം, എസ്. എം. സി. സി. നാഷണൽ ഡയറക്ടർ ഫാ. ജോർജ് എളംബാശേരിൽ, ഇടവകവികാരി റവ. ഡോ. ജോർജ് ദാനവേലിൽ, സഹവികാരി ഫാ. റിനേഴ്സ് കോയിക്കലോട്ട്, റവ. ഡോ. പോൾ പൂവത്തിങ്കൽ എന്നിവർ സഹകാർമ്മികരായി.




സമ്മേളനത്തിന്റെ രണ്ടാം ദിവസമായ ശനിയാഴ്ച്ച യൂത്ത്വോളിബോൾ ടൂർണമെന്റ്, വിവിധവിഷയങ്ങളെ അധികരിച്ചുള്ള വിജ്ഞാനപ്രദമായ ചർച്ചാസമ്മേളനങ്ങൾ, യംഗ് പ്രൊഫഷണൽസ് മീറ്റ്, വൈവിദ്ധ്യമാർന്ന കലാപരിപാടികൾ, നസ്രാണിതനിമയിലുള്ള ഘോഷയാത്ര, ലിറ്റർജിക്കൽ ക്വയർഫെസ്റ്റ്, ഫാഷൻ ഷോ, ബാങ്ക്വറ്റ് എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

കർണാട്ടിക് സംഗീത ഗുരു പാടും പാതിരി റവ. ഡോ. പോൾ പൂവത്തിങ്കൽ സി. എം. ഐ നയിക്കുന്ന സായാഹ്ന സംഗീതം ആണ് സെപ്റ്റംബർ 28 ശനിയാഴ്ച്ചയിലെ ഹൈലൈറ്റ്. വൈകുന്നേരം ഏഴുമണിമുതൽ ആരംഭിക്കുന്ന ഈ സംഗീതനിശയിൽ പൂവത്തിങ്കലച്ചനൊപ്പം അനുഗൃഹീത ഗായകരായ ബ്രിസ്റ്റോ സേവ്യർ, സുഷമ പ്രവീൺ എന്നിവരും അണിചേരും.

സമാപനദിവസമായ ഞായറാഴ്ച്ച ഒമ്പതരക്ക് ആഘോഷമായ ദിവ്യബലി. ചിക്കാഗോ രൂപതാ മെത്രാന്മാരും, വൈദികരും കാർമ്മികരാവുന്ന ദിവ്യബലി














മധ്യേ വിവാഹജീവിതത്തിന്റെ 25, 50 വർഷങ്ങൾ പിന്നിടുന്ന ജൂബിലി ദമ്പതിമാരെ ആശീർവദിച്ചനുഗ്രഹിക്കും.

കുടുംബസമ്മേളനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് ാാം.ാ രരഷൗയശഹലല.ീൃഴ എന്ന വെബ്സൈറ്റിലൂടെ രജിസ്റ്റർ ചെയ്യാൻ സാധിക്കും. വാക്ക് ഇൻ രജിസ്ട്രേഷനും സ്വീകരിക്കും.

ഫോട്ടോ: ജോസ് തോമസ്




India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th, 2025, Kochi
PLATINUM
MAIN SPONSOR
India Press Club of North America
IPCNA
SAJAN &
MINI SAJAN
SAJ GROUP
HOTELS & RESORTS
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
മാധ്യമശ്രീ
മാധ്യമരത്ന
പുരസ്കാരം 2024
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

# കേരള കൾച്ചറൽ അസോസിയേഷൻ ഓണാഘോഷം അത്യന്തം ഹൃദ്യമായി




ന്യൂ യോർക്ക്: ആദ്യകാല സംഘടനകളിലൊന്നായ കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (കെ.സി.എ.എൻ.എ) ഓണാഘോഷം അത്യന്തം ഹൃദ്യമായി. പങ്കെടുത്തവരുടെ എണ്ണത്തിലും കലാപരിപാടികളുടെയും ഓണസദ്യയുടെയും മേന്മ കൊണ്ടും ആഘോഷം വേറിട്ടതായി.

മുഖ്യഅതിഥിയായി പങ്കെടുത്ത മുൻ മന്ത്രിയും സിപി.ഐ സ്റ്റേറ്റ് സെക്രട്ടറിയുമായ ബിനോയ് വിശ്വം കുട്ടികളുടെയും യുവജനങ്ങളുടെയും വലിയ പങ്കാളിത്തത്തെ പ്രശംസിച്ചു. ഏഴാം കടലിനക്കരെയും ഓണം മധുരം വിതറുന്ന ആഘോഷമായി ജനം കൊണ്ടാടുന്നത് നമ്മുടെ സാംസ്കാരിക തനിമ വിളിച്ചോതുന്നു. ഈ ഐക്യബോധം എന്നും കാത്തുസൂക്ഷിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

ആഘോഷം നടന്ന എൽമോണ്ടിലുള്ള സെൻറ് വിൻസെൻറ് ഡീപോൾ സീറോ മലങ്കര കത്തോലിക്ക കത്തീഡ്രൽ ഹാളിനു പുറത്തു റോഡിലൂടെ നടത്തിയ വമ്പിച്ച ഘോഷയാത്രയോടെയായിരുന്നു ചടങ്ങ് ആരംഭിച്ചത്. ചെണ്ടമേളത്തിന്റെയും താലപ്പൊലിയുടെയും അകമ്പടിയോടെ മഹാബലിയെ എതിരേറ്റു. ട്രൈസ്റ്റേറ്റിലെ മിക്ക ഓണാഘോഷങ്ങളിലും മഹാബലിയായി എത്തുന്ന ഫൊക്കാന നേതാവ് കൂടിയായ അപ്പുക്കുട്ടൻ പിള്ള ആയിരുന്നു മഹാബലി. അദ്ദേഹം 'പ്രജ'കൾക്കെല്ലാം ഓണാശംസകൾ നേർന്നു.

ചടങ്ങിന് തുടക്കമായി പ്രസിഡണ്ട് ഫിലിപ്പ് മഠത്തിൽ, ഭാര്യ അന്ന മഠത്തിൽ, മുഖ്യാതിഥി ബിനോയ് വിശ്വം, സെക്രട്ടറി മാത്യു ജോഷ്വ, ഭാര്യ സിനി വർഗീസ്, ട്രഷറർ ജോണി സക്കറിയ, ഭാര്യ ത്രേസ്യാമ്മ ജോണി, ഫോമാ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, ഫാ. ജോണി ചെങ്ങളൻ, ഫാ. നോബി അയ്യനേത്ത്, റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേറ്റീവ് വൈസ് ചെയർ ഡോ. ആനി പോൾ തുടങ്ങിയവർ നിലവിളക്ക് തെളിയിച്ചു.




സംഘടനയുടെ തന്നെ ചെണ്ട ഗ്രൂപ്പ് മേളക്കൊഴുപ്പേകി. തിരുവാതിരക്ക് ആൽഫി സുന്ദരരൂപ്, ലിസ്സി കൊച്ചുപുരക്കൽ, ഡോ. അന്ന ജോർജ്, ജയ തോമസ്, സിന്ധു സന്തോഷ്, ജാസ്മിൻ ടോണി, സെറിൻ കുര്യാ

ക്ലോസ്, ആശ ഇട്ടിര , ലിഡിയ മഞ്ചേരി, വീണ മാർട്ടിൻ തുടങ്ങിയവർ നേതൃത്വം നൽകി.

അർച്ചന ഫിലിപ്പും മലയാളം സ്കൂൾ കുട്ടികളും ദേശീയ ഗാനങ്ങൾ ആലപിച്ചു.

പ്രസിഡന്റ് ഫിലിപ്പ് മഠത്തിൽ സ്വാഗതം ആശംസിക്കുകയും വിശിഷ്ടാതിഥി ബിനോയ് വിശ്വത്തെ ഓണസന്ദേശത്തിനായി സ്റ്റേജിലേക്ക് ക്ഷണിക്കുകയും ചെയ്തു.

തുടർന്ന് നൂപുര ആർട്ട്സിന്റെ നൃത്തം. ഗഇഅചഅ മലയാളം സ്കൂൾ കുട്ടികളുടെ ഓണപ്പാട്ടിൽ അവ, അസിയ, എലൈന, ധാര, നക്ഷത്ര, നവോമിക, ഫിലോമിന, റെബേക്ക, ജനേസ എന്നിവർ പങ്കെടുത്തു. ഫെയ്വ ജോസ് നൃത്തം അവതരിപ്പിച്ചു.

കലാപരിപാടികളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ ബിനോയ് വിശ്വം വിതരണം ചെയ്തു. ഫൊക്കാന നേതൃത്വത്തിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട അപ്പുക്കുട്ടൻ പിള്ള (ഫൊക്കാന അസോസിയേറ്റ് സെക്രട്ടറി) അലൻ അജിത്ത് (ഫൊക്കാന നാഷണൽ യൂത്ത് കമ്മിറ്റി അംഗം) എന്നിവരെ ആദരിച്ചു.

റിനോജ് കോരുത്ത് ചീഫ് കോർഡിനേറ്ററും റെജി കുര്യൻ പ്രോഗ്രാം കോർഡിനേറ്ററും അലൻ അജിത്തും ആൻമേരി കുര്യനും മാസ്റ്റർ ഓഫ് സെറിമണിയുമായിരുന്നു.

സെക്രട്ടറി മാത്യു ജോഷ്വ (ബോബി) നന്ദി പറഞ്ഞു. ട്രഷറർ ജോണി സക്കറിയ ആയിരുന്നു സാമ്പത്തികകാര്യങ്ങൾക്ക് ചുക്കാൻ പിടിച്ചത്.

ഓണ സദ്യ ഹാളിൽ പ്രേം കൃഷ്ണ, റോഷൻ വർഗീസ് & അലൻ അജിത്ത്, ലിയ, ലാൽ അങ്കമാലി, സാംസി കൊടുമൺ എന്നിവർ ഗാനങ്ങളാലപിച്ചു.













# ബിനോയ് വിശ്വത്തിനു 'പ്രവാസി മിത്രം' അവാർഡ് സമ്മാനിച്ചു




ന്യൂ യോർക്ക്: പൊതുരംഗത്തും വ്യക്തിജീവിതത്തിലും മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്ന ചുരുക്കം രാഷ്ട്രീയക്കാരിലൊരാളായ സിപി.ഐ. സെക്രട്ടറി ബിനോയ് വിശ്വത്തിനു 'പ്രവാസി മിത്രം' അവാർഡ് നൽകി ആദരിച്ചു.

കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (കെ.സി.എ.എൻ.എ) വർണാഭമായ ഓണാഘോഷച്ചടങ്ങിൽ വച്ച് പ്രവാസി ചാനൽ ചെയർമാൻ വർക്കി എബ്രഹാം അവാർഡ് സമ്മാനിച്ചു.

കെ.സി.എ.എൻ.എ പ്രസിഡന്റ് ഫിലിപ്പ് മഠത്തിൽ അടക്കം ഒട്ടേറെ സംഘടനാ നേതാക്കളും പങ്കെടുത്തു.

പ്രവാസികളുടെ ഉറ്റ സുഹൃത്തു കൂടിയാണ് ബിനോയ് വിശ്വമെന്ന് അദ്ദേഹത്തെ ചടങ്ങിലേക്ക് ക്ഷണിച്ചു കൊണ്ട് ജോർജ് ജോസഫ് (ഇ-മലയാളി) പറഞ്ഞു. ഫൊക്കാന-ഫോമാ സമ്മേളനങ്ങളിലും പ്രസ് ക്ലബിന്റെ സമ്മേളനങ്ങളിലും പലവട്ടം അതിഥിയായി അദ്ദേഹം വന്നിട്ടുണ്ട്. പ്രവാസികളുടെ ആവശ്യങ്ങളും അവരുടെ വ്യക്തിപരമായ പ്രശ്നങ്ങളും പരിഹരിക്കാൻ അദ്ദേഹം എപ്പോഴും മുൻനിരയിൽ തന്നെയുണ്ട്.

കേരളത്തിലെ ഭരണചക്രം തിരിക്കുന്ന പ്രധാനപ്പെട്ട പാർട്ടികളിൽ ഒന്നിന്റെ നേതാവാണെങ്കിലും നമുക്കൊപ്പം സാധാരണക്കാരനായി ഇടപഴകുന്ന നേതാവാണദ്ദേഹം . അദ്ദേഹത്തിന് ഈ അവാർഡ് നൽകുന്നത് എന്തുകൊണ്ടും സാർത്ഥകമാണ്.




അവാർഡിന് നന്ദി പറഞ്ഞ ബിനോയി വിശ്വം പ്രവാസികൾ നൽകുന്ന സ്നേഹത്തിനു നന്ദി പറഞ്ഞു. പ്രവാസി പ്രശ്നങ്ങളിൽ തന്നാൽ കഴിയുന്ന എന്ത് സഹായവും വാഗ്ദാനം ചെയ്യുകയും ചെയ്തു.

അവാർഡ് സ്വീകരിച്ച ബിനോയ് വിശ്വത്തിനും അതിനു വേദി ഒരുക്കിയ കെ.സി.എൻ.എക്കും വർക്കി എബ്രഹാം നന്ദി പറഞ്ഞു. പ്രവാസി ചാനലിന്റെ സാരഥികളായ ജോൺ ടൈറ്റസ്, ബേബി ഊരാളിൽ, ജോയി നേടിയകാലായിൽ, സുനിൽ ട്രൈസ്റ്റാർ എന്നിവരും ചേർന്നാണ് അവാർഡ് രൂപകൽപ്പന ചെയ്തത്.

എൽമോണ്ടിലുള്ള സെൻറ് വിൻസെൻറ് ഡീപോൾ സീറോ മലങ്കര കത്തോലിക്ക കത്തീഡ്രൽ ഹാളിൽ ആയിരുന്നു ചടങ്ങ്.

കഴിഞ്ഞ ഡിസംബറിൽ സിപിഐ സ്റ്റേറ്റ് സെക്രട്ടറിയായി ചുമതലയേറ്റ ബിനോയ് വിശ്വം വി.എസ്. അച്യുതാനന്ദൻ മന്ത്രിസഭയിൽ വനം വകുപ്പ് മന്ത്രിയായിരുന്നു. 2001, 2006 നിയമസഭാതെരഞ്ഞെടുപ്പുകളിൽ കോഴിക്കോട് ജില്ലയിലെ നാദാപുരത്തുനിന്നും നിന്നും രണ്ടുതവണ തുടർച്ചയായി മത്സരിച്ചു വിജയിച്ചു. 2018 മുതൽ 2024 വരെ കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗമായും പ്രവർത്തിച്ചിട്ടുണ്ട്. എം.എ, എൽ.എൽ.ബി. ബിരുദധാരിയാണ്.

അമേരിക്കയിൽ നിന്നുള്ള 24 മണിക്കൂർ ചാനലായ പ്രവാസി ചാനൽ 13 വർഷം പിന്നിട്ടു. അമേരിക്കൻ മലയാളികൾക്ക് മുൻഗണനന നൽകുന്ന ചാനൽ, ലോകമെങ്ങു നിന്നുമുള്ള വാർത്തകളും വിശേഷങ്ങളും നമ്മുടെ സ്വീകരണമുറിയിൽ എത്തിക്കുന്നു.











# റോമയുടെ ഓണാഘോഷത്തെ ശ്രദ്ധേയമാക്കി തോമസ് മൊട്ടക്കലിന്റെ തിരിഞ്ഞുനോട്ടം



ന്യൂ യോർക്ക്: റോക്ക് ലാൻഡ് - ഓറഞ്ച് മലയാളി അസോസിയേഷന്റെ (റോമാ) ഓണം ഓറഞ്ച്ബർഗിൽ സിറ്റാർ പാലസിൽ വ്യത്യസ്തമായ പരിപാടികളോടെയും ഓണസദ്യയോടെയും ആഘോഷിച്ചു.

ടോമാർ കൺസ്ട്രക്ഷൻ സി.ഇ.യും വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡന്റുമായ തോമസ് മൊട്ടക്കൽ ആയിരുന്നു മുഖ്യാതിഥി. കൗൺസിൽ നേതാവ് തങ്കമണി അരവിന്ദ് വിശിഷ്ടാതിഥിയായിരുന്നു.

ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ നൽകിയ ഓണസന്ദേശത്തിൽ ഓണം നൽകുന്ന പ്രതീക്ഷകളും ആഘോഷങ്ങളും അനുസ്മരിച്ചു. ഓണത്തെപ്പറ്റി പല കഥകളുണ്ട്. പക്ഷെ നമുക്ക് ഓണം വർത്തമാനകാല ദുഖങ്ങളിൽ നിന്ന് കാല്പനികമായ ആ നല്ലകാലത്തേക്ക് മടങ്ങിപ്പോകുന്ന അനുഭൂതികൾ നൽകുന്നു എന്നതാണ് പ്രധാനം. അതാണ് നാം ആഘോഷിക്കുന്നതും അദ്ദേഹം ചൂണ്ടിക്കാട്ടി.

ശ്രദ്ധേയമായ പ്രസംഗത്തിൽ തോമസ് മൊട്ടക്കൽ അമേരിക്കയിൽ വിസിറ്റിങ് വിസയിൽ എത്തിയതും ആദ്യകാലത്ത് അനുഭവിച്ച വിഷമതകളും വിവരിച്ചു.

നൈജീരിയയിൽ ജോലിയിലായിരിക്കെയാണ് അമേരിക്കയിൽ സന്ദർശക വിസയിൽ എത്തുന്നത്. അവിടെ സുരക്ഷാപ്രശ്നങ്ങൾ മൂലം തിരികെ പോകേണ്ടെന്ന് അവിടെ നിന്ന് നേരത്തെ ഇവിടെ എത്തിയ സുഹൃത്ത് റാവു നിർബന്ധിച്ചു . ബാബു, ഡേവിഡ് തോമസ് എന്നീ രണ്ടു പേരെ പരിചയപ്പെട്ടു. സൈക്യാട്രിക് സെന്ററിന്റെ മാർത്തോമാ പള്ളിയിൽ പോയി. ജോലി കണ്ടെത്താനുള്ള ശ്രമം നടത്തി.

റോക്ക്ലാൻഡിൽ ഇപ്പോൾ ഞങ്ങളുടെ മുപ്പത് മില്യണിന്റെ പ്രോജക്ട് നടന്നുകൊണ്ടിരിക്കുകയാണ്. ഹൂസ്റ്റണിലും ദുബൈയിലും വേറെ പ്രോജക്ടുകളും നടക്കുന്നു. നാട്ടിലൊരു എഞ്ചിനീയറിംഗ് ട്രെയിനിങ് യൂണിറ്റുമുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് എനിക്ക് ഏറെ താല്പര്യമുള്ള കാര്യമാണ്.



# V.S. REALTY

Sales ■ Appraisals ■ Rentals
■ Residential ■ Commercial

35+ Years of Trust and Service

Best Time to Buy Your Dream
Home with Low Interest Rates



KALATHIL
VARUGHESE
Lic. Real Estate Broker
/ Notary Public

Serving, Nassau,
Queens, suffolk,
West Chester County, NYC

REALTOR® MLS
EQUAL HOUSING OPPORTUNITY

NEW LOCATION

VS Realty, 515 Herricks Road, Suite #3, New Hyde Park, NY 11040
516-741-1850 (O), Cell: 516-984-6591 (C). E-mail: vsrealty@aol.com

# ATTORNEY AT LAW
# VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates


1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208











ഇന്ന് എഴുപതാം വയസ്സിൽ എത്തിനിൽക്കുമ്പോൾ മലയാളികൾക്ക് എന്റെ ജീവിതത്തിലൂടെ ഒരു സന്ദേശം നൽകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. വിസ ഇല്ലാത്ത ഒരാളെ എന്റെ അടുത്ത് എത്തിച്ചാൽ പോലും അവരെ നിയമപരമായി തന്നെ സഹായിക്കാൻ ഇന്നെനിക്ക് കഴിയും.

ന്യൂയോർക്കിലെ ഒരു കമ്പനി മലയാളിയുടേതായിരുന്നു. അതിന്റെ സിഇഒ ക്ഷണിച്ചിട്ട് ആദ്യകാലത്തു ജോലിക്കായി പോയി. ലോങ്ങ് ഐലൻഡിന്റെ അറ്റത്ത് തനിയെ ഡ്രൈവ് ചെയ്ത് പോയി അദ്ദേഹത്തോട് കുറെ നേരം സംസാരിച്ചു. ഗ്രീൻ കാർഡ് എന്ന് കിട്ടുമോ അന്ന് ചെന്നാൽ ജോലി നൽകാമെന്നായിരുന്നു അദ്ദേഹം എനിക്ക് നൽകിയ വാഗ്ദാനം. ഒരു മലയാളി മറ്റൊരു മലയാളിയോട് കാണിച്ച ആ പെരുമാറ്റം എന്നെ അന്ന് വളരെയധികം വേദനിപ്പിച്ചു.

ഇന്ന് അതിൽ മാറ്റം വന്നിട്ടുണ്ട്. മുൻപ് ധാരാളം മലയാളികൾ നിയമപരമല്ലാതെ വന്നിരുന്നതുകൊണ്ടാകാം അങ്ങനെ പെരുമാറിയത്. 'ഉപരിപഠനാർത്ഥം അമേരിക്കയിലേക്ക്' എന്ന പത്ര പരസ്യത്തെ കുഞ്ചുകുറുപ്പ് പരിഷ്കരിച്ച് 'ഉപജീവനാർത്ഥം അമേരിക്കയിലേക്ക്' എന്നാക്കിയത് സത്യമാണ്. ഉപജീവനത്തിനുവേണ്ടിയാണ് പലരും ഇവിടെ തുടർന്നത്. നാട്ടിൽ പോയിട്ട് പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാത്തതുകൊണ്ടാണ് നമ്മളില്പലരും റിട്ടയർ ചെയ്തിട്ടും ഇവിടെത്തന്നെ തുടരുന്നത്.

ഞാൻ അഭിമുഖീകരിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ടാണ് ഞാൻ മധുര പ്രതികാരം ചെയ്യുന്നത്. ഏറ്റവുമധികം നോൺ-ഐടി മലയാളി എഞ്ചിനീയർമാർ ജോലി ചെയ്യുന്നത് എന്റെ സ്ഥാപനത്തിലാണെന്ന് പറയാൻ എനിക്ക് അഭിമാനമുണ്ട്. മഹാബലി എന്ന അസുര രാജാവിനെ ചവിട്ടി താഴ്ത്തിയത് ആരാണെന്ന് പുരാണം നോക്കിയാൽ അറിയാം. കള്ളവും ചതിയുമില്ലാതെ ഭരണം നടത്തുന്നത് കണ്ട് അസൂയ തോന്നിയവർ. നമ്മുടെ ഉയർച്ചയിലും അസൂയ തോന്നുന്നത് നമ്മളിൽപെട്ടവർക്കാണ്.

ഞാനിന്ന് വേൾഡ് മലയാളി കൗൺസിലിന്റെ ഗ്ലോബൽ പ്രസിഡന്റാണ്. ജോലി-പള്ളി-വീട് എന്നിങ്ങനെ ജീവിച്ചിരുന്ന എനിക്ക് അസോസിയേഷനുകളുമായി മുൻപ് ബന്ധമുണ്ടായിരുന്നില്ല. ഇന്നത് കണക്ടിവിറ്റിക്ക് സാധ്യത നൽകുന്നുണ്ട്. ഓരോ മലയാളി കുടുംബത്തിനും കുറഞ്ഞത് അഞ്ച് രാജ്യങ്ങളിലെങ്കിലും ബന്ധുക്കൾ ഉള്ള കാലഘട്ടമാണിത്. കാനഡയിൽ പഠനത്തിന് പോയ വിദ്യാർത്ഥിയെക്കുറിച്ച് യാതൊരു വിവരവുമില്ലെന്ന് കഴിഞ്ഞ ദിവസം ഇംഗ്ലണ്ടിൽ നിന്നൊരു സുഹൃത്ത് വിളിച്ചുപറഞ്ഞതനുസരിച്ച് ഞാൻ ടോറന്റോയിൽ ബന്ധപ്പെട്ടു. അയാളെ കണ്ടെത്തി. നാട്ടിലേക്കയക്കാൻ ടിക്കറ്റെടുത്തു. അത്തരത്തിൽ ലോകമലയാളികൾ തമ്മിൽ ബന്ധപ്പെട്ട് കിടക്കുന്നത് വളരെ നല്ല കാര്യമാണ്.

ഒസിഐ പോലുള്ള വിഷയങ്ങളെക്കുറിച്ച് സംയുക്തമായി ചർച്ചചെയ്യാൻ ഫോമാ, ഫൊക്കാന, ഡബ്ലിയുഎംസി എന്നിങ്ങനെ എല്ലാ ഗ്ലോബൽ മലയാളി


























അസോസിയേഷനുകളും ഒത്തുചേരണം .ലണ്ടനിൽ അത് നടത്താനുള്ള ആലോചന നടക്കുന്നുണ്ട്. ഒരു റെസല്യൂഷൻ പാസാക്കി ഇന്ത്യ ഗവൺമെന്റിന് നൽകുന്നതിന് ഏവരുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

എല്ലാവർക്കും ഓണാശംസകൾ!

റോമാ സ്ഥാപക നേതാവ് റോയ് ചെങ്ങന്നൂർ ഏവർക്കും സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ഫിലിപ് ചെറിയാൻ ആമുഖ പ്രസംഗം നടത്തി. സെറീന തോമസ് അമേരിക്കൻ ദേശീയ ഗാനവും അനിതാ നായരും മോളമ്മ വർഗീസും ഇന്ത്യൻ ദേശീയ ഗാനവും ആലപിച്ചു.

റവ. മാത്യു തോമസ്, ഫാ. ജോൺ ജോർജ്, പോൾ കറുകപ്പള്ളി, ഫിലിപ്പോസ് ഫിലിപ്, അലക്സ് എബ്രഹാം, ജോർജ് ജോസഫ്, ടോം നൈനാൻ, ജോർജ് താമരവേലിൽ, ബോസ് കുരുവിള, ജോസഫ് കുരിയപ്പുറം, ജെയിംസ് ഇളപ്പുരയിടം, മോൻസി വർഗീസ്, ഷിനു ജോസഫ്, അലക്സ് മുരിക്കനാനി , തുടങ്ങി ഒട്ടേറെ പേർ പങ്കെടുത്തു.

തോമസ് കെ. ജോർജ്, ഷാജി, ജോസഫ് (ഷാജി) എന്നിവർ ഗാനങ്ങളാലപിച്ചു.

ജോയ് ആലുക്കാസ് നൽകിയ 250 ഡോളറിന്റെ രണ്ട് വൗച്ചറുകൾക്കു വേണ്ടിയുള്ള റാഫിളിൽ 6608631 എന്ന നമ്പർ സമ്മാനാർഹമായി

റോയ് ചെങ്ങന്നൂരുമായി ബന്ധപ്പെടുക: 845 521 2847









India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th, 2025, Kochi
India Press Club of North America
IPCNA
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
മാധ്യമശ്രീ
മാധ്യമരത്ന
പുരസ്കാരം 2024
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com




# 50 വർഷത്തിന്റെ മധുരവുമായി വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഓണാഘോഷം

ന്യു യോർക്ക്: അര നൂറ്റാണ്ട് പൂർത്തിയാക്കിയ ആദ്യ സംഘടനകളിലൊന്നായ വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ 50-മത് ഓണാഘോഷം വെസ്റ്റ്ചെസ്റ്റർ കൗണ്ടി എക്സിക്യൂട്ടീവ് ജോർജ്ജ് ലാറ്റിമർ ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് സെനറ്റർ ഷെല്ലി മേയർ, മുൻ മന്ത്രിയും സി.പി.ഐ. സ്റ്റേറ്റ് സെക്രട്ടറിയുമായ ബിനോയ് വിശ്വം എന്നിവർ ആശംസകൾ നേർന്നു (ബിനോയ് വിശ്വത്തിന്റെ പ്രസംഗം അന്യത്ര കാണുക)

മനുഷ്യാവകാശ കമ്മീഷണറും മുൻ ഡബ്ല്യുഎംഎ പ്രസിഡന്റുമായ തോമസ് കോശി വെസ്റ്റ്ചെസ്റ്റർ കൗണ്ടി എക്സിക്യൂട്ടീവ് ജോർജ്ജ് ലാറ്റിമർ, സെനറ്റർ ഷെല്ലി മേയർ എന്നിവരെ പരിചയപ്പെടുത്തി. ഉദ്ഘാടന പ്രസംഗത്തിൽ കൗണ്ടി എക്സിക്യൂട്ടീവ് ജോർജ് ലാറ്റിമർ ഇന്ത്യൻ സമൂഹം നൽകുന്ന സംഭാവന അനുസ്മരിച്ചു.

വർണാഭമായ കലാപരിപാടികളും ഓണസദ്യയും ആഘോഷത്തെ വേറിട്ടതാക്കി.

ഓണസദ്യയ്ക്ക് ശേഷം ഗാനമേളയോടെയാണ് കലാവിരുന്ന് ആരംഭിച്ചത്. സാജു പീറ്റർ, സാറാ പീറ്റർ, തഹസിൻ , അജിത് നായർ എന്നിവർ ഗാനങ്ങളിലൂടെ ജനഹൃദയം കവർന്നു.

തുടർന്ന് ഘോഷയാത്ര ചെണ്ടമേളത്തിന്റെ അകമ്പടിയോടെ മാവേലിയെ എതിരേറ്റ് ഓഡിറ്റോറിയത്തിലേക്ക്.

അതോടെ തിരുവാതിരയും കിണ്ണം കളിയും ആരംഭിച്ചു. കാലി, ജാനിസ്, ജാനിയ, സിയ, ദിയ, ഗിരീഷ്മ, നിഷ, എലീഷാ, സ്റ്റെഫി എന്നിവർ പങ്കെടുത്തു.

സംമ്മളനത്തിനു തുടക്കം കുറിച്ച് ടെറൻസൺ തോമസ് (കോർഡിനേറ്റർ) ആമുഖ പ്രസംഗം നടത്തി.

നിമിഷ ആൻ വർഗീസ്, സിൻഷാ മേരി വർഗീസ്, സെലൻ സൂസൻ പൗലോസ്, ഹെവന സാറാ മാത്യു എന്നിവർ ദേശീയഗങ്ങളാലപിച്ചു

ഡബ്ല്യുഎംഎ പ്രസിഡന്റ് വർഗീസ് എം.കുര്യൻ സ്വാഗതം ആശംസിച്ചു. തുടർന്ന് നിലവിളക്ക് കൊളുത്തി ഉദ്ഘാടനം

സാത്വിക ഡാൻസ് അക്കാദമിയുടെ നൃത്തശിൽപ്പത്തിൽ ദേവിക നായർ, സാറാ, ഡയാൻ, കെസിയ , ജോഹന്ന, . അലിവ എന്നിവർ പങ്കെടുത്തു.

നാട്യമുദ്ര സ്കൂൾ ഓഫ് ഡാൻസിന്റെ കാവ്യ നർത്തകി (അധ്യാപിക ലിസ ജോസഫ്) നൃത്തശിൽപ്പത്തിൽ അന്നപൂർണ ഹരി



ദേവര, ഗിയ പാലമടൈ, സ്മേര തെക്കൻമാർ എന്നിവർ പങ്കെടുത്തു.

ബിന്ദിയ ശബരിയും സംഘവും അവതരിപ്പിച്ച നൃത്തത്തിൽ രൂപ നായർ, സിനോ ജോർജ്, സൂസൻ തോമസ്, ഊർമിള റാണി നായർ, മായാ ദേവി എന്നിവരും സാത്വിക ഡാൻസ് അക്കാദമിയുടെ സെമി ക്ലാസിക്കൽ ഡാൻസിൽ അവ, ആൻ, എഞ്ജനറ്റ്, ഗബ്രിയേല എന്നിവരും പങ്കെടുത്തു.






മുൻ ഡബ്ല്യുഎംഎ മുൻ പ്രസിഡന്റുമാരെയും സമ്മേളനത്തിൽ അനുസ്മരിച്ചു.

പരേതനായ എം.വി. ചാക്കോ (1975,1979)
എം.സി. ചാക്കോ (1980)
പരേതനായ കെ.ജി. ജനാർദനൻ (1981)
പ്രഭാകരൻ നായർ (19821983)
പരേതനായ നൈനാൻ ചാണ്ടി (19841985, 1992)
കെ.ജെ. ഗ്രിഗറി (1986)
തോമസ് ആലഞ്ചേരിൽ (1987)
എ.സി. ജോർജ്ജ് (1988)
ജോസഫ് വാണിയപ്പിള്ളി (1989)
പാർത്ഥസാരഥി പിള്ള (1990)
തോമസ് പാലക്കൽ (1991)
കൊച്ചുമാത്തൻ ബാബു (1993)
ക്ലാര ജോബ് (1994)
കെ.എം. മാത്യു (1995)
തോമസ് ഇ. മാത്യു (1996)
ഫിലിപ്പ് വെമ്പേനിൽ (1997)
ജോൺ സി. വർഗീസ് (1998)

അശ്വതി അരുനിന്റെ നേതൃത്വത്തിൽ ആതിര, ആവണി കൊങ്കോത്ത് എന്നിവർ കുച്ചിപ്പുടി അവതരിപ്പിച്ചു






എ.വി. വർഗീസ് (1999, 2007)
ജോൺ ഐസക്ക് (2000)
പരേതനായ രാജു സക്കറിയ (2001)
പരേതനായ കൊച്ചുമ്മൻ ജേക്കബ് (2002)
പരേതനായ സെബാസ്റ്റ്യൻ ആഴാത്ത് (2003)
തോമസ് കോശി (2004, 2012)
രത്നമ്മ  രാജൻ (2005)
ജോൺ മാത്യു (2006)
ജെ മാത്യൂസ് (2008)
ടെറൻസൺ തോമസ് (2009, 2017, 2023)
പരേതനായ ഫിലിപ്പ് ജോർജ് (2010, 2022)
ഷാജി ആലപ്പാട്ട് (2011)
ജോയ് ഇട്ടൻ (2013, 2019)
കുറൂർ രാജൻ (2014)
ശ്രീകുമാർ ഉണ്ണിത്താൻ (201516)
ആന്റോ വർക്കി (2018)
ഗണേഷ് ജി. നായർ (20202021)
വർഗീസ് എം. കുര്യൻ (2024)






ഇപ്പോഴത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി: വർഗീസ് എം.കുര്യൻ (പ്രസിഡന്റ്), ഷോളി കുമ്പിളിലുവേലി (സെക്രട്ടറി) ചാക്കോ പി.ജോർജ് (ട്രഷറർ), ജോയ് ഇട്ടൻ (വൈസ് പ്രസിഡന്റ്), നിരീഷ് ഉമ്മൻ (ജോയിന്റ് സെക്രട്ടറി), അലക്സാണ്ടർ വർഗീസ് (ജോയിന്റ് ട്രഷറർ)

കമ്മിറ്റി അംഗങ്ങൾ: എ.വി.വർഗീസ്, അരുൺ വർഗീസ്, ഗണേഷ് നായർ, ജെ മാത്യൂസ്, ജോൺ  സി വർഗീസ്, ജോൺ മാത്യു, ജോൺ ഫിലിപ്പോസ്, ജോൺ തോമസ്, ജോജോ ഡാനിയേൽ, കെ.കെ.ജോൺസൺ, മാത്യു ജോൺസൺ, ശ്രീകുമാർ ഉണ്ണിത്താൻ, സുദർശൻ നായർ, ടെറൻസൺ തോമസ്, തോമസ് കോശി. കമ്മിറ്റിയിലേക്കുള്ള പ്രത്യേക ക്ഷണിതാക്കൾ: തോമസ് ഉമ്മൻ, ജോർജ് തങ്കച്ചൻ, വർഗീസ് ചാക്കോ, ജേക്കബ് കുഴിത്താനത്ത്, ജോണി തോമസ്

ഓഡിറ്റർമാർ: ടോമി പോളക്കാമാലിയിൽ, ബിബു തോമസ്

ട്രസ്റ്റി ബോർഡ്

രാജ് തോമസ് (ട്രസ്റ്റ് ബോർഡ് ചെയർമാൻ)

കെ.ജെ. ഗ്രിഗറി, രാജൻ ടി ജേക്കബ്. കുര്യാക്കോസ് വർഗീസ്, ഉതുപ്പ്  കനകക്കുന്ന്








# നഴ്സുമാരെ ആദരിച്ച്  ബിനോയ് വിശ്വം; ഓണമെന്ന സ്വപ്നം ആദ്യം കണ്ടതാരാണ്?




ന്യൂ യോർക്ക്: അര  നൂറ്റാണ്ട് പൂർത്തിയാക്കിയ  ആദ്യ സംഘടനകളിലൊന്നായ വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ 50-മത് ഓണാഘോഷത്തിൽ മുൻമന്ത്രിയും സി.പി.ഐ. സ്റ്റേറ്റ് സെക്രട്ടറിയുമായ ബിനോയ് വിശ്വം  നടത്തിയ പ്രസംഗം വേറിട്ടതായി.

എടുത്താൽ പൊങ്ങാത്ത കാര്യങ്ങൾ പറയുന്നില്ല. അതൊന്നും പറയാൻ ഇതല്ല നേരം എന്നും എനിക്കറിയാം എന്ന് പറഞ്ഞാണ് ബിനോയ് വിശ്വം പ്രസംഗം ആരംഭിച്ചത്.

ഓണത്തിന്റെ ഈ ദിനങ്ങൾ മലയാളി ലോകത്ത് എവിടെയാണെങ്കിലും അവരുടെ മനസിൽ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഓർമ്മകളാണ് നൽകുന്നത്. ഇവിടെ ജനിച്ച കുഞ്ഞുങ്ങൾക്ക് ഒരു പക്ഷേ അത്രയും ആഴത്തിൽ അത്  അനുഭവപ്പെട്ടു എന്ന് വരില്ല. എന്നാൽ  മുതിർന്നവർക്ക് അങ്ങനെയല്ല.

അമേരിക്കയിലുള്ള മലയാളി കുടിയേറ്റത്തിന്റെ മൂന്നാമത്തെയും നാലാമത്തേയോ തലമുറയായിരിക്കും ഇപ്പോൾ ഇവിടെ. ആദ്യം വന്നരെല്ലാം കടന്നുപോയ  അനുഭവങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്.  ഇന്നു കാണുന്ന പളപളപ്പും സന്തോഷവുമൊന്നും അന്നുണ്ടായിരുന്നില്ല. ആദ്യം വന്നവർ നഴ്സുമാരായിരുന്നു. രണ്ടും മൂന്നും ഷിഫ്റ്റ് ജോലിചെയ്തവർ. ജീവിക്കാനുള്ള സമരമായിരുന്നു. ആ സമരത്തിൽ വീട് മക്കൾ എല്ലാം മറന്ന് അവർ ജോലിചെയ്തു. ആ സ്തീകളുടെ ത്യാഗത്തിന്റെയും കുടുംബസ്നേഹത്തിന്റെയും ഫലമായിട്ടാണ്  ഇന്ന് അമേരിക്കൻ സമൂഹത്തിൽ മലയാളികൾ  അവിഭാജ്യ ശക്തിയായി മാറിയത്.

മാർട്ടിൻ ലൂഥർകിങ്ങിന്റെ  മഹത്തായ പ്രസംഗം ഓർത്തുപോയി. ഐ ഹാവ് എ ഡ്രീം....എന്നാരംഭിക്കുന്ന പ്രസംഗം.  വെളുത്തവരും കറുത്തവരും വലിയവരും ചെറിയവരും ഒന്നുപോലെ കഴിയുന്ന കാലത്തെ പറ്റിയുള്ള സ്വപ്നമായിരുന്നു. മലയാളി സ്വന്തം നാടിന്റെയും സമൂഹത്തിന്റെയും ഭാവിയെപറ്റി കണ്ട ഏറ്റവും മനോഹരമായ സ്വപ്നമാണ് ഓണം .  എന്ന്, ആരാണ് ആ സ്വപ്നം ആദ്യമായി കണ്ടതെന്ന് നമുക്കറിയില്ല. പക്ഷെ  ആ സ്വപ്നം നീതിബോധപൂർവ്വം പെരുമാറുന്ന, കള്ളവും  ചതിയുമില്ലാത്ത, എള്ളോളം പൊളിവചനമില്ലാത്ത, കള്ളപ്പറയും ചെറുനാഴിയും ഇല്ലാത്ത, മാനുഷ്യരെല്ലാം ഒരുപോലെ വാഴുന്ന ലോകമാണ്. അതിനാണ് ഓണമെന്ന് പേരിട്ടത്.

പൂക്കളും കളികളും ചിരികളും പാട്ടുകളും  നല്ല മറ്റ് ഓർമ്മകളാണ്. ഹൃദയത്തിൽ മഹാബലിയെപറ്റി ഓർത്തുപോകും. മക്കൾക്കായി നാം എന്താണ് ബാക്കി വയ്ക്കുന്നത്. ആ ചോദ്യം നമ്മളെല്ലാം ചോദിക്കേണ്ടതാണ്.  ഒരു പാട് പണം ഉണ്ടാക്കി വച്ചാൽ പണം കുന്നുകൂട്ടി വച്ചാൽ അതുകൊണ്ട് എല്ലാം വെട്ടിപിടിച്ചുവെന്ന് അഹങ്കരിക്കാം.

ഫ്രാൻസിസ് മാർപാപ്പയെ ഓർത്തു പോകുന്നു. അദ്ദേഹം പറഞ്ഞു മനുഷ്യപ്രവർത്തികളുടെയെല്ലാം ആധാരം പണം മാത്രം ആണെന്ന് വന്നാൽ മതവും വിശ്വാസവും എല്ലാം ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾക്ക് മുറിവേൽക്കും. എല്ലാം തകർന്നുപോകും. എല്ലാ മതങ്ങളും പറഞ്ഞത് സ്നേഹത്തെ പറ്റിയാണ്. നന്മയെ പറ്റിയാണ്. അതുപറയാത്ത ഒരുമതവുമില്ല. മതങ്ങളെല്ലാം ലക്ഷ്യമാക്കുന്നത് മാനവ നന്മയാണ്. ഒരു പാടു പണം കുന്നുകൂട്ടി വച്ച് അതുകൊണ്ട് കൊട്ടാരം പണിത് അതിൽ ജീവിക്കുമ്പോൾ സ്നേഹത്തിന് എന്തു സംഭവിക്കും. ഭർത്താവിന് ഭാര്യയോടും ഭാര്യയ്ക്ക് ഭർത്താവിനോടും സ്നേഹമുണ്ടോ? അച്ഛനോടും അമ്മയോടും മക്കൾക്ക് സ്നേഹമുണ്ടോ? അവരെ സ്നേഹിക്കാനും ലാളിക്കാനും മാതാപിതാക്കൾക്ക് നേരമുണ്ടോ?.. മാർപാപ്പയുടെ വാക്കുകൾ  ചിന്തിക്കാൻ ആഗ്രഹിക്കുന്നു.

മക്കൾക്ക് ജീവിക്കാൻ ശുദ്ധവായുവുണ്ടോ, അവർക്ക് കുടിക്കാൻ ശുദ്ധജല



മുണ്ടോ? അവർക്ക് ചേർത്തുപിടിക്കാൻ മലിനമാകാത്തെ ഒരുപിടി മണ്ണുണ്ടോ. പച്ചപ്പുണ്ടോ? ചിന്തിക്കുവാനും ഉത്തരം കണ്ടുപിടിക്കാനും ഞാൻ നിങ്ങളോട് വിനീതമായി പറയട്ടെ.

ഞാൻ പച്ചമനുഷ്യനാണ്. നേരായ വഴിക്ക് ജീവിക്കാൻ ശ്രമിക്കുന്ന, തെറ്റായ വഴിക്ക് പോകാൻ ഇഷ്ടപ്പെട്ടാത്ത, അറിഞ്ഞുകൊണ്ട് തെറ്റുചെയ്യാത്ത ഒരാൾ എന്ന് എന്നെപറ്റി പറയും. അങ്ങനെ ഒരു ചിന്താഗതിയുണ്ടാക്കാൻ സഹായിച്ചത് നമ്മുടെ നാടാണ്, ജനങ്ങളാണ്. അവിടെയുള്ള മഹത്തായ സമൂഹവും സഹനവും ആണ്. ഈ യാത്രയിൽ നിങ്ങളുടെ ബന്ധുവായും സുഹൃത്തായും സഖാവായും നിൽക്കാൻ ഞാൻ ശ്രമിക്കും.

കേരളത്തിൽ ഞാൻ സ്ഥിരമായി ട്രെയിൻ യാത്രക്കാരനാണ്. നിങ്ങൾ നാട്ടിൽ വരുമ്പോൾ പ്ലാറ്റ്ഫോമിലോ ട്രെയിനിലോ വച്ച് എന്നെ കണ്ടാൽ സൗഹൃദം പുതുക്കാൻ മറക്കരുത്. എല്ലാവർക്കും സ്നേഹം നിറഞ്ഞ ഓണാശംസകൾ അദ്ദേഹം നേർന്നു .














# ഭിന്നതകളുണ്ടെങ്കിലും ഈ വള്ളം മുക്കാനില്ല...

## രാഷ്ട്രീയ – ജീവിത ചിന്തകൾ പങ്കു വച്ച് ബിനോയ് വിശ്വം



ന്യൂയോർക്ക്: ന്യൂയോർക്കിലെ കേരള സെന്ററിൽ അമേരിക്കൻ മലയാളികൾ മുൻ മന്ത്രിയും മുൻ എം.പിയും സിപിഐ സംസ്ഥാന സെക്രട്ടറിയുമായ ബിനോയ് വിശ്വത്തിനു ഊഷ്മളമായ വരവേൽപ്പ് നൽകി. 'അല'യുടെയും കേരള സെന്ററിന്റെയും നേതൃത്വത്തിലായിരുന്നു വെള്ളിയാഴ്ച സ്വീകരണം.

കേരളത്തിലെ രാഷ്ട്രീയ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പര്യടനം വെട്ടിക്കുറച്ച് അദ്ദേഹം ഇന്ന് നാട്ടിലേക്കു മടങ്ങും.

മനുഷ്യസ്നേഹത്തിൽ ഊന്നിയ തത്വചിന്ത പിൻപറ്റുന്ന സാധാരണമനുഷ്യനാണ് താനെന്നാണ് അദ്ദേഹം സുദീർഘമായ പ്രസംഗത്തിൽ വ്യക്തമാക്കിയത്. മതങ്ങളിൽ വിശ്വാസമില്ലെങ്കിലും മതം പഠിപ്പിക്കുന്ന നന്മകൾ പിൻപറ്റുന്ന അവിശ്വാസി...

അതുപോലെ ഇപ്പോഴത്തെ രാഷ്ട്രീയ രംഗത്ത് അപ്രിയമായ പലതും നടക്കുന്നുണ്ട്. എങ്കിലും ഈ വള്ളം മുക്കാനാവില്ലെന്നദേഹം പറയുന്നു. കാരണം ഇത് അവസാസ ചാൻസാണ്...

കേരള സമൂഹത്തിന്റെ നവോത്ഥാനം എന്നു പറയുന്നത് ശ്രീനാരായണ ഗുരു, അയ്യങ്കാളി, വക്കം മൗലവി തുടങ്ങി അനേകർ ഒരുപാട് കാലത്ത് നടത്തിയ പരിശ്രമത്തിന്റെ ബാക്കിപത്രമാണെന്ന് ബിനോയ് വിശ്വം ചൂണ്ടിക്കാട്ടി.


'സമൂഹത്തിലെ ഇരുട്ടുമാറ്റി വെളിച്ചം വിതറാൻ ഒരുപാട് പേർ ത്യാഗം ചെയ്തിട്ടുണ്ട്. മതം മനുഷ്യനെ നന്മയിലേക്ക് നയിക്കാനുള്ളതാണ്. മതത്തെ എവിടെവച്ചാണ് മതഭ്രാന്ത് വിഴുങ്ങിയത് എന്ന ചോദ്യം എല്ലാവരും സ്വയം ചോദിക്കേണ്ടതുണ്ട്. ' അദ്ദേഹം പറഞ്ഞു.

താൻ ഒരു മതവിശ്വാസി അല്ലെന്നതിനർത്ഥം മനുഷ്യനെ അംഗീകരിക്കാത്ത ധിക്കാരിയാണെന്നല്ല. യഥാർത്ഥത്തിൽ മതങ്ങൾ മനുഷ്യനന്മയ്ക്കുവേണ്ടി പാലിക്കണം എന്നു നിഷ്കർഷിക്കുന്ന ഗുണങ്ങളുള്ള അവിശ്വാസിയാണ് താൻ..

ഏറെ മുസ്ലിം സാന്നിധ്യമുള്ള നാദാപുരത്തെ എംഎൽഎ ആയി 10 കൊല്ലം പ്രവർത്തിച്ചതിന്റെ ഭാഗമായി പള്ളികളിലും സാംസ്കാരിക സമ്മേളനങ്ങളിലും പങ്കെടുക്കുമ്പോഴും അവിശ്വാസിയാണെന്ന് തുറന്നുപറച്ചിൽ നടത്തിയിട്ടുണ്ട്. പക്ഷേ,കാഫിർ അല്ലെന്നും കൂട്ടിച്ചേർത്തിരുന്നു. ആ പദംകൊണ്ട് ഇസ്ലാം അർത്ഥമാക്കുന്നത് അഴിഞ്ഞാട്ടം, കൈക്കൂലി, വ്യഭിചാരം തുടങ്ങി എല്ലാ തിന്മകളും ചെയ്യുന്നവൻ എന്നാകാം. തനിക്ക് സ്വന്തമായ ധർമ്മബോധവും സദാചാരനിഷ്ഠകളുമുണ്ട്.

രാഷ്ട്രീയക്കാർ എല്ലാം കള്ളന്മാർ ആണെന്ന വാദം ശരിയല്ല. മറ്റു മേഖലകളിൽ ഉള്ളതുപോലെ രാഷ്ട്രീയത്തിലും കള്ളന്മാരുണ്ട്. ഞാനൊരു രാഷ്ട്രീയക്കാരനല്ല, രാഷ്ട്രീയപ്രവർത്തകനാണ്. രാഷ്ട്രീയക്കാരൻ എന്നുപറയുമ്പോൾ എന്തും ചെയ്യാൻ മടിക്കാത്തവനാണ്.




LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
One App for All Media Outlets
MediaAppUSA
amazon fireTV
Amazon fireTV
ROKU
ROKU TV
tv
Apple TV
Google TV
GoogleTV
Samsung
SMART TV
Samsung TV
LG
Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
Download
'MediaAppUSA'





യാണ് തിന്മ വാഴുകയും നന്മ അടിതെറ്റി വീഴുകയും ചെയ്യുന്നത്? മതങ്ങൾ പറയുന്നത് പിൻപറ്റിയിരുന്നെങ്കിൽ ലോകത്ത് നന്മയെ ജയിക്കുമായിരുന്നുള്ളു.

ലോകത്തിലെ മുഴുവൻ ആളുകളുടെയും പട്ടിണി മാറ്റാനും ദാരിദ്ര്യം തുടച്ചുനീക്കാനും ആവശ്യമായ തുകയാണ് യുദ്ധത്തിന് വേണ്ടി ചിലവഴിക്കുന്നത്. ആയുധങ്ങൾക്ക് ഭീമമായി ചിലവഴിക്കാൻ രാജ്യങ്ങൾ തയ്യാറാകുന്നു. മതത്തിന്റെ പേരിലെ മൗലികവാദമാണ് ബോംബുകൾ വർഷിപ്പിക്കുന്നത്. ഭ്രാന്തുപിടിച്ച മതബോധമാണ് ലോകം നേരിടുന്ന വെല്ലുവിളി.

അവർ ഒന്ന് പറയും, മറ്റൊന്ന് ചെയ്യും.

എന്നാൽ ഏത് പാർട്ടിയിലെയും രാഷ്ട്രീയപ്രവർത്തകൻ വഴിതെറ്റിപോകാത്തവനും പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുന്നവനുമാണ്. ജനങ്ങളെ എല്ലാ സ്ഥാനമാനങ്ങളോടുംകൂടി വലിയവനായി കാണുകയും സ്വയം അവർക്ക് താഴെയാണ് സ്ഥാനം എന്ന് തിരിച്ചറിയുകയും ചെയ്യണം .




ലോകത്തുള്ള മുഴുവൻ സമ്പത്തും കാൽകീഴിൽ വച്ചുതരാമെന്ന് വാഗ്ദാനം ഉണ്ടായാലും തെറ്റിന് കൂട്ടുനിൽക്കാത്ത യഥാർത്ഥ മാർക്സിസ്റ്റായി നിലകൊള്ളാനാകുമെന്ന ഉത്തമ വിശ്വാസവും തന്റേടവുമുണ്ട്. മതങ്ങൾക്കും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ഉള്ളതുപോലെ എന്റെ ഐഡിയോളജി അതാണ്.

എല്ലാ മതങ്ങളും പഠിപ്പിക്കുന്നത് സ്നേഹിക്കാനാണ്. സ്നേഹത്തെപ്പറ്റി പറയാത്ത മതങ്ങളില്ല. നിന്നെ പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കാനാണ് ക്രിസ്തു പറഞ്ഞത്. കഷ്ടപ്പെടുന്നവന്റെ കണ്ണീരൊപ്പുന്നവനാണ് എന്റെ അനുയായി എന്നാണ് നബി പറഞ്ഞത്. ഹിന്ദുമതവും സ്നേഹത്തെക്കുറിച്ചാണ് പറയുന്നത്. എല്ലാ മതങ്ങളും സ്നേഹത്തെക്കുറിച്ച് പറയുമ്പോൾ, ഇത്രയധികം മതവിശ്വാസികളുള്ള സമൂഹത്തിൽ എങ്ങനെ

സമൂഹം ഭിന്നിച്ചാലേ മുന്നോട്ടുപോകാൻ പറ്റൂ എന്നുകരുതുന്ന ശക്തികളാണ് തീവ്രവാദത്തിലൂടെ ലാഭത്തിനും ചൂഷണത്തിനും കരുനീക്കുന്നത്. മുപ്പത്തിമുക്കോടി ദൈവങ്ങളുള്ള ഹിന്ദു മതത്തിലെ തീവ്രവാദത്തിന്റെ മുഖമായി ആർഎസ്എസ് നിൽക്കുന്നതുപോലെ ഏകദൈവത്തിൽ വിശ്വസിക്കുന്ന ഇസ്ലാം മതത്തിൽ ഐഎസ് ഭീകരർ നിൽക്കുന്നു. മതത്തിന്റെ ഉള്ളിൽ കടന്ന് മതം പറയാത്തതും ചിന്തിക്കാത്തതുമായ കാര്യങ്ങൾക്കാണ് തീവ്രവാദികൾ തിരികൊളുത്തുന്നത്. മതവിരുദ്ധമായ ആശയങ്ങളാണ് അവർ പഠിപ്പിക്കുന്നത്. ആശയങ്ങൾ തമ്മിലുള്ള സംഘർഷം ഭിന്നിപ്പിലേക്ക് വഴിവയ്ക്കുന്നു. ദൈവം പറഞ്ഞ വഴിയല്ല അത്. ആ ഭിന്നതയിലൂടെയാണ് യുദ്ധങ്ങൾ ഉണ്ടാകുന്നത്.

ഏറ്റവുമധികം ലാഭം ഉണ്ടാക്കാൻ കഴിയുന്ന വ്യവസായമാണ് യുദ്ധം. ആയുധങ്ങളുടെ കമ്പോളത്തിൽ ഒന്നും നിഷിദ്ധമല്ല, ലാഭം മാത്രം മതി. ഇതാണ് വാസ്തവത്തിൽ എല്ലാ മതങ്ങളെയും രാഷ്ട്രീയത്തെയും മലീമസമാക്കിയത്. ലാഭത്തിനുവേണ്ടി ഭ്രാന്ത് പിടിച്ച് യാത്ര ചെയ്യുന്നവരുടെ ലോകത്താണ് നാം ജീവിക്കുന്നത്.

എല്ലാ പ്രവർത്തികളുടെയും ലക്ഷ്യം ലാഭം മാത്രമാണെന്ന് വന്നാൽ മതങ്ങൾ പഠിപ്പിച്ച പാഠങ്ങൾ ഒക്കെയും വെറുതെയാകും എന്ന് ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ എവിടെയാണ് ബന്ധങ്ങൾക്ക് മൂല്യമുണ്ടാവുക? എല്ലാത്തിനേക്കാളും വലുതായി പണം വരുമ്പോൾ ഭാര്യാഭർത്തൃബന്ധവും അച്ഛനും മക്കളും തമ്മിലുള്ള ബന്ധവും ശിഥിലമാവുകയാണ്. മൂല്യത്തിന് ലാഭം എന്നൊരർത്ഥമേ പുതുലോകം കല്പിക്കുന്നുള്ളൂ. വിട്ടുവീഴ്ച, സഹനം തുടങ്ങിയ അർത്ഥങ്ങൾ മൂല്യത്തിന് ഉണ്ടാകുമ്പോഴേ ബന്ധങ്ങൾ നിലനിൽക്കൂ.

കമ്പോളം ആധിപത്യം സ്ഥാപിച്ചാൽ മൂല്യങ്ങൾ അസ്തമിക്കുമെന്ന് മാർക്സ് 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യിൽ പറഞ്ഞിട്ടുണ്ട്. ബൂർഷ്വ ബുദ്ധി എല്ലാവരെയും അതിന്റെ കൂലിവേലക്കാരാക്കുമെന്നും അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. ഭിഷഗ്വരർ, ന്യായാധിപർ, ശാസ്ത്രജ്ഞർ, പുരോഹിതർ, എഴുത്തുകാർ തുടങ്ങി നാനാതുറയിൽപെട്ടവരെയും ചേർത്താണ് ഇത് പറഞ്ഞിരിക്കുന്നത്. അനുദിനം വികസനം എന്നുള്ള കമ്പോള വ്യവസ്ഥയ്ക്ക് പിന്നാലെ ബൂർഷ്വ ബുദ്ധിയുള്ളവർ പരക്കം പായും. ലാഭത്തിനുവേണ്ടിയുള്ള ആർത്തിപിടിച്ച പരക്കംപാച്ചിൽ മനുഷ്യത്വ രഹിതമായ പ്രവർത്തനങ്ങളിലേക്ക് ആളുകളെ നീക്കും.'

'ഇന്ത്യൻ മോഡൽ ഓഫ് സോഷ്യലിസ'ത്തെക്കുറിച്ചും അദ്ദേഹം വാചാലനായി. '1956 നവംബർ 1 ന് കേരളം രൂപീകൃതമായ ശേഷം നടന്ന പ്രഥമ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടാക്കിയ








മാനിഫെസ്റ്റോയ്ക്ക് നൽകിയ തലക്കെട്ട് 'ഐശ്വര്യപൂർണ്ണമായ കേരളം'എന്നായിരുന്നു. കേരളത്തിന്റെ സമഗ്രമായ വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വിഷയങ്ങളായിരുന്നു അതിന് ആധാരം. ഇന്ന് നോക്കുമ്പോൾ പല മേഖലകളിലും മുന്നേറിയെങ്കിലും ആളോഹരി വരുമാനത്തിന്റെ കാര്യത്തിൽ കേരളം പിന്നിലാണ്. ഉത്പാദനരംഗത്ത് കരുത്താർജ്ജിച്ചാൽ,കേരളത്തിന് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാം.'അദ്ദേഹം കൂട്ടിച്ചേർത്തു.

അല സെക്രട്ടറി രാജേഷ് ശ്രീനിവാസ് അധ്യക്ഷത വഹിച്ചു. കേരളം സെന്റർ പ്രസിഡന്റ് അലക്സ് എസ്തപ്പാൻ സ്വാഗതം ആശംസിച്ചു. കേരള സെന്റർ സ്ഥാപകൻ ഇ.എം. സ്റ്റീഫൻ, യു.എ നസീർ, കോശി തോമസ്, വർക്കി എബ്രഹാം, രാജു തോമസ് തുടങ്ങിയവർ സംസാരിച്ചു.

കോശി തോമസ് പൊന്നാട അണിയിച്ചു













# കനേഡിയൻ പാർലമെന്റിലെ ഓണാഘോഷത്തിൽ സജീവ സാന്നിധ്യമായി ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി




**സരൂപ അനിൽ**
**(ഫൊക്കന ന്യൂ ടീം )**

ഒട്ടാവ: കനേഡിയൻ പാർലമെന്റിലെ മൂന്നാമത് ഓണാഘോഷത്തിലെ സജീവ സാന്നിധ്യമായി ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ഫൊക്കാന എന്ന സംഘടന എങ്ങനെ അമേരിക്കയിലെയും, കാനഡയിലെയും മലയാളീ സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കുന്നു എന്ന് കൃത്യമായി വിശദീകരിക്കുന്നതിലോടെ ഏവരുടെയും ശ്രദ്ധ ആകർഷിച്ചു.

അമേരിക്കയിലും , കാനഡയിലും അനുദിനം വർധിച്ചുവരുന്ന മലയാളീ സമൂഹത്തിന്റെ ഉന്നമനത്തിൽ ഫൊക്കാന ചെലുത്തുന്ന സ്വാധീനം സ്വാഗതാർഹമാണ് എന്ന്, സെപ്റ്റംബർ 18 ബുധനാഴ്ച ഓട്ടവയിലെ സർ ജോൺ എ മക്ഡോണൾഡ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ മുഖ്യ അതിഥിയായിരുന്ന, മലയാളി കുടുംബ വേരുള്ള യൂക്കോൺ പ്രീമിയർ രഞ്ജ് പിള്ള, അഭിപ്രായപ്പെട്ടു. ഫെഡറൽ മിനിസ്റ്റർ കമൽ ഖേര, കൺസർവ്വേറ്റീവ് പാർട്ടി ഡപ്യൂട്ടി ലീഡർ റ്റിം ഉപാൽ, പാർലമെന്റ് അംഗങ്ങളായ ജസ്രാജ് ഡിലോൺ, ഡാൻ മ്യൂസ്, ഷൂവ് മജുംന്താർ, ലാറി ബ്രോക്ക്, ആനാ റോബേർട്ട്സ്, ആര്യ ചന്ദ്ര, ഗാർനറ്റ് ജെനുയിസ്, ടോണി ബാൾഡിനെലി എന്നിവർ ആയിരുന്നു വർണാഭമായ ഓണാഘോഷത്തിൽ പങ്കെടുത്ത മറ്റു പ്രമുഖർ.

മലയാളികളുടെ തനിമയും പാരമ്പര്യവും ഒട്ടും ചോർന്നു പോകാതെ മറ്റുള്ളവരിലേക്ക് എത്തിക്കാൻ പാകത്തിൽ ഈ ഓണാഘോഷം സങ്കടിപ്പിച്ചതിനു, ഫൊക്കാന പ്രസിഡന്റ് എന്ന നിലയിൽ സജിമോൻ ആന്റണി പരിപാടിയുടെ സംഘാടകരെ അഭിനന്ദിച്ചു. ഓണാഘോഷം ഊഷ്മളമായ രീതിയിൽ ആഘോഷിക്കാൻ അവസരമൊരുക്കിയ, പരിപാടിയുടെ ഹോസ്റ്റ് ആയിരുന്ന പാർലമെന്റ് അംഗം മൈക്കിൾ ബാരാട്ടിനോടുള്ള ഫൊക്കാനയുടെ സ്നേഹാദരം അറിയിക്കാൻ പ്രസിഡന്റ് സജിമോൻ ആന്റണി



മറന്നില്ല.

കാനഡയിലെ വിവിധ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ എന്നിവരുൾപ്പടെയുള്ള പാർലമെന്റ് അംഗങ്ങൾ പങ്കെടുത്ത ചടങ്ങിൽ ഫൊക്കാന മാതൃകാപരമായ പ്രവർത്തനം ആണ് കാഴ്ച്ച വയ്ക്കുന്നത് എന്ന് പല പ്രമുഖരും അഭിപ്രായപ്പെടുകയുണ്ടായി. കാനഡയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സംഘടനകളുടെ പ്രതിനിധികൾ ഉൾപ്പടെ എഴുനൂറോളം ആളുകളാണ് ആഘോഷത്തിൽ പങ്കെടുത്തത്

ട്രിനിറ്റി ഗ്രൂപ്പ് ആയിരുന്നു ഓണാഘോഷത്തിൻറെ ഗ്രാന്റ് സ്പോൺസർ. ബിജു ജോർജ് ചെയർമാനും, റാം മതിലകത്ത് കൺവീനറും, രേഖാ സുധീഷ് ഇവന്റ് കോഡിനേറ്ററും, സതീഷ് ഗോപാലൻ, ടോമി കോക്കാടൻ എന്നിവർ കോ-ചെയറും, സുധീഷ് പണിക്കർ ഹോസ്പിറ്റാലിറ്റി ഓപ്പറേഷൻസ് കോഡിനേറ്ററും, പ്രവീൺ വർക്കി കമ്മ്യൂണിറ്റി ഔട്ട്റീച്ച് കോർഡിനേറ്ററും ആയ സംഘാടക സമിതി ആണ് ഓണാഘോഷത്തിന് നേതൃത്വം നൽകിയത്. ഫൊക്കാന ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസിന്റെ സാനിധ്യവും പ്രേത്യകം ശ്രദ്ധിക്കപ്പെട്ടു . ബിജു ജോർജ് ചെയർമാനായി പ്രവർത്തിച്ച ഈ ഓണാഘോഷം മലയാളീ തനിമ വിളിച്ചുഓതുന്നതിനൊപ്പം ബിജു ജോർജിന്റെ നേതൃത്വപാടവം എടുത്തുകാട്ടിയ ഓണാഘോഷം കൂടിയായിരുന്നു.












Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy



# ഗൃഹാതുരത്വസ്മരണകളുണർത്തി ഹൂസ്റ്റൺ റാന്നി അസോസിയേഷൻ ഓണമാഘോഷിച്ചു

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: ആവേശത്തിരയിളക്കി താളവും മേളവും സമന്വയിപ്പിച്ച് നയമ്പുകൾ ഇളക്കിയെറിഞ്ഞ് മനോഹരമായ വള്ളപ്പാട്ടുകൾ പാടി ''റാന്നി ചുണ്ടനും', അസ്സോസിയേഷൻ അംഗങ്ങളായ ചെണ്ടക്കാരടങ്ങിയ ചെണ്ടമേളത്തിന്റെ അകമ്പടിയിൽ എത്തിയ 'മാവേലി തമ്പുരാനും'' ഈ വർഷത്തെ ഹൂസ്റ്റൺ റാന്നി അസ്സോസിയേഷൻ (ഒഞഅ) ഓണാഘോഷത്തെ അവിസ്മരണീയമാക്കി.

ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമാ ദേവാലയ ഹാളിൽ വച്ച് നടത്തിയ ഓണാഘോഷ പരിപാടികൾ വ്യത്യസ്തവും വൈവിദ്ധ്യവുമാർന്ന പരിപാടികൾ കൊണ്ട് ശ്രദ്ധേയമായി. സെപ്റ്റംബർ 14 ന് ശനിയാഴ്ച്ച രാവിലെ 11 മണിക്കാരംഭിച്ച ആഘോഷ പരിപാടികൾ 4 മണിക്കൂർ നീണ്ടു നിന്നു.

പ്രസിഡന്റ് ബാബു കൂടത്തിനാലിൽ അധ്യക്ഷത വഹിച്ച ആഘോഷ പരിപാടികൾ ഫോർട്ട് ബെൻഡ് കൗണ്ടി ഡിസ്ട്രിക്ട് ജഡ്ജ് സുരേന്ദ്രൻ കെ പട്ടേൽ, വിശിഷ്ഠാതിതിഥികളായ വൈദിക ശ്രേഷ്ഠർ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ നിലവിളക്കു കൊളുത്തി ഉത്ഘാടനം ചെയ്തു.

ജനറൽ സെക്രട്ടറി ബിനു സഖറിയ കളരിക്കമുറിയിൽ സ്വാഗതം ആശംസിച്ചു.

മുഖ്യാതിഥി ജഡ്ജ് സുരേന്ദ്രൻ പട്ടേൽ ഓണസന്ദേശം നൽകി. റാന്നി സ്വദേശികളായ റവ. ഫാ. പ്രസാദ് കോവൂർ കൊറെപ്പിസ്കോപ്പ(വികാരി, സെന്റ് ജെയിംസ് ക്നാനായ യാക്കോബായ ഇടവക), റവ.സാം.കെ .ഈശോ (വികാരി, ട്രിനിറ്റി മാർത്തോമാ ഇടവക) ഉപരക്ഷാധികാരി ജോയ് മണ്ണിൽ, വൈസ് പ്രസിഡണ്ട് എബ്രഹാം ജോസഫ് (ജോസ്),ട്രഷറർ ജിൻസ് മാത്യു കിഴക്കേതിൽ എന്നിവർ ഓണാശംസകൾ നേർന്നു ആഘോഷപരിപാടികളെ മികവുറ്റതാക്കിയപ്പോൾ ഗായകൻ കൂടിയായ റവ. ജീവൻ ജോൺ (അസി.വികാരി, ട്രിനിറ്റി മാർത്തോമാ ഇടവക) പാടിയ ശ്രുതിമനോഹരമായ ഒരു ഗാനം ഗൃഹാതുരത്വ സ്മരണകളുണർത്തി. മൂന്ന് വർഷക്കാലം പ്രസിഡന്റായി സേവനമനുഷ്ഠിക്കുന്ന ബാബു കൂടത്തിനാലിനെ പൊന്നാട നൽകി ആദരിച്ചു.

ഗ്രാൻഡ് സ്പോൺസർമാരായ പ്രമുഖ റിയൽറ്റർ പ്രിയൻ ജേക്കബ് (ജോബിൻ പ്രിയൻ റിയൽ എസ്റ്റേറ്റ് ടീം) സന്ദീപ് തേവർവേലിൽ ( പെറി ഹോംസ് സെയിൽസ് കൺസൽട്ടൻറ്) സിൽവർ സ്പോൺസർമാരായ ജീമോൻ റാന്നി (ഠണഎഏ ചാണ്ടപ്പിള്ള മാത്യൂസ് ഇൻഷുറൻ



സ്), റജി.വി.കുര്യൻ (കൂപ്പർ വാൽവ്സ് ), ബിജു തച്ചനാലിൽ (കെൽവിൻ എയർകണ്ടീഷനിംഗ് ആൻഡ് ഹീറ്റിംഗ്), സുരേഷ് രാമകൃഷ്ണൻ (മിസ്സോറി സിറ്റി അപ്നാ ബസാർ) ബിജു സഖറിയ (സാക് സൗണ്ട്സ് ) എന്നിവരെ റോസാപുഷ്പങ്ങൾ നൽകി ആദരിച്ചു.

തുടർന്ന് ബിനു സക്കറിയയുടെ നേതൃത്വത്തിലുള്ള ചെണ്ടമേളത്തിന്റെയും വാദ്യഘോഷത്തിന്റെയും അകമ്പടിയോടെ 'മാവേലി തമ്പുരാനെ'' വരവേറ്റു. ഹൂസ്റ്റണിൽ പകരം വയ്ക്കാനില്ലാത്ത, ഒരു സുന്ദര മാവേലി'യായി റിച്ചാർഡ് സ്കറിയ 'മാവേലി തമ്പുരാനെ' ഉജ്ജ്വലമാക്കി.

തുടർന്ന് പ്രസിഡന്റിന്റെ നേതൃത്വത്തിൽ താളലയ മേളങ്ങളോടെ നടത്തിയ വള്ളം കളി ആഘോഷത്തെ മികച്ചതാക്കി. റാന്നിയിലെ എല്ലാ കരക്കാരുടെയും പേരുകൾ കോർത്തിണക്കി അവതരിപ്പിച്ച വഞ്ചിപ്പാട്ട് രചിച്ചത് എച്ച്ആർഎയുടെ ഉറ്റ സുഹൃത്തും റാന്നി ഗുഡ് സമരിറ്റൻ സൊസൈറ്റി ചെയർമാൻ റവ.ഫാ. ബെൻസി മാത്യു കിഴക്കേതിലും ഈണം നൽകിയതു പ്രശസ്ത വഞ്ചിപ്പാട്ട് ഇൻസ്സ്ട്രക്ടർ ഓമനക്കുട്ടൻ അയിരൂരുമാണ്.

ഹൂസ്റ്റണിലെ മികച്ച ഗായകരായ മീരാ സഖറിയാ, റോയ് തീയാടിക്കൽ, മെവിൻ പാണ്ടിയത്ത്, ജോസ് മാത്യു, സജി വർഗീസ് തുടങ്ങിവരുടെ മധുരഗാനങ്ങൾ കാണികളുടെ നിറഞ്ഞ കൈയടി നേടി. ബാബു കൂടത്തിനാലിൽ, ജോമോൻ ജേക്കബ് എന്നിവരതരിപ്പിച്ച കോമഡി സ്കിറ്റും സദസ്സിൽ ചിരി പടർത്തി.

ജോ.സെക്രട്ടറി വിനോദ് ചെറിയാന്റെ നേതൃത്വത്തിൽ ഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് അവതരിപ്പിച്ച 'കിച്ചൻ ഡാൻസ് ' ആഘോഷത്തെ മികവുറ്റതാതാക്കി.

ഈ വർഷത്തെ റാന്നി 'മന്നൻ' 'മങ്ക' ദമ്പതികളായി ജോസ് പുതിയമഠവും സാലമ്മ ജോസും തിരഞ്ഞെടുക്കപ്പെട്ടു. .

റെജിസ്ട്രേഷന് മിന്നി ജോസഫ്, ഷീലാ ചാണ്ടപ്പിള്ള , ഷീജ ജോസ്, ജോളി തോമസ് , നിസ്സി രാജൻ, എന്നിവർ നേതൃത്വം നൽകി. സൗണ്ട്സ് സിസ്റ്റം ബിജു സക്കറിയ കളരിയ്ക്കമുറിയിലും ഡിലൻ സക്കറിയയും കൈകാര്യം ചെയ്തപ്പോൾ ബാബു കലീനയും ജെഫിൻ നൈനാനും ഫോട്ടോഗ്രാഫിയിൽ ആഘോഷത്തിൻെറ മനോഹര ചിത്രങ്ങൾ ഒപ്പിയെടുത്തു. ഡാളസിനെ



















പ്രതിനിധീകരിച്ചു ബിജു പുളിയിലേത്തും കുടുംബവും പങ്കെടുത്തു.

വിഭവസമൃദ്ധമായ 22 ഇനങ്ങളടങ്ങിയ ഓണസദ്യ വിളമ്പലിനു ജോൺ.സി ശാമുവേൽ (കുഞ്ഞു), ജോയ് മണ്ണിൽ, വിനോദ് ചെറിയാൻ, വിജു വര്ഗീസ്, റിജു ജോൺ, മാത്യൂസ് ചാണ്ടപിള്ള, എബ്രഹാം ജോസഫ് (ജോസ്),ജോസ് മാത്യു,ഷിജു തച്ചനാലിൽ, സി.ജി.ഡാനിയേൽ തുടങ്ങിയവർ നേതൃത്വം നൽകി.

ജിൻസ് മാത്യു കിഴക്കേതിലും ബിനു സക്കറിയയും എംസിമാരായി പ്രവർത്തിച്ചു പരിപാടികൾ നിയന്ത്രിച്ചു.

വൈസ് പ്രസിഡണ്ട് മാത്യൂസ് ചാണ്ടപ്പിള്ള നന്ദി പ്രകാശിപ്പിച്ചു.

200 നടുത്ത് ആളുകൾ പങ്കെടുത്ത റാന്നി ഓണം 2024 എന്നെന്നും ഓർമ്മകളിൽ നിറഞ്ഞു നിൽക്കുമെന്ന് പങ്കെടുത്തവർ എല്ലാവരും അഭിപ്രായപ്പെട്ടു.



# നിലപാടുകളുടെ വിജയം, മികച്ച കൺവൻഷന് ഒപ്പം നിന്നവർക്ക് നന്ദി: ഡോ.ജേക്കബ് തോമസ്



വാഷിംഗ്ടൺ : ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പുന്റ കാനയിൽ നടന്ന ഫോമായുടെ അന്തർദേശീയ കൺവൻഷൻ, പങ്കെടുത്തവർക്കൊക്കെ പുത്തൻ അനുഭവങ്ങളാണ് സമ്മാനിച്ചത്. പ്രതിസന്ധികൾക്കിടയിലും ഇത്രയും മികച്ചൊരു കൺവൻഷൻ നടത്താനായത് സംഘാടനത്തിലെ മികവുകൊണ്ടുകൂടിയാണ്. എല്ലാവരുടെയും പിന്തുണ തുടക്കം മുതൽ ലഭിച്ചതുകൊണ്ടാണ് കൺവൻഷൻ വലിയ വിജയമായതെന്ന് ഫോമാ പ്രസിഡണ്ട് ഡോ.ജേക്കബ് തോമസ് പറയുന്നു. സബ് കമ്മിറ്റി തിരിച്ച് ഓരോ പ്രവർത്തനങ്ങൾക്കും ഏറ്റവും യോജിച്ചവരെ ആ ദൗത്യം ഏൽപ്പിച്ചത് 'ദി ബെസ്റ്റ് ഔട്ട് പുട്ട്' ലഭിക്കുമെന്ന് ഉറപ്പുള്ളതു കൊണ്ടുതന്നെയായിരുന്നു. നിലപാടുകളിൽ ഉറച്ചു നിന്നതിന്റെ പേരിൽ എതിർപ്പ് ഉണ്ടായിട്ടുണ്ട്. പക്ഷെ പ്രതിബന്ധങ്ങളെ നേരിട്ട് മുന്നോട്ട് പോകാൻ കഴിഞ്ഞതാണ് വിജയരഹസ്യമെന്ന് ഡോ.ജേക്കബ് തോമസ്.

ഫോമ കൺവെൻഷന്റെ വിജയത്തിന് മികച്ച രീതിയിലുള്ള സംഘാടനത്തിനായി ആദ്യം മുതൽ തന്നെ പരിശ്രമിച്ചിരുന്നു. വിവിധ കമ്മിറ്റികൾ രൂപീകരിക്കുകയും അതിന്റെ അധ്യക്ഷ സ്ഥാനത്തേക്ക് അനുയോജ്യരെ തിരഞ്ഞെടുക്കുകയും ചെയ്തതിലൂടെ ഏകോപനം കൃത്യമായി. അതുകൊണ്ടുതന്നെ നിശ്ചിത സമയത്തുതന്നെ ഒരുക്കങ്ങൾ പൂർത്തിയാക്കാൻ സാധിച്ചു. എല്ലാ മേഖലയിലും എന്റെ ശ്രദ്ധയുണ്ടാകാനും ശ്രമിച്ചു. സാധാരണ പരാതി ഉയരുന്ന രണ്ടു കമ്മിറ്റികളാണ് -രജിസ്ട്രേഷനും ട്രാൻസ്പോർട്ടേഷനും. ഇത്തവണ അതൊക്കെ പരാതിരഹിതമായി നടപ്പാക്കാൻ കഴിഞ്ഞു. ആയിരത്തിലധികം പേർ കൺവൻഷനിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തതുതന്നെ വലിയ ആവേശമമുണ്ടാക്കി. ഇത്രവലിയ പങ്കാളിത്തം സൂചിപ്പിക്കുന്നത് തന്നെ ഫോമാ എന്ന സംഘടനയ്ക്ക് അമേരിക്കൻ മലയാളികളുടെ മനസ്സിൽ എത്രമാത്രം സ്ഥാനമുണ്ടെന്നതാണ്.



1200 പേർ പങ്കെടുത്ത കൺവൻഷൻ ചരിത്രത്തിൽ രേഖപ്പെടുത്തുമെന്നതിൽ സംശയമില്ല. 159,000 ഡോളറിലധികം ഫോമാ അംഗങ്ങളിൽ നിന്നുതന്നെ സ്വരൂപിക്കാൻ സാധിച്ചു. 10,000 ഡോളർ വീതം സാജ് ഗ്രൂപ്പ്, യെല്ലാ ഇൻഷുറൻസ് ഗ്രൂപ്പ് എന്നിവർ സ്പോൺസർസ്ഷിപ്പ് നൽകി. 12 പ്ലാറ്റിനം സ്പോൺസർമാർ ($60,000), 33 ഗോൾഡ് സ്പോൺസർമാർ ($99,000) എന്നിവരോടും വലിയ നന്ദിയുണ്ട്.










8TH



കൺവൻഷൻ ചെയർമാൻ സ്ഥാന ത്തേക്ക് എന്റെ റീജിയനിൽ നിന്നുള്ള വ്യ ക്തിയെ തിരഞ്ഞെടുക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടതു പ്രകാരമാണ് കുഞ്ഞ് മാലിയിൽ മുന്നോട്ടു വന്നത്. വിളിച്ചാൽ വിളിപ്പുറത്തുണ്ട് എന്നതാണ് അദ്ദേഹ ത്തിന്റെ ഏറ്റവും വലിയ സവിശേഷത. ഏതു സംശയങ്ങൾക്കും മറുപടിയും ഏത് പ്രശ്നങ്ങൾക്കും പരിഹാരവും കണ്ടെത്തുന്ന പ്രതിഭയാണ് അദ്ദേഹം.





ഗ്ലോബൽ കോ-ഓർഡിനേറ്റർ പ്രദീപ് നായർ, രജിസ്ട്രേഷൻ ചെയർമാൻ സജൻ മൂലേപ്ലാക്കൽ, ഇവന്റ് കോ-ഓർ ഡിനേറ്റർ ജോസ് മണക്കാട്ട്, ജനറൽ കൺവീനർ സജിഎബ്രഹാം, ട്രാൻസ് പോർട്ടേഷൻ ആൻഡ് ഹോസ്പിറ്റാലിറ്റി കൺവീനർ ബിജു ലോസൺ തുടങ്ങിയ വരുടെ പിന്തുണ നൽകിയ ഊർജം വ ലുതാണ്.

എല്ലാ സ്വാതന്ത്ര്യവും സബ് കമ്മിറ്റി യുടെ അധ്യക്ഷന്മാർക്ക് നൽകിയിരുന്നു. ഏത് നിർദ്ദേശം കേട്ടാലും 'നോ' എന്നു പറയാതെ അവർ ഒപ്പം നിന്നു. ഈ വി ജയം അവരുടെ കഷ്ടപ്പാടിന്റെതു കൂടി യാണ്. കൺവൻഷൻ ഗംഭീരമാക്കാൻ ഏതറ്റം വരെയും പോകാനും എത്ര കഷ്ട പ്പെടാനും തയ്യാറായ ടീം അംഗങ്ങളോട് വാക്കുകൾക്കതീതമായ നന്ദിയും സ്നേ ഹവുമുണ്ട്.

നിരവധി പ്രതിസന്ധികൾ വന്നെങ്കി ലും കൂട്ടായ്മ കൊണ്ട് അതിനെയൊക്കെ അതിജീവിക്കാനായി. ചലച്ചിത്ര താരം ടി നി ടോം, ഗായിക ലക്ഷ്മി ജയൻ എന്നി വർക്ക് ട്രാൻസിറ്റ് വിസ ഇല്ലായിരുന്നു. അവർക്ക് വേറെ ടിക്കറ്റ് എടുക്കേ ണ്ടി വന്നു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, സംവിധാ യകൻ കെ.മധു, നടി സ്വാസിക തുടങ്ങിയവർ വരാൻ നിശ്ചയിച്ച വിമാനം അപ്രതീക്ഷിതമായി റദ്ദാക്കി. പിന്നീട് റീ-റൗണ്ട് ചെ യ്താണ് അവരെ എത്തിച്ചത്. ഈ സമയങ്ങളിൽ അനുഭവിച്ച ടെൻഷൻ വലുതായിരുന്നു. അ വരുടെ പ്രകടനം കണ്ടപ്പോഴാ ണ് പിന്നെ ആശ്വാസമായത്. ടിനി ടോം ഒരു സ്പാനിഷ് ഗാനം ആല പിച്ചപ്പോൾ പുന്റകാനയിലെ റിസോർട്ട് ജീവനക്കാർക്ക് പോലും അത്ഭുതമാ യിരുന്നു. പരിപാടികൾ എല്ലാം തന്നെ ഒന്നിനൊന്ന് മെച്ചമായിരുന്നു. ആരെയും കലാവിരുന്ന് മുഷിപ്പിച്ചില്ല. നിരവധി പേ രെ അവാർഡ് നൽകി ആദരിക്കാൻ സാ ധിച്ചതിലും വലിയ സംതൃപ്തിയുണ്ട്. ആദരവ് നൽകേണ്ട നിരവധി ആളുകൾ ഇനിയുമുണ്ടെന്ന് അറിയാം. മറ്റൊരവസ രത്തിൽ അവരെയും പരിഗണിക്കണം.

ആഗസ്റ്റ് ഏഴിന് ബിച്ചിൽ നടന്ന ക്യാമ്പ് ഫയർ അന്താക്ഷരി ഹൃദ്യമാ യിരുന്നു. കൺവൻഷൻ ചെയർമാനും പ്രസിഡന്റും നടത്തിയ പ്രസംഗത്തോ ടെ കൺവെൻഷന് ഗംഭീര തുടക്കമായി. ഇരു ടീമുകളും ആഹ്ലാദത്തോടെ മണി ക്കൂറുകളോളമാണ് പാട്ടുകൾ പാടിയ ത്. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ എത്തിയ മാവേലി തമ്പുരാനടക്കമുള്ള ഘോഷയാത്രയും വലിയ അനുഭവമാ യിരുന്നു. എല്ലാ ഫോമാ അംഗങ്ങളും പാരമ്പര്യ വേഷമായിരുന്നു ധരിച്ചിരുന്ന




ത്. മികച്ച പ്രകടനത്തിന് സമ്മാനവും ഉണ്ടായിരുന്നു. തുടർന്നു നടന്ന ഉദ്ഘാ ടനമാമാങ്കം ആവേശം നിറഞ്ഞതായിരു ന്നു. വേദിയിൽ മെഗാതിരുവാതിരകൂടി എത്തിയതോടെ കാഴ്ചയുടെ ഉത്സവമാ യി അത് മാറി.

ബെസ്റ്റ്കപ്പിൾ മത്സരത്തിനും മികച്ച പിന്തുണയാണ് ലഭിച്ചത്.

മീറ്റ് ദി ക്യാൻഡിഡേറ്റ്സ് പരിപാടി യും ശ്രദ്ധേയമായി. സ്ഥാനാർത്ഥികൾ അവരുടെ ആശയങ്ങളും അഭിപ്രായങ്ങ ളും പങ്കുവച്ചു.

ഓഗസ്റ്റ് 9 വെള്ളിയാഴ്ച ഫോമാ എ ക്സിക്യൂട്ടീവ് കമ്മിറ്റി യോഗവും എക് സിക്യൂട്ടീവ് കമ്മിറ്റിയും ജോയിന്റ് കൗൺ സിൽ യോഗവും ദേശീയ ഉപദേശക സമിതി യോഗവും നാഷണൽ കമ്മിറ്റി മീറ്റിംഗും ജനറൽ ബോഡി മീറ്റിംഗും നട ന്നു. തുടർന്നായിരുന്നു തിരഞ്ഞെടുപ്പ്. ഇതോടൊപ്പം ഫോമാ യുവജനോത്സവം, ബീച്ച് വോളിബോൾ, ടർഫ് ഫീൽഡ് ക്രി ക്കറ്റ്, കാർഡ് ഗെയിം 28 എന്നിവ വിവിധ വേദികളിൽ സംഘടിപ്പിച്ചു. ഉച്ചകഴിഞ്ഞ് ഫോമാ മിസ് ഫോമാ മത്സരം, മിസ്റ്റർ ഫോമാ മത്സരം, ഫോമാ ചിരിയരങ്ങ് എന്നിവ സംഘടിപ്പിച്ചു. പിന്നീട് വൈ കുന്നേരം സ്വാസിക, രമേഷ് ബാബു,

ഫ്രാങ്കോ, ഭുവന ആനന്ദ് എന്നിവരടങ്ങുന്ന മനോഹരമായ സ്റ്റാർ ഷോ. തുടർന്ന് ഫോമാ അംഗങ്ങളുടെ ഗാനാലാപനവും നടന്നു.



മികച്ചപിന്തുണയാണ് വിമൻസ് ഫോറം നൽകിയത്. കൺവൻഷനിൽ മെഗാ തിരുവാതിര, മിസ് ഫോമ അടക്കമുള്ള ശ്രദ്ധേയമായ പരിപാടികൾ സംഘടിപ്പിക്കാൻ അവർക്കായി.

മിസ്റ്റർ അയർലൻഡ് കൂടിയായ ആഷ്ലി സജിത്കുമാറിനെ മിസ്റ്റർ ഫോമായുടെ ജഡ്ജായി കൊണ്ടുവന്നു. ആഷ്ലിയുടെ ബോഡിഷോ കണ്ടപ്പോഴാണ് അത്തരം ഷോ എങ്ങനെ വേണമെന്ന്പലരും മനസ്സിലാക്കിയത്.

ഫോമായുടെ മുൻ വിമൻസ് ഫോറം അംഗങ്ങൾ കോർത്തിണക്കിയ എത്നിക് ഫാഷൻ ഗ്രാന്റിയർ എന്ന ഫാഷന് ഷോ ഏവർക്കും ഒരു നവ്യാനുഭവമായി. പ്രൊഫഷ്ണൽ സ്റ്റൈലിൽ നടത്തിയ ഫാഷൻ ഷോ ഗംഭീരമായിരുന്നു. ഫോമയുടെ ചരിത്രത്തിൽ ആദ്യമായാണ് കൺവൻഷനിൽ ഇങ്ങനെ വേറിട്ടൊരു ഫാഷന് ഷോ സംഘടിപ്പിച്ചത്. വ്യത്യസ്തതയാർന്ന ഫാഷനുകളും സ്റ്റൈലുകളുമൊക്കെ സംഗമിച്ച ഇടംകൂടിയായിരുന്നു അത്. ജൂബി വള്ളിക്കളം, ജാസ്മിൻ പരോൾ, ആഷമാത്യു, ഷൈനി അബൂബക്കർ എന്നിവരാണ് ഇതിന്റെ കോർഡിനേറ്റേഴ്സ് ആയി പ്രവർത്തിച്ചത്.

2024 ഓഗസ്റ്റ് 10 ശനിയാഴ്ച യൂത്ത് വോളിബോൾ ഗെയിമും കാർഡ്സ് 56 മത്സരവും ഉണ്ടായിരുന്നു. തുടർന്നു നടന്ന മ്യൂസിക്കൽ ഹീലിംഗ് പരിപാടിക്ക് ഫാ. പോൾ പൂവത്തിങ്കൽ നേതൃത്വം നൽകി. വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ നടന്ന കലാപരിപാടികളും ഏറെ ആസ്വാദ്യമായിരുന്നു.

ഫോമാ ബിസിനസ് മീറ്റും വൻ വിജയമായിരുന്നു. നിരവധി ബിസിനസ് പ്രമുഖർ പരിപാടിയിൽ പങ്കെടുക്കുകയും അവരുടെ ബിസിനസും കാഴ്ചപ്പാടുകളും പങ്കുവയ്ക്കുകയും ചെയ്തു. യുവ സംരംഭകർക്കും വിവിധ ബിസിനസുകൾക്കുമായി അവർ നൽകിയ കാഴ്ചപ്പാടുകൾ ശ്രദ്ധേയമായിരുന്നു.

രാഷ്ട്രീയ സെമിനാർ പ്രമുഖരുടെ സാന്നിധ്യം കൊണ്ട് സമ്പന്നമായിരുന്നു. ചിറ്റയം ഗോപകുമാർ, മോൻസ് ജോസഫ്, മാത്യു കുഴൽനാടൻ തുടങ്ങിയവർ പങ്കെടുത്തു.

മികച്ചസ്റ്റേജും ശബ്ദവും പ്രകാശസംവിധാനങ്ങളോടെയുമാണ് ഗാല ഡിന്നർ സംഘടിപ്പിച്ചത്. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ സത്യപ്രതിജ്ഞാ ചടങ്ങ്, വിവിധ വിനോദ പരിപാടികൾ എന്നിവ വിരുന്നിന് മിഴിവേകി. നിരവധി രുചികരമായ വിഭവങ്ങളും മധുരപലഹാരങ്ങളും അടങ്ങിയ അത്താഴവിരുന്ന് ഗാല ഡിന്നറിന്റെ ഹൈലൈറ്റ് ആയിരുന്നു.



വ്യത്യസ്തമായ ബോഡി ബിൽഡിംഗ് പ്രോഗ്രാം ഫോമ ഇന്റർനാഷണൽ കൺവെൻഷനിൽ ഏവരുടെയും ശ്രദ്ധ നേടി. മിസ്റ്റർ അയർലൻഡ് ആഷ്ലി സജിത് കുമാറാണ് പ്രകടനം കാഴ്ച വച്ചത്. ലോകപ്രശസ്തനായ ഒരു ബോഡി ബിൽഡറുടെ മസിൽ ഷോ ഏവർക്കും ആവേശകരമായ അനുഭവമായിരുന്നു.

ഗാല ഡിന്നറിന്റെ നടുവിൽ മെമ്പേഴ്സിന്റെയും അതിഥികളെയും ബർത്ത് ഡേ ആഘോഷിച്ചിരുന്നു. എല്ലാ മെമ്പേഴ്സിനെയും അതിഥികളെയും സ്റ്റേജിൽ വിളിച്ചു ബർത്ത്ഡേ കേക്ക് മുറിച്ചത് ഫോമ കൺവെൻഷൻ ക്ലോസിങ് സെറിമണി വളരെ മനോഹരമാക്കി. (തുടരും)



# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

## 1-845-727-4022

**We will pick up the vehicle and repair it fully to your satisfaction!**


JOYALUKKAS
GRAND SUMMER FEST
FLAT 25% DISCOUNT
ON MAKING CHARGES
0%
DEDUCTION ON OLD GOLD EXCHANGE
Joyalukkas



# മെസ്കീറ്റ് മാർ ഗ്രിഗോറിയോസ് പള്ളി പിക്നിക് ഉല്ലാസ നിർഭരം

**സജി സക്കറിയ**

**പി.ആർ.ഓ.**

മെസ്കീറ്റ് മാർഗ്രിഗോറിയോസ് സിറിയക് പള്ളിയിലെ ഈ വർഷത്തെ പിക്നിക് സെപ ്തംബർ 21-ാം തീയത്തി ശനിയാഴ്ച രാവിലെ 9 മുതൽ വൈകീട്ട് 4 മണിവരെ നടത്തി. രുചികരമായ വിവിധതരം ഭക്ഷണം, മുതിർന്നവർക്കും കുട്ടികൾക്കും പ്രത്യേക സ്പോർട്സ് ആക്റ്റിവിറ്റീസ് എല്ലാം സന്തോഷത്തിന്റെ നിമിഷങ്ങളായിരുന്നു പിക്നിക്കിന്റെ ഉടനീളം കാണാനായത്.

പള്ളി അംഗങ്ങൾ വിവിധതരം ഭക്ഷണപാനീയങ്ങൾ ഒരുക്കുകയും, വികാരി മാർട്ടിൻ ബാബു അച്ചന്റെ നേതൃത്വത്തിൽ വിവിധതരംആആഢ ഐറ്റംസ് അച്ചൻ പാകം ചെയ്യുകയും ചെയ്തു. ട്രഷറാർ പ്രിൻസ് ജോൺ എല്ലാ കാര്യങ്ങളും ഓർഗനൈസ് ചെയ്തു. മെസ്കീറ്റിലുള്ള വാലി ക്രീക്ക് പാർക്കിൽ വച്ചായിരുന്നു ഈ വർഷത്തെ പിക്നിക്. ഇതിൽ സംബന്ധിച്ച എല്ലാവർക്കും ഇത് വേറിട്ട ഒരു അനുഭവമായി മാറി.













# വേൾഡ് മലയാളി കൗൺസിൽ നോർത്ത് ടെക്സാസ് പ്രോവിൻസിന്റെ ഓണാഘോഷം ഉജ്ജ്വലമായി



ഡാളസ്: വേൾഡ് മലയാളി കൗൺസിൽ നോർത്ത് ടെക്സാസ് പ്രൊവിൻസ് സെപ്ററംബർ 21 ാം തീയതി ശനിയാഴ്ച സെന്റ് ഇഗ്നേഷ്യസ് ചർച്ച് കരോൾട്ടനിൽ നടത്തിയ ഓണാഘോഷം വർണ്ണാർഭമായി. രാവിലെ പത്തു മണിക്ക് ജോവാനയുടെ പ്രാർത്ഥനാ ഗാനത്തിനു ശേഷം നോർത്ത് ടെക്സാസ് പ്രോവിൻസ് പ്രസിഡന്റ് ആൻസി തലച്ചെല്ലൂർ അതിഥികൾക്കും മാന്യ സദസിലെ എല്ലാംവർക്കും ഹാർദ്ദവമായ സ്വാഗതം അർപ്പിച്ചു.

മുഖ്യ അതിഥി സണ്ണി വെയിൽ മേയർ സജി ജോർജ്, ഡബ്ല്യു. എം. സി. ഗ്ലോബൽ ചെയർമാൻ ശ്രി. ഗോപാലപിള്ള, ഡബ്ല്യു. എം. സി. അമേരിക്ക റീജിയൺ പ്രസിഡന്റ് ശ്രി. ജോൺസൺ തലച്ചെല്ലൂർ വൈസ് ചെയർ പേർസൺ ശാന്ത പിള്ള, നോർത്ത് ടെക്സാസ് പ്രൊവിൻസ് ചെയർമാൻ സുകു വർഗീസ്, പ്രസിഡന്റ് ആൻസി തലച്ചെല്ലൂർ, സെക്രട്ടറി സ്മിതാ ജോസഫ്, ട്രഷറർ സിറിൽ ചെറിയാൻ എന്നീവർ ഭദ്ര ദീപം കൊളുത്തി പരിപാടിക്ക് തുടക്കം കുറിച്ചു.

ചീഫ് ഗസ്റ്റ് മേയർ സജി ജോർജ് എല്ലാംവർക്കും ഓണ സന്ദേശം നൽകി. ഗ്ലോബൽ ചെയർമാൻ ഗോപാലപിള്ള ആശംസാ പ്രസംഗത്തിൽ 2024 ആഗസ്റ്റ് 2,3,4 തീയതികളിൽ തിരുവനന്തപുരത്തു വച്ചു നടന്ന ഗ്ലോബൽ കോൺഫ്രൻസിൽ വേൾഡ് മലയാളി കൗൺസിൽ വയനാട്ടിൽ 14 വീട് നിർമ്മിച്ച് കൊടുക്കുവാൻ എടുത്ത തീരുമാനങ്ങൾ അറിയിച്ചു. അമേരിക്കാ റീജിയൺ പ്രസിഡന്റ് ജോൺസൺ തലച്ചെല്ലൂർ ആശംസകൾ അർപ്പിച്ചു. അതൊടൊപ്പം 2026 ൽ അമേരിക്കയിൽ വച്ച് നടത്താൻ പോകുന്ന ഡബ്ല്യൂ. എം. സി. ഗ്ലോബൽ കോൺഫ്രൻസിലേക്ക് എല്ലാ മെമ്പേഴ്സിനെ ക്ഷണിക്കുകയും എല്ലാവരുടേയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു.



ശ്രുതി മധുരമായ ഗാനങ്ങൾ, ഫ്യൂഷൻ ബോളിവുഡ് ഡാൻസ്, സെമിക്ലാസിക്കൽ ഡാൻസ്, ഫ്യൂഷൻ തിരുവാതിര, സംഘഗാനം, എന്നീ വിവിധ കലാപരിപാടികൾ, അരങ്ങേറുകയുണ്ടായി. ശീതൾ സെബിൻ കൊറിയോ ഗ്രാഫ് ചെയ്ത നർത്തഗി സ്ക്കൂൾ ഓഫ് ഡാൻസിലെ വിവിധ പ്രായക്കാരായ കുട്ടികൾ അവതരിപ്പിച്ച ദൃശ്യ സുന്ദരമായ മൂന്ന് ഗ്രൂപ്പ് ഡാൻസും പ്രത്യേകിച്ച് ചന്ദ്രമുഖി മൂവിയിലെ ‘ സ്വാഗതാഞ്ജലി‘ കാണികളുടെ പ്രശംസ പിടിച്ചു പററി. എല്ലാ പ്രോഗ്രാമും ഒന്നിനൊന്ന് മികവുററതായിരുന്നു. അമ്പിളി ടോം ടീമും ബോളിവുഡ് ഫ്യൂഷൻ ഡാൻസ് അവതരിപ്പിച്ചു. വൈശാഖ് നായർ

പാടിയ സെമി ക്ലാസിക്കൽ സോംങ്ങ്, എമ്മാ റോബിന്റേയും സ്മിതാഷാൻ മാത്യുവിന്റെയും ശ്രുതി മധുരമായ മലയാള ഗാനങ്ങൾ കാണികളുടെ കൈയ്യടി നേടി. സിനിമാ നടിയും സീരിയൽ ആർട്ടിസ്ററുമായ രാജലക്ഷ്മിയുടെ സെമി ക്ളാസിക്കൽ നൃത്തം ഈ ഓണാഘോഷത്തിന് മാററു കൂട്ടി. വേൾഡ് മലയാളി കൗൺസിൽ മെമ്പേഴ്സ് അവതരിപ്പിച്ച 'അത്ത പ്പൂവേ ചിത്തിരപ്പൂവേ' എന്ന ഓണപ്പാട്ട് സദസിന് ആസ്വാദ്യകരമായ ഒന്നായിരുന്നു. സോനാ ഇത്താക്കന്റെയും സരയുവിന്റേയും ബോളിവുഡ് ഡാൻസ് പ്രേക്ഷകർക്ക് ഒരു വേറിട്ട അനുഭവമായിരുന്നു.




താലപ്പൊലിയും ചെണ്ടമേളത്തിന്റേയും അകമ്പടിയോടെ മഹാബലിയെ വേദിയിലേക്ക് സ്വാഗതം ചെയ്തു. അതിനോട് അനുബന്ധിച്ച് റാണി ബിജുവും സംഘവും അവതരിപ്പിച്ച ഫ്യൂഷൻ തിരുവാതിര കാണികളെ ആനന്ദ പുളകിതരാക്കി. നോർത്ത് ടെക്സാസ് പ്രൊവിൻസ് വൈസ് പ്രസിഡന്റ് ജോസഫ് മാത്യു (സിജോ) വിന്റെ നന്ദി പ്രകാശനത്തിനു ശേഷം വിഭവ സമൃദ്ധമായ ഓണസദ്യ വിളമ്പി. അരുൺ കുമാർ മഹാബലിയുടെ വേഷമിട്ടു. സ്മിതാ ജോസഫ്, ആൻസി എന്നിവർ ആയിരുന്നു ഈ പരിപാടിയുടെ എം.സി യുടെ ചുമതല വഹിച്ചത് 2024 ലെ വേൾഡ് മലയാളി കൗൺസിൽ നോർത്ത് ടെക്സാസ് പ്രോവിൻസിന്റെ ഓണാഘോഷത്തിന് തിരശ്ശീല വീണു.

വാർത്ത: ലാലി ജോസഫ്







LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
MediaAppUSA
One App for All Media Outlets
amazon fireTV
Amazon fireTV
ROKU
ROKU TV
tv
Apple TV
Google TV
GoogleTV
Samsung
SMART TV
Samsung TV
LG
Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
Download
'MediaAppUSA'

# ഗ്രാന്റ് പേരന്റ്സുമായി കുഞ്ഞുങ്ങൾക്കുള്ള അടുപ്പം മൂല്യ പ്പകർച്ചയുടെ മർമ്മം: ഓർമാ ഇന്റർ നാഷണൽ സമ്മേളനത്തിൽ ഫാ. എം കെ കുര്യാക്കോസ്സും ഡോ. ജോർജ് ദാനവേലിലും




**പി ഡി ജോർജ് നടവയൽ**

ഫിലഡൽഫിയ: ഗ്രാന്റ് പേരന്റ്സുമായി, കുഞ്ഞുങ്ങൾക്കുള്ള അടുപ്പമാണ്, മൂല്യങ്ങൾ, തലമുറകളിലൂടെ കൈമാറുന്നതിനുള്ള മർമ്മമാർഗമെന്ന്, ഓർമാ ഇന്റർനാഷണലിന്റെ ഗ്രാന്റ് പേരന്റ്സ് ഡേ ആഘോഷ സമ്മേളനത്തിൽ, ഫാ. എം കെ കുര്യാക്കോസ് (ഗുരു ശ്രേഷ്ഠാ അവാർഡ് ജേതാവ്), ചാൻസിലർ ഡോ. ജോർജ് ദാനവേലിൽ എന്നിവർ പ്രസ്താവിച്ചു. അനവധി സാമൂഹ്യ ആത്മീയ കർമ്മാനുഷ്ഠാന കൂട്ടായ്മകളിലും ഫ്യൂണറലുകളിലും പങ്കെടുത്തപ്പോൾ മനസ്സിലായത്, കുഞ്ഞു മക്കൾക്ക്, അവരുടെ ഗ്രാന്റ് പേരന്റ്സിനോടുള്ള അടുപ്പത്തിന്റെ വ്യാപ്തിയും ആഴവുമാണ്: ഫാ. എം കെ കുര്യാക്കോസ് വ്യക്തമാക്കി.

ഏഷ്യൻ അമേരിക്കൻ കുടുംബങ്ങളെ കുറിച്ച്, അമേരിക്കയിലെ സാമൂഹ്യ ശാസ്ത്ര ഗവേഷകർ നടത്തിയ പഠനത്തിൽ കണ്ടെത്തിയത്, ഏഷ്യൻ അമേരിക്കൻ കുടുംബങ്ങളിലെ ആദ്യ കാല കുടിയേറ്റ തലമുറകൾക്ക്, ഗ്രാന്റ് പേരന്റിന്റെ ലാളനവും പരിപാലനവും നഷ്ടപ്പെട്ടു, അതിന്റെ ശൂന്യത ആ തലമുറയെ ബുദ്ധിമുട്ടിച്ചു: റവ. ഡോ. ജോർജ് ദാനവേലിൽ ചൂണ്ടിക്കാണിച്ചു.

ഓവർസീസ് റസിഡന്റ് മലയാളീസ് അസ്സോസിയേഷൻ ഇന്റർനാഷണലിന്റെ ഫിലഡൽഫിയാ ചാപ്റ്റർ പ്രസിഡന്റ് ഷൈലാ രാജൻ അദ്ധ്യക്ഷയായി. 2009ൽ ഫിലഡൽഫിയയിലാണ് ഓർമാ ഇന്റർനാഷനൽ ആരംഭം കുറിച്ചത്. വിവിധ രാജ്യങ്ങളിൽ ഓർമാ ഇന്റർനാഷണലിന്റെ റീജിയണുകളും ചാപ്റ്ററുകളും യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്: ഷൈലാ രാജൻ പറഞ്ഞു. റേച്ചൽ ഉമ്മൻ അമേരിക്കൻ ദേശീയ ഗാനം ആലപിക്കുന്നതിനും, ടീനാ & ടാനിയാ ടീം ഭാരത ദേശീയ ഗാനാലാപനത്തിനും നേതൃത്വം നൽകി.

സംസാരിച്ചു തുടങ്ങുവാൻ വൈകുന്ന ശിശുക്കൾക്ക് ഗ്രാന്റ് പേരന്റ്സിന്റെ പരിപാലനം (care) ലഭിച്ചപ്പോൾ, സംസാരിക്കുവാനും ഭാഷ പറയുവാനുമുള്ള ശേഷി, തടസം കൂടാതെ കിട്ടുന്ന അനുഭവങ്ങൾ ഉണ്ടെന്ന്, നേഴ്സ് ലീഡർ സാറാ ഐപ് (പിയാനോ പ്രസിഡന്റ്) പറഞ്ഞു.

കഥ പറയുവാനുള്ള ഗ്രാന്റ് പേരന്റ്സിന്റെ വൈഭവം, കുഞ്ഞു മനസ്സുകൾക്ക് അറിവ്



(wisdom) പകർന്നു നൽകുന്നതിൽ മുഖ്യ പങ്കു വഹിക്കുന്നു എന്ന് അഭിലാഷ് ജോൺ( ട്രൈസ്റ്റേറ്റ് കേരളാ ഫോറം ചെയർ) ചൂണ്ടിക്കാണിച്ചു.

ഓർമ്മാ ഇന്റർനാഷണൽ രാജ്യാന്തര തലത്തിൽ ലോകത്തെല്ലായിടത്തുമുള്ള മലയാളിക്കുട്ടികളെയും യുവാക്കളെയും ഒരുമിപ്പിച്ചു കൊണ്ട് കഴിഞ്ഞ മൂന്നു വർഷങ്ങളായി തുടരുന്ന ' ഓർമാ ഇന്റർ കോണ്ടിനന്റ് സ്പീച് കോമ്പറ്റീഷൻ', ഗ്രാന്റ് പേരന്റ്സിന്റെ മൂല്യ കൈമാറ്ററീതി പോലെ അനുഭവപ്പെടുന്നതായി, മാദ്ധ്യമ ലോകത്തുള്ളവരുമായുള്ള ആശയ വിനിമയ വേളകളിലൂടെയും വിലയിരുത്തലുകളിലൂടെയും മനസ്സിലാക്കാൻ കഴിഞ്ഞു എന്ന്, മുതിർന്ന മാദ്ധ്യമ പ്രവർത്തകൻ വിൻസന്റ് ഇമ്മാനുവേൽ (ഓർമ്മാ ഇന്റർനാഷണൽ പബ്ളിക് അഫ്ഫയേഴ്സ് ചെയർ) പ്രസ്താവിച്ചു.

ഓർമാ ഇന്റർനാഷണൽ കാലത്തിന്റെ ചുമരെഴുത്തു വായിച്ച്, മലയാളികളുടെ രാജ്യാന്തര സംഘടനയായി വളരുന്നു എന്ന് ഫീലിപ്പോസ് ചെറിയാൻ ( മുൻ കോളജ് അദ്ധ്യാപകൻ, പമ്പാ മുൻ പ്രസിഡന്റ്) പറഞ്ഞു.

സെന്റ് തോമസ്സ് സീറോ മലബാർ ഓഡിറ്റോറിയത്തിൽ ഗ്രാന്റ് പേരന്റ്സ് ഡേ സെലിബ്രേഷനും ഓർമാ ഇന്റർനാഷണൽ ഫിലഡൽഫിയാ ചാപ്റ്റർ നവ ഭരണ സമിതിയുടെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ഭദ്രദീപം തെളിച്ച് നിർവഹിക്കുകയായിരുന്നു വിശിഷ്ട വ്യക്തികൾ.

മനുഷ്യ സ്നേഹ നിർഭരമായ, കേരളാ കുടുംബമൂല്യങ്ങൾക്ക് പ്രാധാന്യം നൽകി, പുതു തലമുറയെ, മലയാള സാഹോദര്യത്തിന്റെയും, ലോക സേവന ഔത്സുക്യങ്ങളുടെയും, സംഘചേതനയിൽ പരിശീലിപ്പിക്കുക






എന്ന ദൗത്യത്തിലാണ്, ഓർമാ ഇന്റർനാഷനൽ പ്രവർത്തിക്കുന്നത് എന്ന് ഓർമാ ഇന്റർനാഷണൽ ട്രസ്റ്റീ ബോർഡ് ചെയർമാൻ ജോസ് ആറ്റുപുറം ചൂണ്ടിക്കാണിച്ചു.

'ലോകമേ തറവാട്'' എന്ന കാഴ്ച്ചപ്പാടോടെ ലോക വ്യാപകമായി വളരാൻ കുതിക്കുന്ന ആധുനിക മലയാളി സംഘടനയാണ് ഓർമാ ഇന്റർനാഷണൽ എന്നതിനാൽ, ഓർമാ ഇന്റർനാഷണലിനാണ്, ആധുനിക അഖില ലോക മലയാളി വ്യാപന പ്രതിഭാസത്തിനനുസൃതമായി, ലയൺസ് ഇന്റർനാഷനൽ, ജേസീസ് ഇന്റർനാഷണൽ എന്നീ പ്രസ്ഥാനങ്ങൾ അമേരിക്കയിൽ ആരംഭിച്ച് ലോകമെമ്പാടും പ്രസക്തമായതു പോലെ, വിശ്വജനീന മലയാളികളുടെ ആധുനിക രാജ്യാന്തര സംഘടന എന്ന ദീർഘകാല ലക്ഷ്യ സാക്ഷാത്ക്കാരം കാഴ്ച്ചവയ്ക്കാനാവുക എന്ന് ജോർജ് നടവയൽ (ഓർമാ ഇന്റർ നാഷ്ണൽ പ്രസിഡന്റ്) നിരീക്ഷിച്ചു.

പ്രഗത്ഭരായ മലയാളി യുവാക്കളുടെ മികവുകളെ സ്വരുക്കൂട്ടി സാഹോദര്യത്തിന്റെ ആഗോള മലയാളയുഗം കൈവരിയ്ക്കുന്നതിന്റെ തുടക്കമെന്ന നിലയിൽ ആരംഭിച്ച, ഓർമാ ഇന്റർനാഷണൽ സ്പീച്ച് കോമ്പറ്റീഷൻ മുഖ്യ അജണ്ടയായി മാറിയിരിക്കുന്നു എന്ന് ഓർമാ ഇന്റർനാഷണൽ ടാലന്റ് പ്രൊമോഷൻ ഫോറം ചെയറും, മോട്ടിവേഷണൽ എഡ്യൂക്കേറ്ററും അമേരിക്കയിൽ അദ്ധ്യാപകനുമായ ജോസ് തോമസ് പ്രസ്താവിച്ചു.

ഓർമാ ഇന്റർനാഷണൽ ഫിലിഡൽഫിയ ചാപ്റ്ററിന്റെ നവ ഭാരവാഹികളുടെ പ്രവർത്തനങ്ങൾക്ക് ഓർമാ ഇന്റർനാഷണൽ ട്രഷറാർ റോഷിൻ പ്ളാമൂട്ടിൽ, ഫിനാൻഷ്യൽ ഒഫീസർ സജി സെബാസ്റ്റ്യൻ, വേൾഡ് മലയാളി കൗൺസിൽ പെൻസിൽവേനിയ ചാപ്റ്റർ പ്രസിഡന്റ് നൈനാൻ മത്തായി, എന്നിവർ ആശംസകൾ നേർന്ന് പ്രസംഗിച്ചു.

ലീതൂ ജിതിൻ (ഫിലഡൽഫിയാ ചാപ്റ്റർ ജനറൽ സെക്രട്ടറി സ്വാഗതവും, മറിയാമ്മ ജോർജ് (ട്രഷറാർ) നന്ദിയും പറഞ്ഞു.

ജിത് ജേ (ഓർമാ ഇന്റർനാഷണൽ ഫിലഡൽഫിയാ ചാപ്റ്റർ വൈസ് പ്രസിഡന്റ്), സെബിൻ സ്റ്റീഫൻ (ജോയിന്റ് സെക്രട്ടറി) സിനോജ് അഗസ്റ്റിൻ വട്ടക്കാട്ട് (ജോയിന്റ് ട്രഷറാർ), ജെറിൻ ജെയിംസ് കണിയാരകത്ത് (യൂത്ത് കോഡിനേറ്റർ) എന്നിവർ പ്രോഗ്രാം നടപടികൾ ഏകോപിപ്പിച്ചു.

ഓർമാ ഇന്റർനാഷണൽ ഫിലഡൽഫിയാ ചാപ്റ്റർ ഓഗസ്റ്റ് 11 ന് ഇന്ത്യൻ സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ചു നടത്തിയ ഗ്രാന്റ് പാചക മത്സരത്തിലെയും, കുട്ടികളുടെ ചിത്രരചനാ മത്സരത്തിലെയും വിജയികൾക്ക്, ട്രോഫികളും, പതക്കങ്ങളും പ്രശംസാ പത്രങ്ങളും ഓർമാ ഇന്റർനാഷണൽ ഗ്രാന്റ് പേരന്റ്സ് ഡേ ആഘോഷ വേദിയിൽ സമ്മാനിച്ചു. ചീഫ് ഡെപ്യൂട്ടി ഡിസ്ട്രിക്ട് അറ്റേണി ജോവിൻ ജോസ് , അഷിതാ ശ്രീജിത്, ജോ തോമസ് , റൂബി തോമസ്, എന്നീ വിശിഷ്ട ക്ഷണിതാക്കളാണ് സമ്മാനദാനം നിർവഹിച്ചത്. വിവിധ കലാ പരിപാടികളും വറൈറ്റി ഡിന്നറും ആഘോഷങ്ങൾക്ക് ഊർജ്ജം പകർന്നു.

ഗ്രാന്റ് പേരന്റ്സ് പ്രതിനിധിയും മുൻ ഓർമാ ഫിലഡൽഫിയാ ചാപ്റ്റർ പ്രസിഡന്റുമായ ഫ്രാൻസീസ് പടയാറ്റി, മുതിർന്ന മാധ്യമ പ്രവർത്തകനും കിടയറ്റ സാമൂഹ്യ പ്രവർത്തകനുമായ വിൻസന്റ് ഇമ്മാനുവേൽ എന്നിവർക്ക്, ഫാ. എം കെ. കുര്യാക്കോസും, റവ. ഡോ. ജോർജ് ദാന വേലിയും ആദരപ്പൊന്നാട ചാർത്തി.

കലാ പരിപാടികൾക്ക് സുമോദ് ജേക്കബ് എം സി ആയി. പ്രശസ്ത ആർടിസ്റ്റ് ബേബി തടവനാലിന്റെ 'മാതാ നൃത്ത വിദ്യാലയത്തിലെ ' വിവിധ കലാകാരികളുടെ തിരുവാതിരയും, വിവിധ അമേചർ കലാവേദികളിലെ നർത്തകരും ഗായകരും കാഴ്ച്ച വച്ച കലായിനങ്ങ ളും, ഗ്രാന്റ് പേരന്റ്സ് ഡേ സെലിബ്രേഷന് അഴകു പകർന്നു; വിഭവ സമൃദ്ധമായ ഡിന്നർ രുചിയേറ്റി.

ട്രിനിറ്റി കെയർ, കാർനെറ്റ് ബുക്സ് ആന്റ് പബ്ളിഷിങ്ങ്, കോട്ട് ലോ, എസ് ആർ കോറൽ ഡിസൈനിങ്ങ്, അച്ചായൻസ് ഫിലിം ഹൗസ്, മല്ലൂ കഫേ, ബ്രദേഴ്സ് ഓട്ടോ കെയർ, കെ. സി ഇൻഷ്വർ, ജോണീസ് ഓട്ടോ ബോഡി, ലോൺ ഫാക്ടറി, കുട്ടനാട് ഹൈപ്പർ മാർക്കറ്റ്, വി വൈ എസ് എച്ച് റൈഡ് ഷെയർ, എസ് ആന്റ് എസ് കൺസൽട്ടൻസി, ഏറോപാക്സ് ട്രാവൽസ് ഇങ്ക്, ലെനോ സ്കറിയാസ് ഹോം ഫിനാൻസിങ് സർവീസ്, സുമോദ് ജേക്കബ് വീഡിയോ ആന്റ് ഫോട്ടോഗ്രഫി, ഡാൻ തോമസ് കുട്ടിക്കണ്ടത്തിൽ സീനിയർ ലോൺ ഓഫീസ്, റോയൽ സ്പൈസസ് എന്നീ മലയാളി സ്ഥാപനങ്ങളാണ് ഓർമാ ഇന്റർനാഷണൽ ഫിലഡൽഫിയാ ചാപ്റ്റർ ആഘോഷങ്ങൾ സ്പോൺസർ ചെയ്തത്.


# ന്യൂറോസർജൻ ഡോ. മാധവൻ പിഷാരടിയുടെ പുസ്തകം പ്രസിദ്ധീകരിച്ചു

ഷിക്കാഗോ: പ്രശസ്ത ന്യൂറോ സർജനും ഗവേഷകനും സംരംഭകനുമായ ഡോ.മാധവൻ പിഷാരടിയുടെ 'കൊറോണ ബി നോട്ട് പ്രൗഡ്'എന്ന പുസ്തകം പ്രസിദ്ധീകൃതമായി. ആമസോൺ ആണ് പ്രസാധകർ. വൈദ്യശാസ്ത്ര ഗവേഷകനായ ഡോ.പിഷാരടി, 1989 ൽ ടെക്സസിലെ ബ്രൗൺസ് വില്ലെയിൽ സ്ഥിരതാമസമാക്കിയതുമുതൽ മലയാളികളുടെ കൂട്ടായ്മയായ റിയോ ഗ്രാൻഡെ വാലി കമ്മ്യൂണിറ്റിയുടെ ഒരു പ്രധാന ഭാഗമാണ്. നട്ടെല്ല്, ന്യൂറോളജിക്കൽ ഇംപ്ലാന്റുകൾ, പുനരുപയോഗ ഊർജ്ജം, വായുശുദ്ധീകരണ സംവിധാനങ്ങൾ എന്നിങ്ങനെ മനുഷ്യർക്ക് ഉപകാരപ്രദമായ നൂറിലധികം പേറ്റന്റുകൾ അഞ്ച് പതിറ്റാണ്ടുകളുടെ വൈദ്യശാസ്ത്ര സപര്യയ്ക്കിടയിൽ സ്വന്തമാക്കിയ അദ്ദേഹം അമേരിക്കൻ മലയാളികളുടെ അഭിമാനമാണ്. അമേരിക്കയിലെ മലയാളികളിലും ഇന്ത്യക്കാരിലും ആഴമേറിയ സ്വാധീനം നേടിയെടുക്കാൻ അനിതര സാധാരണമായ വ്യക്തിത്വംകൊണ്ട് ഡോ. പിഷാരടിക്ക് സാധിച്ചിട്ടുണ്ട്.

2019 ൽ കോവിഡ് മഹാമാരിയുടെ പ്രാരംഭഘട്ടം മുതലുള്ള നാലുവർഷക്കാലത്തെ ജീവിതയാത്രയാണ് 'കൊറോണ ബി നോട്ട് പ്രൗഡ്'എന്ന പുസ്തകത്തിലൂടെ അദ്ദേഹം അടയാളപ്പെടുത്തിയിരിക്കുന്നത്. പകർച്ചവ്യാധിയുടെ ഉറവിടം വേഗത്തിൽ തിരിച്ചറിയുന്നതിനും ഭാവിയിൽ അവയെ തടയുന്നതിനുമുള്ള ഒരു ഉപകരണം വികസിപ്പിക്കാൻ ഡോ.പിഷാരടി തുടക്കം കുറിക്കുകയും ചെയ്തു. വൈറസ് എങ്ങനെയാണ് വ്യാപിക്കുന്നതെന്നും അത്തരത്തിലുള്ള പകർച്ചവ്യാധികൾ ഒഴിവാക്കുന്നതിന് ഇത്തരം നടപടികളാണ് സ്വീകരിക്കേണ്ടതെന്നും ഈ പുസ്തകം വിശദീകരിക്കുന്നു.

വ്യവസ്ഥാപിതമായ പിഴവുകളും അബദ്ധധാരണകളുമാണ് പലപ്പോഴും പ്രതിസന്ധി വർദ്ധിപ്പിക്കുന്നതെന്നാണ് അദ്ദേഹത്തിന്റെ ഭാഷ്യം. വവ്വാലുകൾ, വായു അണുബാധകൾ, വാക്സിനുകൾ, ഓപ്പറേഷൻ വാർപ്പ് സ്പീഡ് എന്നിങ്ങനെ നിരവധി കൗതുകകരമായ വിഷയങ്ങൾ വായനക്കാരെപ്പിടിച്ചിരുത്തുന്ന ഹൃദ്യവും ലളിതവുമായ ഭാഷയിൽ അവതരിപ്പിക്കുന്നതിൽ എഴുത്തുകാരൻ വിജയിച്ചിട്ടുണ്ട്.

എഴുപതുകളുടെ തുടക്കത്തിൽ കോഴിക്കോട്,തിരുവനന്തപുരം മെഡിക്കൽ കോളജുകളിൽ അദ്ധ്യാപകവൃത്തിയിൽ ഏർപ്പെടുകയും ഇംഗ്ലണ്ടിൽ രണ്ട് വർഷം പ്രവർത്തിക്കുകയും ചെയ്തശേഷം 1980 ലാണ് ഡോ.പിഷാരടി അമേരിക്കയിൽ എത്തിയത്.നിലവിൽ ന്യൂറോസർജറി അസിസ്റ്റന്റ് പ്രൊഫസറായി(യൂണിവേഴ്സിറ്റി ഓഫ് ടെക്സസ്,സാൻ അന്റോണിയോ)സേവനമനുഷ്ഠിക്കുന്നു.




*"Unlike these existing units, the ones described here are designed to provide total disinfection for complete protection of the entire enclosure. These plans and techniques, when executed, will prevent the pathogen from ever entering the human body."* (Chapter 11)

*"We must avoid falling into the trap of deliberately creating uncertainty and then blaming the uncertainty for indecision." (Chapter 9)*

*"My reasoning brought me to the possibilities for the air conditioners working as an incubator, bringing the people and the virus together for prolonged co-existence, resulting in the AC promoting the pandemic in the role of a vector equivalent." (Chapter 10)*


*"The first thing that comes to mind is the "puddled" air or the air bubble. Air conditioners by design sequestrate the vehicle or the building from the outside ambient air."( Chapter 10)*


*"These virions, which are about 0.1 µm in diameter—approximately ¼ the size of wild smoke particles have no earthly reason to settle once they are kicked up into the air. This phenomenon can be referred to as"virus smoke.""(Chapter 9)*

*"In my concept, these are funnels expanding within other funnels, as part of an infinite universe, all growing and dying on a regular basis." (Chapter 19)*

*"People walking around in such facilities and breathing in the air loaded with the neutered virus can get immunized passively through the aerosol-based contactless process."(Chapter 14)*

*"The true greatness of President Trump will be evident when we evaluate what he did for the country in spite of what the country did to him." (Chapter 13)*




HEDGE
BROKERAGE INC.
Life Insurance
with Long
Term Care
Disability Income
Business
Overhead Expense
Disability
Insurance
10 Pay
Life Insurance
Estate Planning
Advantage Index
Universal Life
S&P 500
Life Income
Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com


# നനൈമോ മലയാളി അസോസിയേഷന്റെ ഓണാഘോഷം ഗംഭീരമായി

ഷിബു കിഴക്കേകുറ്റ്, കാനഡ

നനൈമോ: നനൈമോ മലയാളി അസോസിയേഷന്റെ (നന്മ) നേതൃത്വത്തിൽ ഓണം വാൻകൂവർ ഐലൻഡിൽ ആഘോഷിച്ചു. സെപ്റ്റംബർ 15 ഞായറാഴ്ച രാവിലെ 11ന് മാവേലിക്കഥയിലേക്ക് ഒരെത്തിനോട്ടം എന്ന കൗതുകകരവും വിജ്ഞാനപ്രദവുമായ കഥാവിഷ്കാരത്തോടു കൂടിയാണ് ചടങ്ങുകൾ തുടങ്ങിയത്. തുടർന്ന് വാൻകൂവർ റോക്ക് ടെയിലിന്റെ ശിങ്കാരിമേളത്തിന്റെ അകമ്പടിയോടെ തിരുവാതിര നർത്തകർ മാവേലിയെ വേദിയിലേക്ക് ആനയിച്ചു. നിലവിളക്ക് കൊളുത്തിയതിനു ശേഷം തിരുവാതിര കളിയോടെ ആഘോഷ പരിപാടികൾ ആരംഭിച്ചു. കുട്ടികളും മുതിർന്നവരും അവതരിപ്പിച്ച കലാപരിപാടികൾ പ്രേക്ഷക മനം കവർന്നു. അതോടൊപ്പം നടത്തിയ കായിക പരിപാടികളായ സ്പൂൺ റേസ് , കസേരകളി, വടംവലി എന്നിവയ്ക്ക് ആവേശപൂർവ്വമായ സ്വീകരണമാണ് കാണികളിൽ നിന്നും ലഭിച്ചത്. സോക്കർ, ബാഡ്മിൻറൺ, ടെന്നീസ്, ക്രിക്കറ്റ് മത്സരങ്ങൾ മുൻകൂറായി നടത്തി അതിൻറെ വിജയികൾക്ക് സമ്മാനങ്ങൾ ഓണവേദിയിൽ വിതരണം ചെയ്തു. ഓണവേദിയേയും, കാണികളേയും, ഇളക്കിമറിച്ചു കൊണ്ടുള്ള വാൻകൂവർ റോക്ക് ടെയിലിന്റെ ഫ്യൂഷൻ വിത്ത് ശിങ്കാരിമേളത്തോടെയാണ് ഓണാഘോഷത്തിന് പരിസമാപ്തിയായത്. അരുൺ, കലേഷ്, ജിയോ, അമല, നിമിൽ, ബിൻസി, ബിന്ദ്യ, ജോസഫ്, ദീപക് പൈക്കട, വിപിൻ, ജിൽസ്, ജെയിൻ ഷാ, അക്ഷര, പ്രതീഷ് തോമസ്, പ്രതീഷ്, പ്രദീപ്, ബേസിൽ, ഗണേഷ് തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു ആഘോഷ പരിപാടികൾ നടത്തിയത്. വിവിധ തരം മലയാളി വിഭവങ്ങളോടു കൂടിയ ഓണസദ്യ ഈ ഓണാഘോഷത്തിന് പൊലിപ്പേകി. മധ്യവാൻകൂവർ ഐലൻഡിൽ ആദ്യമായാണ് ഇത്ര വിപുലമായ രീതിയിൽ ഓണം ആഘോഷിക്കുന്നത്. 400 മലയാളികൾ പങ്കെടുത്തു. കേരളത്തോട് വളരെയേറെ രൂപ സാദൃശ്യമുള്ള മനോഹരമായ പ്രദേശമാണിത്. എങ്കിലും കാനഡയിലെ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് മലയാളി ജനസംഖ്യ കുറവാണ്. കാനഡയിലെ രണ്ടാമത്തെ വലിയ നഗരമായ വാൻകൂവറിൽ നിന്ന് ഏകദേശം ഒന്നര മണിക്കൂർ ദൈർഘ്യമുള്ള ഫെറി കടന്നു വേണം തെക്കേ അറ്റത്തായി പസഫിക് സമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന ഈ ഐലൻഡിൽ എത്തിച്ചേരുവാൻ, വിമാനത്തിലും വരാം. ബ്രിട്ടീഷ് കൊളംബിയ പ്രൊവിൻസിന്റെ തലസ്ഥാനമായ വിക്ടോറിയ ഈ ഐലൻഡിലാണ്.

മഹാബലി ചക്രവർത്തി തൻറെ പ്രജകളെ സന്ദർശിക്കുന്ന സവിശേഷസന്ദർഭത്തിൻറെ പ്രതീകമാണല്ലോ ഓണം. തിരുവോണനാളിൽ തങ്ങളുടെ മഹാരാജാവിനെ വരവേൽക്കുന്ന മലയാളികൾക്കു മുഴുവനും പത്തു ദിവസം നീണ്ടുനിൽക്കുന്ന ഈ ഉത്സവം ആഹ്ളാദഭരിതമായ കാലമാണ്.

വിളവെടുപ്പിൻറെ ഒരുത്സവമായും ഓണം അറിയപ്പെടുന്നുണ്ട്. വീട്ടുമുറ്റങ്ങളിൽ വർണ്ണാഭമായ വിവിധതരം പുഷ്പങ്ങൾ നിരത്തിയൊരുക്കുന്ന മനോഹരമായ പൂക്കളങ്ങൾ സമ്പൽസമൃദ്ധിയുടെയും ഐശ്വര്യത്തിൻറെയും ബോധമുണർത്തുന്നു – അതിനെയാണ് ഓണം പ്രതിനിധീകരിക്കുന്നത്. പുതുപുത്തൻ പട്ടുടവകളും സ്വർണ്ണാഭരണങ്ങളുമണിഞ്ഞൊരുങ്ങി ആഘോഷത്തിനു മാറ്റുകൂട്ടുന്ന സ്ത്രീജനങ്ങളെക്കുറിച്ച് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഓണാഘോഷത്തിൻറെ ഓരോ ഭാഗവും കഴിഞ്ഞുപോയ



ആ പൂർവ്വകാലമഹിമയെക്കുറിച്ചുള്ള ഒരു സുഖസ്മരണയാണ്. വിഭവസമൃദ്ധമായ സദ്യയ്ക്കു പിന്നാലെ കൈകൊട്ടിക്കളിയും തുമ്പിതുള്ളലും കുമ്മാട്ടിക്കളി, പുലികളി തുടങ്ങിയ നാടൻ പ്രകടനങ്ങളുമെല്ലാം അരങ്ങേറുന്നു.

മഹാനായ അസുരസാമ്രാട്ടായിരുന്ന മഹാബലി പാതാളലോകത്തിൽനിന്ന് തൻറെ രാജ്യത്തിലേക്കു തിരിച്ചുവരുന്നതിൻറെ സ്മരണയ്ക്കായി ആഘോഷിക്കപ്പെടുന്നതാണ് ഓണം. പ്രഹളാദന്റെ പൗത്രനായ മഹാബലി ജ്ഞാനത്തെ ആദരിച്ചിരുന്ന അതിശക്തനും പണ്ഡിതനുമായ മഹാരാജാവായിരുന്നു. ഒരിക്കൽ മഹാബലി ഒരു യജ്ഞം ആചരിച്ചുകൊണ്ടിരിക്കെ, ഹ്രസ്വകായനും തേജസ്വിയുമായൊരു ബാലൻ യജ്ഞശാലയിൽ പ്രവേശിച്ചു. ആചാരപ്രകാരം മഹാബലി ഈ തേജസ്വിയായ ചെറുപ്പക്കാരനെ സ്വാഗതം ചെയ്ത് അവനെന്താണു വേണ്ടതെന്നു ചോദിച്ചു. തൻറെ കാൽച്ചുവടുകൊണ്ട് അളക്കാവുന്ന മൂന്നടി സ്ഥലം തരണമെന്നാണ് ആ ബാലൻ അപേക്ഷിച്ചത്.

ഈ അതിഥി സാക്ഷാൽ മഹാവിഷ്ണുവല്ലാതെ മറ്റാരുമല്ലെന്ന് തൻറെ ഗുരുവായ ശുക്രാചാര്യർ അപായസൂചന നൽകിയിട്ടുപോലും ഗുരുവിനെ നിരാശപ്പെടുത്തിക്കൊണ്ട് മഹാബലി ഉടൻതന്നെ ബാലൻറെ അപേക്ഷ സ്വീകരിച്ചു.

ഓണത്തിൻറെ കഥ

ഐതിഹ്യപ്രകാരം, മൂന്നടി സ്ഥലം വാഗ്ദാനം ചെയ്യപ്പെട്ട ഉടൻ വാമനൻ എന്നു പേരായ ആ കൊച്ചുബാലൻ ത്രിവിക്രമൻ എന്നറിയപ്പെടുന്ന ഭീമാകാരമായ രൂപമെടുത്തുകൊണ്ട് തൻറെ ആദ്യചുവടിൽ ഭൂമിയെ മുഴുവനായും അളന്നു. അതിനുശേഷം രണ്ടാം ചുവടിൽ ആകാശത്തെയും മുഴുവനായി അളന്നു. ഈ രണ്ടു ചുവടുകൊണ്ടുതന്നെ മഹാബലിയുടെ സാമ്രാജ്യം മുഴുവനായും - ഭൂമിയും ആകാശവും - അളക്കപ്പെട്ടുകഴിഞ്ഞു. മൂന്നാം ചുവട് എവിടെയാണു വെക്കേണ്ടതെന്ന് വാമനൻ മഹാബലിയോടു ചോദിച്ചു.

വിഷ്ണുഭക്തരിൽവെച്ചേറ്റവും ശ്രേഷ്ഠനായ പ്രഹ്ലാദൻറെ പൗത്രനായ മഹാബലി ചക്രവർത്തി, മൂന്നാം ചുവടു വെക്കുവാനായി തികഞ്ഞ ഭക്തിയോടെയും സമർപ്പണഭാവത്തോടെയും തൻറെ ശിരസ്സ് ആനന്ദപൂർവ്വം വാഗ്ദാനം ചെയ്തു.

അദ്ദേഹത്തിൻറെ സമർപ്പണഭാവത്തിൻറെ അംഗീകാരമെന്ന നിലയിൽ മഹാവിഷ്ണു അദ്ദേഹത്തെ അടുത്ത മന്വന്തരത്തിൽ ഇന്ദ്രനായി വാഴിക്കാമെന്നനുഗ്രഹിച്ചുകൊണ്ട് പാതാളത്തിലേക്കു പറഞ്ഞയച്ചതോടൊപ്പം പാതാളത്തിൻറെ കവാടത്തിന് താൻ സ്വയം കാവൽ നിൽക്കുമെന്നും വാഗ്ദാനം ചെയ്തു. കൂടാതെ പ്രജകളുടെ അപേക്ഷ മാനിച്ചുകൊണ്ട് മഹാവിഷ്ണു മഹാബലിക്ക് വർഷത്തിലൊരിക്കൽ പ്രജകളോടൊത്തുചേരുന്നതിനായി പാതാളത്തിൽനിന്നും തൻറെ രാജ്യത്തിലേക്കു തിരിച്ചുവരുവാനുള്ള അനുവാദം നൽകി. ആ ദിവസമാണ് ഓണമായി ആഘോഷിക്കപ്പെടുന്നത്.

ഷിബു കിഴക്കേകുറ്റ്, കാനഡ










# വായനയുടെ വഴിത്തിരിവുകൾ



**ലേഖനം**

**ജോൺവേറ്റം**

സജീവവും വൈജ്ഞാനികവുമായ ഒരു പ്രക്രിയയാണ് വായന! അതിൻറെ ആരംഭം സംബന്ധിച്ചുണ്ടായ അഭിപ്രായങ്ങൾക്ക് ചേർച്ചയില്ല. എന്നാലും, ഭാഷയുടെയും സാക്ഷരസംസ്കാരത്തിൻറെയും തുടക്കത്തിൽത്തന്നെ വായനയും ഉണ്ടായി രുന്നുവെന്നാണ് അനുമാനം. അവ ആധുനികരീതിയിൽ ആയിരുന്നില്ല എന്ന് വിശ്വസിക്കുന്നവരുമുണ്ട്.

വായന മനുഷ്യജീവിതത്തെ മാറ്റിമറിക്കുന്ന വിഷയമായതിനാൽ, അഗാധമായ അറിവും ആനന്ദവും ആഗ്രഹിക്കുന്നവർ വായനയുടെ മൂല്യം എന്തെന്നു മനസ്സിലാക്കുന്നുണ്ട്. എന്നിട്ടും, വായനയും വായനക്കാരും ഗണ്യമായി കുറഞ്ഞു എന്ന പരാതിയുണ്ട്. അത് ശരിയോ?

എഴുതാനും വായിക്കാനും കഴിയാത്തവരും, നഗരവാസികളും വനവാസികളും ഉൾപ്പെട്ട ജനസമൂഹത്തിൽ; നല്ല സംസ്കാരത്തോടുകുടി സുഖദജീവിതം നയിക്കുന്നതിനും, ബോധപൂർവ്വം പ്രവർത്തിച്ചു പുരോഗതി പ്രാപിക്കുന്നതിനും വായന അനിവാര്യമാണ്. മാതൃകാപരമായ വായനയെക്കുറിച്ച് ഉണ്ടായിരിക്കേണ്ട നല്ല ധാരണ പൊതുരംഗത്ത് പടർന്നിട്ടുമില്ല. അതുകൊണ്ട്, വായനയുടെ ആവശ്യവും ഉദ്ദേശ്യവും ഉപയോഗവും അറിയാത്തവരുണ്ട്. വിഭിന്നങ്ങളായ താൽപര്യങ്ങളോടെ, വിവിധഭാഷകളിൽ, അല്പവും അധികവുമായി, എഴുതുകയും വായിക്കുകയും ചെയ്യുന്നവരാണ് ഭൂരിപക്ഷം.

ഭൗതികജീവിതത്തിൽ ഉളവാകുന്ന സംഗതികൾ നിരീക്ഷിക്കുന്നതിനും, പഠിക്കുന്നതിനും, സാമൂഹികതലങ്ങളിലുണ്ടാകുന്ന വിവിധസംഗതികളെ വേർതിരിച്ച് അറിയുന്നതിനും, നന്മയുടെ ഉറവുകൾ കണ്ടെത്തുന്നതിനുമുള്ള വായന. സുപ്രധാനമായ കാര്യങ്ങൾ ദൃശ്യവല്ക്കരിക്കുന്നതിനും, സംഭവങ്ങളെ ഉചിതമായി ഉപയോഗിക്കുന്നതിനുമുള്ള വായന. സമാനതകളില്ലാത്ത വൃത്താന്തങ്ങളും, വ്യാഖ്യാനങ്ങളും, അന്തരാഷ്ട്ര രാഷ്ട്രീയം, സാംസ്കാരിക നവീകരണം, വിരുദ്ധവിശ്വാസം എന്നീ വിഷയങ്ങളെക്കുറിച്ചും അറിയാനുള്ള വായന. ഗതകാലസംഭവങ്ങൾ, ചരിത്രസ്മാ രകങ്ങൾ, മനശാസ്ത്രപരമായ വിഷയങ്ങൾ എന്നിവയും പൊതുകാര്യങ്ങളും മനസ്സിലാക്കുന്നതിനുവേണ്ടിയുള്ള വായന. ഇതിഹാസം, ശാസ്ത്രസിദ്ധാന്തം, നിരീശ്വര ത്വം, യുക്തിവാദം, അടിമത്തം, അന്ധവിശ്വാസം, ആദിവാസം, ഗതകാലവിവാഹം, ജാതകം, നരഹത്യ, മന്ത്രവാദം മുഖലക്ഷണം, യക്ഷിക്കഥ, എന്നിവയുടെ ഉത്ഭവങ്ങളെക്കുറിച്ചു പഠിക്കുന്നതിനുവേണ്ടിയുള്ള വായന.

അന്ധവിശ്വാസത്തിൻറെ അനന്തരഫലങ്ങൾ. അവതാരങ്ങളും ദൈവരൂപങ്ങളും. ആത്മീയതയെന്ന ആശയം. ആത്മീയതയുടെ ആവശ്യം. ആത്മീയജീവിതത്തിലെ അ നുഭവങ്ങൾ. ജീവിതം ആത്മീയമാണെന്ന വിശ്വാസം. ദാർശനികവും തത്വശാസ്ത്ര പരവുമായ മതവിശ്വാസം. മതങ്ങളിലെ ദുർന്നടത്തകളും ദുരാചാരങ്ങളും. ദൈവ വിശ്വാസികളുടെയും നിരീശ്വരവാദികളുടെയും സ്വഭാവവൈരുദ്ധ്യങ്ങൾ. പാപമോ ചനം ഒരു ചിന്താവിഷയം. പുനരുത്ഥാനത്തിൻറെ പൊരുൾ. മതസംഘടനകളിലെ മത്സരങ്ങളും പാളിച്ചകളും. മറ്റ് ആത്മീയകാര്യങ്ങളും അറിയാനുള്ള വായന. ഇ പ്രകാരം ഭിന്നതാൽപര്യങ്ങളോടുകൂടിയ വായനാരീതികൾ നിലവിലുണ്ട്.

വായനക്കാരെയും വർഗ്ഗീകരിച്ചിട്ടുണ്ട്: പുസ്തകങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും പൂർണ്ണമായി വായിക്കാത്തവർ. വായിച്ച വിഷയങ്ങൾതന്നെ വീണ്ടും വീണ്ടും വായിക്കുന്നവർ. ആത്മകഥകളും ഓർമ്മക്കുറിപ്പുകളും ജീവചരിത്രങ്ങളും വിവർ ത്തനങ്ങളും വായിക്കുന്നവർ. കുറ്റകൃത്യങ്ങൾ, ക്രിമിനൽകേസുകൾ, നടപടിക്രമങ്ങ ൾ, നിയമങ്ങൾ, ന്യായവിധികൾ, പരാതികൾ, വ്യവഹാരങ്ങൾ, സിവിൾകേസുകൾ, എന്നിവയെപ്പറ്റി വായിച്ചറിയുന്നവർ. ഇഷ്ടമുള്ള എഴുത്തുകാരുടെ രചനകളും, സന്തോഷവും പരിജ്ഞാനവും പകരുന്ന വിഷയങ്ങളും വായിക്കുന്നവർ. അറിവി നും, ആനന്ദത്തിനും, പഠിക്കുന്നതിനും, പഠിപ്പിക്കുന്നതിനും ഉതകുന്ന പ്രതിപാദ്യങ്ങ ൾ വായിക്കുന്നവർ. ജീവിതയാഥാർത്ഥ്യങ്ങളുടെ മുരടിൽനിന്നും അടർത്തിയെടുത്ത കദനപൂരിതമായ കഥകളും, ആവിഷ്കാരങ്ങളും വായിച്ചാസ്വദിക്കുന്നവർ. ആത്മസംരക്ഷണം, കായികാഭ്യാസങ്ങൾ, കായികവിനോദസ്ഥലങ്ങൾ, ഗുസ്തിമത്സരങ്ങൾ, പ്രാചീനയുദ്ധമുറകൾ, ബോഡിബിൽഡിംഗ്, മല്ലയുദ്ധചരിത്രം, മനുഷ്യശരീരത്തിലെ മർമ്മസ്ഥാനങ്ങൾ, സ്വയംപ്രതിരോധനത്തിൻറെ തന്ത്രങ്ങൾ എന്നിവ വായിച്ചുമനസ്സി ലാക്കുന്നവർ. ജനജീവിതം അനായാസകരമാക്കുന്ന ഉപകരണങ്ങൾ, ആധുനിക കെ ട്ടിടനിർമ്മാണം, ഏറ്റവും ഉയർന്ന കെട്ടിടങ്ങൾ, കെട്ടിടനിർമ്മാണത്തിൻറെ ഉപകര ണങ്ങളും യന്ത്രങ്ങളും, നിർമ്മാണരീതികളും നിർമ്മാണവ്യവസായവും സംബന്ധി ച്ച പ്രസിദ്ധീകരണങ്ങൾ എന്നിവ വായിക്കുന്നവർ.

**വായന കുറയുന്നതിന് അനവധി കാരണങ്ങളുണ്ട്. ഏവർക്കും ഏകാഗ്രതയോടെ വായിക്കുവാൻ കഴിയണം. അതിന്, അനുകൂലമായ സമയവും സാഹചര്യങ്ങളും ലഭിക്കുന്നില്ല. വായനക്കാരൻറെ മാനസികാവസ്ഥയും സഹായകരമാകണം. നിഷേധാത്മകമയ അനുഭങ്ങളെപ്പറ്റിയുള്ള ചിന്ത, കുടുംബകലഹം, കുറ്റബോധം, ദു:ഖഭാരം, നിരാശ എന്നിവ അലട്ടുമ്പോൾ സന്തുഷ്ടവായന സാദ്ധ്യമല്ല. മാനസികവും ശാരീരികവുമായ രോഗാവസ്ഥയും വായനയ്ക്ക് തടസ്സമാകുന്നു.**



വിദേശമലയാളികളുടെ സാഹിത്യരചനകൾ വായിക്കാത്തവർ.

അനുരാഗത്തിൻറെ ദൃശ്യഭാവങ്ങൾ, കാമസൂത്രം, കുടുംബാസൂത്രണം, ഗർഭച്ഛി ദ്രവിവാദങ്ങൾ, ഗർഭാശയരോഗങ്ങൾ, തിരണ്ടുകല്യാണം, ദേവദാസിസമ്പ്രദായം, നിയമാനുസൃതവും നിയമവിരുദ്ധവുമായ വേശ്യാവൃത്തി, ബീജസങ്കലന ചികിത്സ, ലൈംഗികരോഗങ്ങൾ, വന്ധ്യത, വാടകഗർഭധാരണം, വ്യഭിചാരചരിത്രം, ഷണ്ഡത്വം, സംഭോഗശാസ്ത്രം, സ്വവർഗ്ഗപ്രണയിനികൾ, സ്വവർഗ്ഗലൈംഗികത, സ്വവർഗ്ഗവിവാഹ നിയമങ്ങൾ തുടങ്ങിയ ലൈംഗികവിഷയങ്ങളെക്കുറിച്ചു രഹസ്യമായും പരസ്യമായും വായിച്ചറിയുന്ന സ്ത്രീപുരുഷന്മാർ.

ആഗോളവ്യാപകമായ മനുഷ്യവ്യാപനം. ആധുനിക ആണവായുധങ്ങൾ. പുതുക്കപ്പെടുന്ന രാഷ്ട്രീയസാഹചര്യങ്ങൾ. പ്രവചനാതീതമായ രാഷ്ട്രീയമുന്നേറ്റങ്ങൾ. യുദ്ധങ്ങൾക്കെതിരെ സംഘടിച്ചുപ്രവർത്തിക്കുന്ന 'നാറ്റോ' രാജ്യങ്ങളുടെയും, യുദ്ധങ്ങൾ ഉണ്ടാകാതിരിക്കുവാൻ നിയമംമൂലം പ്രവർത്തിക്കുന്ന ഐക്യരാഷ്ട്രസംഘടനയുടെയും സമയോചിതമായ പ്രവർത്തനങ്ങൾ. പ്രമുഖരാജ്യങ്ങൾ തമ്മിലുണ്ടാക്കുന്ന നയതന്ത്രബന്ധങ്ങൾ. മൂന്നാം ലോകമഹായുദ്ധത്തിനുള്ള സാദ്ധ്യത. ലോക സമാധാനവും വിപ്ലവജനാധിപത്യവും. എന്നീ വിഷയങ്ങളുടെ വിരുദ്ധഗതികളെക്കുറിച്ച് അറിയുന്നതിനു വായിക്കുന്നവർ. ഇപ്രകാരം, വായനക്കാർ പലവിധം!

ഏതൽക്കാലമനുഷ്യർ മതത്തിൻറെയും ശാസ്ത്രത്തിൻറെയും കവലയിൽ നിൽക്കുന്നുവെന്നു കരുതാം. നവീകരിക്കപ്പെടുന്ന വാർത്താപ്രക്ഷേപണശാസ്ത്രം, നിമ്മിതബുദ്ധിയുടെ ഭാവിഫലങ്ങൾ. മനുഷ്യവർഗ്ഗലോകത്തെ ശരിയായ ദിശയിലേക്ക് നയിക്കേണ്ടത് മതമോ അഥവാ ആധുനികശാസത്രമോ? വ്യവസായത്തിൻറെ വികസിതപാതകൾ. മതത്തിലൂടെയും നവീകരണങ്ങളിലൂടെയും യാത്രചെയ്യുന്ന മനുഷ്യൻറെ ഭാവിജീവിതം എവിടെയെത്തും? ലോകാവസാനത്തിൻറെ അനിച്ഛിതത്വം. ശാസ്ത്രീയമതങ്ങളുടെ സ്ഥാനം. എന്നീവിഷയങ്ങളും മറ്റും, ആവശ്യവും ഉദ്ദേശ്യവും താൽപര്യവുമനുസരിച്ച്, പുസ്തകങ്ങളും മറ്റ് പ്രസിദ്ധീകരനങ്ങളും തിരഞ്ഞെടുത്തു വായിക്കുന്നവരാണ് വിദ്യാസമ്പന്നരായ ആളുകൾ. അതുകൊണ്ട്, വായന കുറഞ്ഞു എന്ന പരാതിക്ക് എത്രത്തോളം പ്രസക്തിയുണ്ട്?

ഉദ്യോസ്ഥസമുഹത്തിലും, മുൻനിരരാജ്യങ്ങളിലും, യുവതലമുറയിലും വായ ന കുറഞ്ഞുവെന്നു പുതിയ സർവേകൾ വെളിപ്പെടുത്തിയിട്ടുണ്ട്. സ്മാർട്ട് ഫോൺ, സോഷ്യൽ മീഡിയ എന്നിവയാണ് അതിൻറെ ഒരുകാരണം. അനുരാഗബന്ധങ്ങൾ, ആ നന്ദവും ആവേശവും പകരുന്ന ആകർഷകമായ വിനോദസ്ഥാപനങ്ങൾ, കായിക മത്സരങ്ങൾ, വിദ്യാർത്ഥി സംഘടനകൾ, സൗഹൃദകൂട്ടായ്മയുടെ വിനോദസഞ്ചാരം എന്നിവയും യുവജനശ്രദ്ധയെ വായനയിൽ നിന്നും അകറ്റുന്നു. ആധുനിക വിദ്യാ ഭ്യാസരീതികളും വായനയെ പ്രോത്സാഹിപ്പിക്കുന്നില്ലത്രേ. പുസ്തകങ്ങളുടെ വിലവർദ്ധനയും, വാങ്ങുന്നതിന് വേണ്ടിവരുന്ന മറ്റ് ചിലവുകളും വായനക്ക് തടസ്സമാകു കന്നുണ്ട്. പുത്തൻതലമുറയുടെ ജീവിതശൈലിയും അവരുടെ വായനാശീലത്തെ ദോഷമായി ബാധിക്കുന്നു. എന്നാലും, യുവതലമുറ ദീർഘദർശനമുള്ളവരത്രേ.

വായന കുറയുന്നതിന് അനവധി കാരണങ്ങളുണ്ട്. ഏവർക്കും ഏകാഗ്രത യോടെ വായിക്കുവാൻ കഴിയണം. അതിന്, അനുകൂലമായ സമയവും സാഹച ര്യങ്ങളും ലഭിക്കുന്നില്ല. വായനക്കാരൻറെ മാനസികാവസ്ഥയും സഹായകരമാക ണം. നിഷേധാത്മകമയ അനുഭങ്ങളെപ്പറ്റിയുള്ള ചിന്ത, കുടുംബകലഹം, കുറ്റബോധം, ദു:ഖഭാരം, നിരാശ എന്നിവ അലട്ടുമ്പോൾ സന്തുഷ്ടവായന സാദ്ധ്യമല്ല. മാന സികവും ശാരീരികവുമായ രോഗാവസ്ഥയും വായനയ്ക്ക് തടസ്സമാകുന്നു.

ദിനപ്പത്രങ്ങളിലും വാർത്താവാരികകളിലും അച്ചടിച്ചുവരുന്ന അനാകർഷ മായ ചിത്രങ്ങളും, അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പോഷിപ്പിക്കുന്ന എഴുത്തുകളും, പക്ഷപാതപരമായ പ്രസിദ്ധീകരണങ്ങളും, മത രാഷ്ട്രിയശക്തികളു ടെ കഴമ്പില്ലാത്ത സംവാദങ്ങളും, മുഷിപ്പൻ പരസ്യങ്ങളും വായിക്കുന്നവർ കുറ ഞ്ഞിട്ടുണ്ട്. അക്കാരണത്താൽ, അനവധി അച്ചടിമാദ്ധ്യമങ്ങൾ മറഞ്ഞു. നിലവിലുള്ള പല മാധ്യമങ്ങളുടെയും രൂപ ഭാവങ്ങൾ മാറ്റി. വായനക്കാർക്ക് ആവശ്യമായ അറിവും ആനന്ദവും നൽകാത്ത ഉള്ളടക്കവുമായി വിതരണംചെയ്യപ്പെടുന്ന മാധ്യമ ങ്ങൾ വിലകൊടുത്തു വാങ്ങാൻ മടിക്കുന്നവരും വർദ്ധിക്കുന്നു.

വിദേശമലയാളിസമൂഹങ്ങളിലും വായന കുറയുന്നുണ്ട്. നിഷേധിക്കാനാവാ ത്ത നിരവധി കാരണങ്ങൾ അതിൻറെ പിന്നിലുണ്ട്. സ്വന്തം ജാതിയുടെയോ, മതത്തി ൻറെയോ, രാഷ്ട്രിയപാർട്ടിയുടെയോ, സഭാവിഭാഗത്തിൻറെയോ, സംസ്കാരികസംഘട നയുടെയോ പ്രസിദ്ധീകാരണങ്ങൾമാത്രം വായിക്കുന്നവരാണ് അധികം. മറ്റുള്ളവ രുടെ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും വാങ്ങുകയും വായിക്കുകയും ചെ യ്യുന്നവർ വിരളം. ഇത്തരത്തിലുള്ള വിഭാഗീയതയുടെ വിഷപ്പുല്ലുകൾ അമേരിക്ക യിലും വളരുന്നുണ്ട്. മലയാളികളും വിവിധമതക്കാരും അവരവരുടെ സംഘടകളി ൽ ഉള്ളവരുടെ പ്രസിദ്ധീകരണങ്ങളും പ്രതികരണങ്ങളും മാത്രം സ്വാർത്ഥതാല്പര്യങ്ങളോടെ വായിക്കുന്ന നിലപാടുണ്ട്. ഭാരതത്തിൻറെ ഭവിഷ്യപുരാണങ്ങളും, കേ രളത്തിൻറെ ആചാരദോഷങ്ങളും നട്ടുവളർത്തുന്നുണ്ട്. പാരമ്പര്യങ്ങളിലും പുരോ ഹിതന്മാരുടെ ഉപദേങ്ങളിലും പൂർണ്ണമായി വിശ്വസിക്കുന്നവരിൽ ഭൂരിപക്ഷം ഒരു മതഗ്രന്ഥവും വായിക്കാറില്ല. ഇക്കാരണങ്ങളാൽ, വായന ഇരുത്തപ്പെടുന്നു!

സകല ജനതകളെയും സഹോദരങ്ങളായി കാണുന്നതിനും, അന്യോന്യം സ്നേ ഹത്തോടെ സഹകരിക്കുന്നതിനും, സഹായിക്കുന്നതിനു ആവശ്യമായ സന്മനോഭാ വം വളർത്തുവാൻ മാധ്യമങ്ങൾക്കും സാഹിത്യപ്രവർത്തകർക്കും സാധിക്കണം. വെറുപ്പും വ്യക്തിവിദ്വേഷവും മറച്ചുവച്ചു, തരംതാഴ്ത്തുകയും, പരിഹസിക്കു കയും ചെയ്യുന്ന പ്രവണത എഴുത്തുകാരും ഒഴിവാക്കുന്നത് ഉചിതമായിരിക്കും. വായനക്കാർ ഇല്ലെങ്കിൽ മാധ്യമങ്ങളും, മാധ്യമങ്ങൾ ഇല്ലെങ്കിൽ എഴുത്തുകാരും കുറഞ്ഞുപോകുമെന്ന യാഥാർത്ഥ്യം നിഷേധിക്കാവുന്നതല്ല.

സംസ്കാരത്തിനും സാക്ഷരതക്കും തമ്മിലുള്ള ബന്ധം വായനയിലൂടെ വ്യ ക്തമാകുന്നുണ്ട്. അധികം അഭ്യസ്തവിദ്യരുള്ള ആധുനികലോകത്ത്, അനുദിനവാ ർത്തകൾ ജാഗ്രതയോടെ വായിക്കുന്നവരാണ് മുന്നിൽ. എന്നാലും, പലരാജ്യങ്ങളി ലും, സാക്ഷരത കുറയുന്നുവെന്ന അഭിപ്രായമുണ്ട്. ഇൻറെർനെറ്റ് ഇനങ്ങളിലൂടെ നിത്യവും ലഭിക്കുന്ന വാർത്തകളും സാഹിത്യസൃഷ്ടികളും വായിച്ചുതീർക്കുവാൻ വേണ്ടത്രസമയം എല്ലാവർക്കും ലഭിക്കുന്നില്ല. കൃത്യന്തരബഹുലതയാണ് മുഖ്യകാരണം. കുട്ടികളിലും, വിദ്യാലയങ്ങളിൽ പോകുന്നവരിലും, യുവജനങ്ങളിലും, പ്രായ പൂർത്തിയായവരിലും വയനാശീലം വളർത്തുന്നതിനു ഉപദേശകസമിതികൾ പ്രവ ർത്തിച്ചുതുടങ്ങി. വായനക്കാർ മറ്റുള്ളവരേക്കാൾ ജ്ഞാനമുള്ളവരാണെന്ന വിശ്വാ മാണ് ഇതിന് പ്രേരകമായ യുക്തിവിചാരം. അറിവ് വർദ്ധിക്കുന്നതിനു സ്ഥിരവാ യന അത്യന്താപേക്ഷിതമായിരിക്കേ, സകലതലങ്ങളിലുമുള്ള വായനക്കാർ, സമർപ്പി തവായനക്കാർ ആവണമെന്നു വിദഗ്ദ്ധാഭിപ്രായം.

ആത്മബലവും ആയുസ്സും വർദ്ധിപ്പിക്കുന്നതിനു വായന സഹായിക്കുന്നുണ്ട്. മാനസികാരോഗ്യം കാത്ത്സൂക്ഷിക്കുന്നതിനും, നാഡിസംബന്ധിച്ച ആരോഗ്യത്തിനും, സർഗ്ഗഭാവന വികസിക്കുന്നതിനും വായന സഹായിക്കുന്നു. ആശയവിനിമയശേഷി യും, സഹാനുഭൂതിയും, സ്നേഹവും ഉളവാക്കുന്നു. ആജീവനാന്തപഠിതാക്കളായി ത്തീരുന്നവർ, പുസ്തകങ്ങളെയും മറ്റ് പ്രസിദ്ധീകരണങ്ങളെയും കൂടുതൽ ഇഷ്ടപ്പെ ടുന്നു. എപ്പോഴും, സമർപ്പിതവായനക്കാരുടെ കണ്ണുകളും കാതുകളും ലോകത്തെ ശ്രദ്ധിക്കുന്നു.

ആധുനികതയുടെ അരങ്ങുകളിൽ നിന്നും വായന മറയുന്നുവെന്ന അഭിപ്രാ യം, വായനാലോകം പൂർണ്ണമായി കാണാൻ കഴിയാത്തതുകൊണ്ട് ഉണ്ടാകുന്നതാ ണ്. ഈ കാലഘട്ടത്തിൽ, അറിവിലേക്കുള്ള അന്വേഷണയാത്ര വായനയിലൂടെയാ കുന്നുവെന്ന യാഥാർഥ്യം പൂർവ്വാധികം വ്യക്തമായിട്ടുണ്ട്. അതിനാൽ, സാഹിത്യ സംസ്കാരവും വായനയും ഒരിക്കലും മുരടിക്കുകയില്ല! അവ പുരോഗമിക്കും!

# കായിക ലോകത്തിനു വേണ്ടി ചാണ്ടി ഉമ്മന്റെ ദൗത്യം



ന്യു യോർക്ക്: പുതിയ തലമുറ മയക്കുമരുന്നിനും മറ്റും അടിമകളാകാതിരിക്കാൻ കേരളത്തിൽ പുതിയ കായിക സംസ്കാരം വളർത്തുകയെന്ന ലക്ഷ്യത്തോടെ സ്റ്റേഡിയവും ഫുട്ബോൾ സെന്ററും മറ്റും വികസിപ്പിക്കാൻ ചാണ്ടി ഉമ്മൻ എം.എൽ.എ

ഫുട്ബോൾ ട്രെയിനിംഗ് സെന്റർ കേരളത്തിൽ തുടങ്ങാനുള്ള ചർച്ചക്ക് വേണ്ടി നയാഗ്രയ്ക്കു പോയത് അദ്ദേഹം വിവരിച്ചു. ഫുട്ബോൾ ക്ലബുകാർ യു.എഎസിൽ എന്നാണ് കരുതിയതെങ്കിലും അവർ കാനഡയിലുള്ളവരായിരുന്നു. നയാഗ്രയിൽ നടന്ന ചർച്ച വിജയമായിരുന്നു.

'ഇവിടെ വന്നപ്പോൾ 26 വർഷം മുൻപ് ആദ്യമായി ന്യു യോർക്കിൽ വന്നത് ഓർമ്മയിലെത്തി. അന്നു വന്നപ്പോളും എനിക്ക് ടൈം സോണിന്റെ പ്രശ്നമുണ്ട്. അത് മാറില്ല. അന്നും ഇവിടെ പരിപാടിയിൽ പങ്കെടുത്തപ്പോൾ ഉറക്കപ്പിച്ചിലാണ് ഞാൻ നിന്നത്. രാത്രിയും രാവിലെയും തമ്മിലുള്ള സമയ വ്യത്യാസം പെട്ടെന്ന് മാറില്ല. അതേ പോലെ ഇപ്രാവശ്യം വന്നപ്പോഴും ആ ടൈം ഡിഫറൻസ് മാറി വന്നിട്ടില്ല. മൂന്നാലും ദിവസമെടുക്കും മാറാൻ. മൂന്നാലും ദിവസം കഴിയുമ്പോഴേക്കും ഞാനിവിടുന്നും പോകുകയും ചെയ്യും. അന്ന് വന്നപ്പോൾ ഒരു മാസം ഉണ്ടായിരുന്നു.

അന്ന് നയാഗ്രയിൽ മാതാപിതാക്കൾക്കൊപ്പം കളിച്ചും ചിരിച്ചും കാറിൽ പോയി. ഇന്നു പക്ഷെ ഫ്ളൈറ്റിനു പോയി തിരിച്ചു വന്നു. ഇന്നു ഞാനൊറ്റയ്ക്കാണ്-' അദ്ദേഹം പറഞ്ഞു

കഴിഞ്ഞ പ്രവാശ്യം വന്നപ്പോൾ ഒരു സ്റ്റേഡിയത്തിന്റെ കാര്യം സൂചിപ്പിച്ചിരുന്നു. ഫുട്ബോൾ സെന്റർ പുതുപ്പള്ളി മണ്ഡലത്തിൽ തുടങ്ങാൻ വേണ്ടിയാണ്. ബേസിക് ഇൻഫ്രാസ്ട്രക്ച്ചർ അവിടെ ഉണ്ടാക്കേണ്ടിവരും. പുതുപ്പള്ളിയിൽ സ്ഥലമുണ്ട്. ഒരേക്കർ സ്ഥലം. വാകത്താനം സ്വദേശി പി.ജെ. ആന്റണി ഉമ്മൻചാണ്ടി ഫൗണ്ടേഷന് തന്നതാണ്. അദ്ദേഹം ആഫ്രിക്കയിൽ എവിടെയോ ആണ്.

ആദ്യം അവിടെ വീടുകൾ വയ്ക്കണമെന്ന് കരുതി. പിന്നെ ഇങ്ങനെ ഒരു ഐഡിയ വന്നു. അവിടെയൊരു ഫുട്ബോൾ സെന്റർ കുട്ടികൾക്ക് ട്രെയിനിംഗിന് വേണ്ടി തുടങ്ങണം. കേരളത്തിൽ അങ്ങനെ ഒരു ട്രെയിനിംഗ് സെന്റർ ഉണ്ടെന്നു തോന്നുന്നില്ല. വളരെ പരിമിതമായ സൗകര്യങ്ങളെ നമ്മുടെ നാട്ടിൽ ഉള്ളൂ. ഒരു സംവിധാനം വന്നാൽ തീർച്ചയായും കുട്ടികൾക്ക് ഒരു നല്ല കാര്യമായിരിക്കും. അത് പുതുപ്പള്ളി മാത്രമല്ല കേരളം മുഴുവനുള്ള കുട്ടികൾക്ക് പ്രയോജനപ്പെടും എന്ന വിശ്വാസിത്തിലാണ് ആ ട്രെയിനിംഗ് സെന്റർ കൊണ്ടു വരുന്നത്.

ലോങ്ങ് ടേം മിഷനിൽ ഒരു സ്റ്റേഡിയം വരണമെന്നാണ് ലക്ഷ്യം. ഷോട്ട് ടേമിൽ അത് പെട്ടെന്ന് സാധിക്കില്ല. ചെറുതായിട്ട് തുടങ്ങി നോക്കാമെന്നാണ് എന്റെ വിശ്വാസം. അതിനെല്ലാം വലിയ ഇൻവെസ്റ്റ്മെന്റ് ആവശ്യമാണ്. ഉമ്മൻ ചാണ്ടി ഫൗണ്ടേഷന് ഇപ്പോൾ തന്നെ സെവൻസിന്റെ ഒരു ടർഫ് ഉണ്ട്. ഹരി എന്നൊരാൾ അതിനു അമ്പതു സെന്റ് സ്ഥലം നൽകി. അതുപോലെ മറ്റൊരു ട്രസ്റ്റിന്റെ പിന്തുണയിൽ ടർഫ് പണിതിട്ടുണ്ട്. രണ്ടാമത്തെ ടർഫ് ബാഡ്മിന്റൺ, ബാസ്ക്കറ്റ് ബോൾ കോർട്ട് അത് അയർകുന്നത്ത് പണി തുടങ്ങാൻ ഇരിക്കയാണ്. .

സ്റ്റേഡിയത്തിന്റെ ചർച്ച ഇന്നലെ നടന്നു. അങ്ങനെയാണ് പുതുപ്പള്ളിയിൽ ഒരു വോളിബോൾ കോർട്ട് കൂടി പണിയാം എന്ന ആഗ്രഹത്തിൽ നിൽക്കുന്നത്. സ്റ്റേഡിയം ലോംഗ് ടേം ആണെങ്കിലും ചെറിയ ചെറിയ പദ്ധതികളുമായി മുന്നോട്ടു പോകാം. വിദേശത്തു പിള്ളേർക്കു കളിക്കാൻ സ്ഥലമുണ്ട്. നമ്മുടെ നാട്ടിൽ ഇല്ല . എനിക്കുൾപ്പെടെ കളിക്കാനുള്ള സാഹചര്യം കുറവായിരുന്നു. ഇനി വരുന്ന തലമുറയ്ക്ക് അങ്ങനെ ഒരു സ്ഥിതി ഉണ്ടാവാൻ പാടില്ല. അവർക്ക് കളിക്കാനുള്ള അവസരം ഉണ്ടാകണം, കളിപഠിക്കാനുള്ള അവസരം ഉണ്ടാകണം.

ലോകം മാറുന്നുവെങ്കിലും നമ്മുടെ രാജ്യത്ത് മാത്രമാണ് മാറ്റം വരാത്തത്. കുട്ടികൾ ആത്മഹത്യയിലേക്ക് വരെ എത്തിയിരിക്കുന്ന കാലമാണ്. നോ എന്നോ തോൽവി എന്നോ പറഞ്ഞാൽ അത് ഇപ്പോഴത്തെ കുട്ടികൾക്ക് മനസിലാവുന്നില്ല. അങ്ങനെയുള്ളവർ കളിക്കളത്തിൽ തോൽവി എന്താണ് എന്ന് അറിയട്ടെ . പരീക്ഷയിൽ തോൽക്കുന്നത് വിഷമമുള്ള കാര്യമാണ്, പക്ഷെ ഗെയിമിൽ തോൽക്കുന്നത് പ്രശ്നമുള്ള കാര്യമല്ല. അപ്പോൾ നമ്മുക്ക് ഗെയിമിൽ നിന്ന് തോൽവിയും പഠിപ്പിക്കാൻ സാഹചര്യം ഒരുക്കാം.

അതുപോലെ ചീഫ് എക്ണോമിക് അഡൈ്വസർ, ട്രെയിനിങ്ങിൽ പറഞ്ഞത് കുട്ടികൾക്ക് ഫോൺ കൊടുക്കാതിരിക്കുക എന്നാണ് . കുട്ടികൾക്ക് ഫോൺ കിട്ടുന്നത് ഇന്നു കാണുന്ന ആത്മഹത്യ പ്രവണതക്കും ഡിപ്രഷനും കാരണമാകുന്നു എന്ന് പറയുന്നു. നമ്മുക്ക് കുട്ടികളെ ഡൈവേർട്ട് ചെയ്യാൻ, അവരുടെ മനസ് പോസിറ്റീവായി ഒരുക്കുന്ന സാഹചര്യമാണ് സ്പോർട്സിൽ. അങ്ങനെ സ്പോർട്സിലൂടെ എക്കോണമിക്ക് ഒരു ബൂസ്റ്റ് ഉണ്ടാക്കാം.

നമുക്ക് എപ്പോഴും ഗവണ്‍മെന്റിനെ പ്രതീക്ഷിക്കാൻ പറ്റില്ല. ഗവൺമെന്റ് മാറി മാറി വരും. എം.എൽ.എ. എന്ന നിലയ്ക്ക് എനിക്ക് പരിമിതമായ റിസോർസ് ആണുള്ളത്. അത് ചെറിയ ചെറിയ കാര്യങ്ങൾക്ക് ഉപയോഗിക്കാം. എക്കോണമിക്ക് ബൂസ്റ്റ് എങ്ങനെയുണ്ടാക്കാം എന്നു ചിന്തിച്ചപ്പോൾ സ്പോർട്സിന്റെ പ്രാധാന്യം മനസിലായി. എക്കോണമിക്ക് ബൂസ്റ്റ് ഉണ്ടാക്കാനും, കുട്ടികളെ പുതിയ ഒരു പാതയിലേക്ക് കൊണ്ടു വരാനും അത് ഉപകരിക്കും.

ഒളിമ്പിക്സിൽ നാം പിന്നോക്കം പോകുന്നത് നമുക്ക് കഴിവില്ലാഞ്ഞിട്ടല്ല . നമ്മൾ ട്രെയിൻ ചെയ്യുന്നില്ല എന്നതാണ് അതിന്റെ യാഥാർത്ഥ്യം. എത്ര വയസുമുതൽ ടെയിൻ ചെയ്യണമെന്ന് വിദഗ്ധരോട് ചോദിച്ചു. എട്ട് വയസിനു താഴെ മതിയോ എന്നു ചോദിച്ചപ്പോൾ 5 വയസിനു താഴെ തുടങ്ങണമെന്നാണ് പറഞ്ഞത് .

കുട്ടികളെ സഹായിക്കാനും കുട്ടികളെ പുതിയ ഒരു തലത്തിൽ കാര്യങ്ങൾ പഠിക്കാനും നമ്മൾ വഴിയൊരുക്കണം. ഇന്ത്യ സാധ്യതകളുള്ള രാജ്യമാണ്. പക്ഷെ നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതുപോലെ നാല്പതു വീടുകൾ പുതുപള്ളിയിൽ, എട്ട് വീടുകൾ കേരളത്തിൽ പലഭാഗത്തും നിർമ്മിക്കുന്നു. ഒരു വീട് കന്യാകുമാരിയിൽ പൂർത്തിയായി. രണ്ടാമത്തെ വീട് പണി നടന്നുകൊണ്ടിരിക്കുന്നു.

# നോവൽ സിനിമയാക്കുന്നത് എളുപ്പമല്ല: സംവിധായകൻ ബ്ലസ്സി



ന്യു യോർക്ക്: ജനങ്ങൾ ധാരാളമായി വായിച്ച കൃതികൾ സിനിമയാക്കുന്നത് എളുപ്പമല്ലെന്ന് സംവിധായകൻ ബ്ലസ്സി. പുസ്തകത്തെപ്പറ്റി ആളുകൾക്ക് ഓരോ ധാരണ ഉണ്ടാവും. അതനുസരിച്ചുള്ള സിനിമയല്ലെങ്കിൽ അവർ പെട്ടെന്ന് തന്നെ അതിന്റെ വിമർശകരായി മാറും. ഏറെ വായിക്കപ്പെട്ട ബെന്യാമിന്റെ 'ആടുജീവിതം' സിനിമയാക്കി വൻവിജയം നേടിയ അദ്ദേഹം വെസ്റ്റ്ചെസ്റ്റർ ഹ്യുമൻ റൈറ്റ്സ് കമ്മീഷണറും ഫോമാ നേതാവുമായ തോമസ് കോശിയുടെ വസതിയിൽ നൽകിയ സ്വീകരണത്തിൽ സിനിമാ ലോകത്തെപ്പറ്റി പല വിവരങ്ങളും പങ്കു വച്ചു.

ഗബ്രിയേൽ ഗാർസിയ മാർകെസിന്റെ ലോകപ്രസിദ്ധമായ 'ഏകാന്തതയുടെ നൂറു വർഷങ്ങൾ' സിനിമ ആയപ്പോൾ വേണ്ടത്ര വിജയം നേടുകയുണ്ടായില്ല. ഒരു പുസ്തകം അതെ രീതിയിൽ പകർത്താൻ ശ്രമിച്ചാൽ അത് പരാജയമാകുന്നതാണ് കാണുന്നത്. മിക്കവാറുമെല്ലാ സിനിമകളും ചെറുകഥകളിൽ നിന്ന് ഉരുത്തിരിഞ്ഞു വരുന്നവയാണ്.

പുസ്തകത്തിന്റെ രീതി അല്ല സിനിമയുടെ ഭാഷ . അത് മറ്റൊന്നാണ്. പുസ്തകത്തിന്റെ വ്യാപ്തിയോ അത്രയും വലിയ കാൻവാസൊ സിനിമക്കില്ല. പുസ്തകത്തിൽ എന്തും എഴുതാം. ആളുകൾ അത് മനസ്സിൽ കണ്ടുവെന്നും വരാം. സിനിമയിൽ അത് എളുപ്പമല്ല. ഉദാഹരണം കടൽ നൂറടി ഉയരത്തിൽ പൊങ്ങി എന്ന് പുസ്തകത്തിൽ എഴുതാൻ പ്രയാസമില്ല. സിനിമയിൽ അത് ചിത്രീകരിക്കുക അത്ര എളുപ്പമാണോ? ഇന്നിപ്പോൾ സാങ്കേതിക വിദ്യ ഉള്ളതിനാൽ അത് ഒരുപക്ഷെ പറ്റുമെന്ന് വരാം.

സിനിമ പോകുന്നത് സംവിധായകന്റെ ഭാവനയിൽ ഉരുത്തിരിയുന്നതാണ്. പക്ഷേ എന്ത് കൊണ്ടോ ആളുകൾ ഈ വ്യത്യാസം മനസിലാക്കുന്നില്ല.







തന്റെ ഏതു സിനിമയോടാണ് കൂടുതൽ ഇഷ്ടം എന്ന് പറയുന്നത് ഏതു മക്കളോടാണ് കൂടുതൽ ഇഷ്ടം എന്ന് ചോദിക്കും പോലെയാ



ണ്. 'കാഴ്ച'യിൽ ഗുജറാത്തിലെ ഭൂകമ്പവും കേരളത്തിലെ ഒരു സാധാരണക്കാരന്റെ മനുഷ്യത്വവുമാണ് ചിത്രീകരിക്കുന്നത്. 'തന്മാത്ര'യിൽ അത് ആൾസൈമേഴ്‌സ് രോഗബാധിതന്റെ എല്ലാം മറന്നു പോകുന്ന അവസ്ഥയാണ് വിഷയം. 'ഭ്രമര'ത്തിലാകട്ടെ പ്രതികാര ചിന്തയാണ് വിഷയം. 'ആടുജീവിതം' മാത്രമാണ് മറ്റൊരാൾ എഴുതിയത് സിനിമയാക്കുന്നത്.

'ആടുജീവിതം' ചിത്രീകരിക്കാൻ ഇത്രയധികം വിഷമത വേണ്ടി വരുമെന്ന് കരുതിയോ? ഇടക്ക് സിനിമ തന്നെ വേണ്ടെന്നു വയ്ക്കണമെന്ന് തോന്നിയോ? ഇല്ല. സിനിമ ഒരു വെല്ലുവിളിയാണ്. ചെയ്യുന്ന ജോലി ആസ്വദിച്ചു ചെയ്യുമ്പോൾ ഇട്ടിട്ടു പോകാനൊന്നും തോന്നില്ല.

ആടുജീവിതത്തിനു പൃഥ്വിരാജിന്റെ സംഭാവന വളരെ വലുതായിരുന്നു. പൃഥ്വിരാജ് അല്ലാതെ മറ്റൊരാൾക്ക് ആ റോൾ ചെയ്യാൻ പറ്റുമായിരുന്നോ എന്ന് പറയാൻ പറ്റില്ല. പറയേണ്ട കാര്യവുമില്ല.

സൗദി അറേബ്യയെ ചിത്രം അപമാനിക്കുന്നു എന്ന് പറയുന്നതിൽ അർത്ഥമൊന്നുമില്ലെന്ന് ബ്ലെസി ചൂണ്ടിക്കാട്ടി. 16 വർഷം മുൻപ് ഇറങ്ങിയ പുസ്തകത്തെ ആധാരമാക്കിയാണ് സിനിമ. തുടക്കത്തിൽ തന്നെ ഇത് ആരെയും ആക്ഷേപിക്കാനോ കൊച്ചാക്കാനോ അല്ല എന്ന് എഴുതി കാണിക്കുകയും ചെയ്യുന്നുണ്ട്.

യഥാർത്ഥത്തിൽ പുസ്തകത്തിലെ ചില തെറ്റായ പരാമർശങ്ങൾ സിനിമയിൽ കറക്ട് ചെയ്യുകയാണുണ്ടായത്. ഉദാഹരണത്തിന് ഹലാൽ അല്ലാത്ത മാംസം ഒരു മുസ്ലിം ഭക്ഷിച്ചു വെന്ന പരാമർശം സിനിമയിൽ മാറ്റി.

'ആടുജീവിതം' ഇറങ്ങിയ ശേഷം ഗുണകരമായ മാറ്റങ്ങളും ഉണ്ടായി. ഇപ്പോൾ ലേബർ ക്യാമ്പുകളിലും മറ്റും സൗദി അധികൃതർ കൂടുതലായി പരിശോധന നടത്തുന്നു. തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നു.

സിനിമയുടെ കഥ അറിയാതെയാണ് താൻ ഇതിൽ അഭിനയിച്ചതെന്ന ജോർദാനിയാണ് നടന്റെ പരാമർശത്തിന് മറുപടി പറയേണ്ടതില്ല. ജോലി ചെയ്യുന്നയാൾക്ക് താൻ എന്താണ് ചെയ്യുന്നതെന്ന് അറിയില്ല എന്ന് പറഞ്ഞാൽ അതിനു മറുപടി ഇല്ല. വ്യക്തമായി സ്ക്രിപ്റ്റ് കൊടുത്താണ് അഭിനയിക്കുന്നത്.

എല്ലാ സൂപ്പർ സ്റ്റാറുകളും തന്റെ ചിത്രങ്ങളിൽ അഭിനയിച്ചു. 'കാഴ്ച' എഴുതിയത് മമ്മൂട്ടിയെ ലക്ഷ്യം വച്ചല്ല. ശ്രീനിവാസനുമായാണ് ആദ്യം സംസാരിച്ചത്. മമ്മൂട്ടി വന്നത് നേട്ടമായെങ്കിലും ഇല്ലായിരുന്നെങ്കിലും സാധാരണ സിനിമയായി അത് നിലനിൽക്കുമായിരുന്നു.



സിനിമ വിജയിക്കുന്നത് ജനം അതിൽ എന്തെങ്കിലും തങ്ങളെ സ്പർശിക്കുന്നതായി കാണുമ്പോഴാണ്. പറഞ്ഞു പറഞ്ഞുള്ള പബ്ലിസിറ്റി ആണ് പല സിനിമകളെയും വിജയിപ്പിക്കുന്നത്. 'കാഴ്ച' ഒരാഴ്ചക്ക് ശേഷമാണ് വലിയ വിജയത്തിലേക്ക് നീങ്ങിയത്-ബ്ലസ്സി പറഞ്ഞു.

ബ്ലാസിക്കൊപ്പം വന്ന പത്തനംതിട്ട ജില്ലാ യു.ഡി.എഫ്. ചെയർ അഡ്വ. വർഗീസ് മാമ്മനും സംസാരിച്ചു. കാലില്ലാത്തവർക്ക് കൃത്രിമ കാൽ നൽകുന്ന ലൈഫ് ആൻഡ് ലിംബ് പ്രസ്ഥാനത്തിന്റെ ജോൺസന്റെ സേവനങ്ങൾ അദ്ദേഹം അനുസ്മരിച്ചു.

നാല് സിനിമ എടുത്ത തൻ ഇനി ആ രംഗത്തേക്കില്ലെന്നു പോൾ കറുകപ്പള്ളി പറഞ്ഞു. ആളുകളെ സഹായിക്കാനാണ് പോകുന്നത്. പണം നഷ്ടമാകുന്നത് മാത്രമല്ല പ്രശ്നം. ഒരു മൂവിക്ക് തീയറ്ററിൽ ആളെ കാശു കൊടുത്തു കയറ്റിയതാണെന്നു ഒരു നടൻ പറഞ്ഞത് കേട്ടപ്പോൾ അതിശയം തോന്നി. മുൻപൊന്നും അങ്ങനെ കേട്ടിട്ടേയില്ല. വർഗീസ് മാമ്മനെ അദ്ദേഹം ഷാൾ അണിയിച്ചു

തോമസ് കോശിയും മലയാളി സമൂഹവുമായുള്ള ബന്ധങ്ങൾ ബ്ലെസിയും വർഗീസ് മാമ്മനും എടുത്തു പറഞ്ഞു.

ഫോമാ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ് അടക്കം തോമസ് കോശിയുടെ സുഹൃദ്‌വലയത്തിൽ നിന്നുള്ള ഒട്ടേറെ പേർ പങ്കെടുത്തു.

hanover bank



# SBA & USDA Solutions for Financing










## *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

**Contact us**

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

**Visit our location**

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

Member FDIC    EQUAL OPPORTUNITY LENDER

*SBA 7a Loan Program    **USDA B&I Loan Program
© 2024 Hanover Community Bank. All rights reserved.

04/24



# കവിതയുടെ അമ്പതാം വർഷം

## ജോസഫ് നമ്പിമഠത്തിന്റെ കവിത

## ഇ-മലയാളിയുടെ ഹൃദയംഗമമായ ആശംസകൾ

1975 ൽ ഇന്ദിരാ ഗാന്ധി, ഇന്ത്യയിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. അക്കാലത്തെ പൊതുവായ അച്ചടക്കവും, മറ്റു നല്ല വശങ്ങളും കണ്ടപ്പോൾ എഴുതിയതാണ് ഈ കവിത. അന്ന് എനിക്കു 22 വയസു പ്രായം. അടിയന്തിരാവസ്ഥ ഒരു കരിനിയമം ആണ് എന്നുള്ള അറിവ്, അതു പ്രഖ്യാപിച്ചപ്പോൾ മറ്റുള്ള പലരെയും പോലെ എനിക്കും അറിയില്ലായിരുന്നു. അടിയന്തിരാവസ്ഥയെ സൂചിപ്പിക്കുന്ന ഒരു പരാമർശവും ഈ കവിതയിൽ ഇല്ല. കൊയ്ൺത്തു നടക്കുന്ന ഒരു വയലിന്റെ വരന്പിൽ കൂടെ നടന്നപ്പോൾ മനസ്സിൽ പൊന്തിവന്ന 'പുതുനെല്ലിൻ പുതുമണം' എന്ന രണ്ടു പദങ്ങളിൽ നിന്നാണ് കവിതയുടെ ജനനം. ഏഴാം കൽസിൽ പഠിക്കുന്പോൾ മുതൽ കൊച്ചു കൊച്ചു കവിതാശകലങ്ങൾ കുത്തികുറിച്ചിരുന്നെങ്കിലും ഈ കവിതയാണ് പ്രസിദ്ധീകൃതമായ ആദ്യ കവിത. വഞ്ചി പാട്ടിന്റെ ഈണത്തിൽ പാടാവുന്നതാണ്. അക്കാലത്തെ ഒരു ഫോട്ടോ ആണ് കൂടെ കൊടുത്തിരിക്കുന്നത്.

1976 ൽ ദീപികയിൽ ആണ് ആദ്യ കൃതികൾ പ്രസിദ്ധീകരിച്ചു വന്നത്. മരിയദാസ് നന്പിമഠം എന്ന തൂലികാ നാമത്തിലാണ് എഴുതി തുടങ്ങിയത്. 1976 ലെ ദീപിക ഓണപ്പതിപ്പിന്റെ മുഖ്യ ലേഖനമായി പ്രസിദ്ധീകരിച്ചത്' 'ഓണം ഒരു മാതൃകാ ലോക സങ്കൽപ്പം' എന്ന എന്റെ ലേഖനമാണ്. ദീപിക, കേരളഭൂഷണം, മനഃശാസ്ത്രം, കേരള കവിത, കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരണമായ സാഹിത്യ ലോകം തുടങ്ങി കേരളത്തിലെ പല പ്രശസ്ത പ്രസിദ്ധീകരണങ്ങളിലും കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.1985 ൽ ആണ് അമേരിക്കയിൽ എത്തുന്നത്. ഏഴു തവണ ഫൊക്കാന അവാർഡ്, മലയാളം പത്രം അവാർഡ്, ലാന പുരസ്കാരം, തുടങ്ങി പല അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. രണ്ടു കവിതാ സമാഹാരങ്ങൾ, ഒരു ലേഖന സമാഹാരം, ഒരു ചെറുകഥാ സമാഹാരം എന്നിവ കേരളത്തിലെ മൾബറി, പാപ്പിയോൺ എന്നീ പ്രസിദ്ധീകരണശാലകൾ പുസ്തകം ആക്കിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ അര നൂറ്റാണ്ടായി എഴുതിയിട്ടുള്ള കവിതകളെല്ലാം ചേർത്ത് ഒരു സമ്പൂർണ സമാഹാരം ഒക്ടോബറിൽ പ്രസിദ്ധീകരിക്കുന്നു.

ഇ-മലയാളിയുടേ അവാർഡ് സമ്മാനവേളയിൽ ശ്രീ നമ്പിമഠവുമായി നടത്തിയ അഭിമുഖത്തിന്റെ സ്ക്രിപ്റ്റ് താഴെ കൊടുക്കുന്നു.

**പുതുയുഗ പിറവി**

പുതുയുഗപ്പിറവിയാൽ പുളകിത മമനാടേ
പാടീടട്ടെ പുതുമതൻ പുതുഗീതങ്ങൾ.

ഹരിതമാം തുകിലുകൾ
ചേലിലെടുത്തണിഞ്ഞിട്ടും
ഹിമകണം തുളുന്പുന്ന താലവുമായി,

വരവേൽക്കാനണയുന്നു സുരഭില
സുപ്രഭാത മലതല്ലുമാമോദത്തിൻ
തിരയാണെങ്ങും.
വെള്ള മേഘപ്പാളികളിൽ
വെള്ളിപ്പൂക്കൾ നിറയുന്നു,
വെള്ളയാമ്പൽ പൊയ്ൺകകളിൽ
പൂക്കളും നീളെ.

മൃദു തെന്നൽ തന്റെ ഉള്ളിൽ
പൂവുകൾ താൻ പുതുഗന്ധ
മുണരുന്ന മമ നാടിൻ നിശ്വാസം പോലെ.

വനവർണ രാജികളെ തഴുകിച്ചരിക്കും
ചോലകളും തവശ്രുതി
നീട്ടിപ്പാടുന്നു നിത്യം.

ഇളമുളന്തണ്ടുകളീ കണ്ണൻ
തന്റെ മുരളി പോൽ,
തൂമയോടെ പാടീടുന്നു
തുകിലുണർത്താൻ.

സ്വച്ഛമാകുമംബരത്തിൽ
പഞ്ചവർണപ്പതംഗിക
ലല്ലലേതു മറിയാതെ പറന്നീടുന്നു.

പുതുനെല്ലിൻ പുതുമണം നിറയുന്നു
ധരണിയിൽ
പുതുഗന്ധമുയരുന്നു വയലുകളിൽ.

ഫുല്ലമായ മനമോടെ കരങ്ങളിൽ
കരിയേന്തി കർഷകരെ ചെല്ലൂ
നിങ്ങൾ കേദാരങ്ങളിൽ.

ശൂന്യമായ മൃത ഭൂവിൽ വിരിയട്ടെ
പുളകങ്ങൾ നിറയട്ടെ ഭൂതലങ്ങൾ
കതിർമണിയാൽ.

തോക്കുകളെ ത്യജിച്ചിടും കാലം
നിങ്ങൾ തന്നെ യോദ്ധാ
ക്കളും വരും ഭാവിലോകത്തിന്റെ
വിധാതാക്കളും.

ദൃഢമാകും മനസ്സോടെ പോകൂ
തൊഴിലാളികളെ കുറിക്കുക
ഹൃദയത്തിൻ വാതായനത്തിൽ

നൂതനമാം മുദ്രാവാക്യമിന്നു
ഞാനീ ഭാരതത്തെ
പ്പുതിയൊ'രുദയസൂര്യ' നാടാക്കി മാറ്റും.


യുവശക്തികളെ വേഗം കുലച്ചിടൂ
വില്ലുകളെ
നിഹനിക്കൂ നിർദ്ദയമീ ശിഖണ്ഡികളെ.

മർക്കടങ്ങളായിരമാ മാർഗ്ഗമതിൽ കിടന്നാലും
മടിയോടെ നിന്നീടല്ലേ നിർവീര്യരായി.

കുരുക്ഷേത്ര യുദ്ധമിന്നു തുടങ്ങുന്നു വീണ്ടുമിതാ
ശരശയ്യാ തന്നിലിന്നും ശയിക്കും സത്യം.

പാഞ്ചജന്യം മുഴങ്ങുന്നു ഉണരുകയല്ലെന്നാകിൽ
കാല ചക്രമതിൻ കീഴിൽ ഞെരിയും മർത്ത്യൻ

നിദ്രതന്നെയകറ്റിടൂ, മിഴികളെത്തുറന്നീടൂ
പടച്ചട്ടയണിഞ്ഞിടൂ ഉത്സാഹമോടെ.



****************

ഉദയസൂര്യ നാട്¬ ജപ്പാൻ

ശിഖണ്ഡി ¬ ആണും പെണ്ണുമല്ലാത്തവൻ, ഉപദ്രവകാരി

പാഞ്ചജന്യം ¬ വിഷ്ൺണുവിന്റെ ശംൺഖ്.

ശ്രീ നമ്പിമഠവുമായുള്ള അഭിമുഖം –



# തീവ്രവാദം അന്ധരാക്കുന്നവർ

നടപ്പാതയിൽ ഇന്ന് - 120
ബാബു പാറയ്ക്കൽ

**നടപ്പാതയിൽ ഇന്ന് - 120**
**ബാബു പാറയ്ക്കൽ**

ഒരു നാട്ടുകാരൻ പ്രവാസിയായി മറ്റൊരു രാജ്യത്തേക്ക് കുടിയേറുന്നത് അവന്റെ സ്വന്തം നാട്ടിൽ ജീവിത സൗകര്യങ്ങൾ കുറയുന്നതുകൊണ്ടാണ്. അഥവാ, കൂടുതൽ സൗകര്യങ്ങൾ ലഭിക്കുമെന്നതുകൊണ്ടാണ്. അങ്ങനെ നാം ചെന്ന് കയറുന്ന രാജ്യങ്ങൾക്ക് അവരുടേതായ സംസ്ക്കാരവും ജീവിത ശൈലികളുമുണ്ട്. അവിടെ നാം ചെല്ലുമ്പോൾ അവരുടെ സംസ്ക്കാരം മനസ്സിലാക്കാനും അതിനെ ബഹുമാനിക്കാനും പഠിക്കണം. അവിടെ വസിക്കുമ്പോഴും നമ്മുടെ തനതായ സംസ്ക്കാരം നാം പാടേ കൈവിടണമെന്നർത്ഥമില്ല. നമ്മിൽ സ്വാംശീകരിക്കപ്പെട്ടിരിക്കുന്ന നല്ല ജീവിത മൂല്യങ്ങൾ അവിടത്തെ സംസ്ക്കാരത്തെ പരിപോഷിപ്പിക്കുമെങ്കിൽ അവ തുടരുന്നതിൽ തടസ്സമുണ്ടാകില്ല. എന്നാൽ നാം പഠിച്ചിരിക്കുന്ന, അഥവാ പിന്തുടരുന്ന, നമ്മുടെ ജീവിത രീതികൾ അവിടെയുള്ളവർക്ക് അനിഷ്ടകരമെന്നു തോന്നിയാലും അത് അവരുടെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത് പലപ്പോഴും പ്രത്യാഘാതങ്ങളുണ്ടാക്കും.

അതാണ് ഇപ്പോൾ യുകെ യിലും യൂറോപ്പിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. നമുക്ക് അഭയം തന്ന രാജ്യങ്ങളിൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്ന അവരുടെ മതവിശ്വാസവും ജീവിതരീതികളും പാടേ മാറ്റി നമ്മുടെ മതവിശ്വാസവും മതാടിസ്ഥാനത്തിലുള്ള ജീവിത രീതികളും അവിടെ നടപ്പാക്കണം എന്നു ശാഠ്യം പിടിക്കുന്നത് ആപത്തു ക്ഷണിച്ചു വരുത്തിയാൽ കുറ്റം പറയാനാവില്ല. ഇന്നലെവരെ സ്നേഹത്തോടെ കഴിഞ്ഞിരുന്നവർ ഇന്ന്



ശത്രുക്കളെപ്പോലെ നമ്മോടു പെരുമാറുന്നുവെങ്കിൽ അതിന്റെ കാരണം നാം തന്നെയാണ് സൃഷ്ഠിച്ചിരിക്കുന്നത്. ഈ ലേഖകന്റെ ഒരു സുഹൃത്ത് ഇംഗ്ലണ്ടിൽ അദ്ദേഹത്തിനുണ്ടായ ഒരനുഭവം ഈയിടെ പങ്കുവയ്ക്കുകയുണ്ടായി. കുട്ടിയെ സ്കൂളിൽ കൊണ്ടുവിടാൻ എന്നും പോയിരുന്ന അദ്ദേഹത്തിനോട് ഇന്നലെ വരെ കാണുമ്പോൾ 'ഹായ്' പറഞ്ഞിരുന്നവർ ഇന്ന് ദേഷ്യപ്പെട്ടു നോക്കുകയും മുഖത്തോട്ടു നോക്കി നിലത്തു തുപ്പുകയും ചിലർ കല്ലെറിയുകയും ചെയ്യുന്നു. ചിലർ 'പിഗ് ഫേസ്, ഗോ ബാക്ക്' എന്ന് പറയുന്നു.




അഭയാർഥികളായി വന്ന ഒരു പ്രത്യേക മതക്കാർ സർക്കാരിന്റെ സൗമനസ്യത്തിൽ എല്ലാ സുഖസൗകര്യങ്ങളും സ്വീകരിച്ചു പുഷ്ടിപ്പെട്ടു കഴിഞ്ഞപ്പോൾ അവരുടെ മതാചാരങ്ങളും നിയമങ്ങളും ആ നാട്ടുകാരുടെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചതിന്റെ പ്രത്യാഘാതമായിരുന്നു അവിടെ കാണപ്പെട്ടത്. ഇനി അവിടെ സമാധാനത്തോടെ കഴിയാമെന്ന് വിചാരിക്കുന്നില്ല എന്നാണ് സുഹൃത്ത് പറഞ്ഞത്. അദ്ദേഹം ആ മതസ്ഥനല്ലെങ്കിലും തൊലിയുടെ നിറം കൊണ്ട് അവരിൽ പെട്ടുപോകുന്നു. യുകെയിലും യൂറോപ്പിലും പ്രശ്നമായി മാറിയത് മുസ്ലിം തീവ്രവാദികളാണെങ്കിൽ കാനഡയിൽ പ്രശ്നമുണ്ടാകുന്നത് ഇപ്പോൾ സിഖ് കാരായ തീവ്രവാദികളാണ്.

1980 കളിൽ പഞ്ചാബിലെ ശക്തമായ അകാലിദൾ പാർട്ടിയെ പിളർത്താനായി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ വളർത്തിയെടുത്ത ഭിന്ദ്രൻവാല എന്ന ഭീകരവാദി എന്നാൽ 'ഖാലിസ്ഥാൻ' പ്രസ്ഥാനവുമായി പുരയ്ക്കു മുകളിലേക്കു വളർന്നപ്പോൾ വെട്ടിക്കളയാൻ സർക്കാർ തീരുമാനിക്കുന്നു. സിഖ് കാരുടെ പവിത്രമായ സുവർണ്ണക്ഷേത്രം ആയുദ്ധക്കോപ്പുകളുടെ ശേഖരത്തോടെ അവർ കയ്യടക്കി അവിടെയിരുന്നു ഭീകരപ്രവർത്തനം നിയന്ത്രിച്ചപ്പോൾ ഇന്ത്യൻ മിലിട്ടറി അവരെ അവിടെക്കയറി കൊന്നൊടുക്കി. ആ 'ഓപ്പറേഷൻ ബ്ലൂ സ്റ്റാർ' ൽ ക്ഷേത്രത്തിനു കേടുപാടുകൾ സംഭവിച്ചു. അത് സിഖ് കാരുടെ മനസ്സിൽ വല്ലാത്ത മുറിവുണ്ടാക്കി.

അതിന്റെ പ്രതികാര താണ്ഡവത്തിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിക്ക് 1984 ഒക്ടോബർ 31 ന് സ്വന്തം ജീവൻ ബലി കൊടുക്കേണ്ടിവന്നു. അതെ തുടർന്നുണ്ടായ ജനരോഷത്തിൽ ഏതാണ്ട് മൂവായിരത്തോളം സിഖ് കാർക്ക് ജീവൻ നഷ്ട്ടപ്പെട്ടു. പ്രതികാരമായി കാനഡായിൽ ഉണ്ടായിരുന്ന സിഖ് തീവ്രവാദികൾ 1985 ജൂൺ 23 ന് ടോറോന്റോയിൽ നിന്നും പുറപ്പെട്ട എയർ ഇന്ത്യയുടെ ഫ്ലൈറ്റിൽ ബോംബ് വച്ച് അതിൽ ഉണ്ടായിരുന്ന 329 പേരെയും കൊലപ്പെടുത്തി.

പഞ്ചാബിലും ഖാലിസ്ഥാൻ പ്രശ്നം വീണ്ടും ഫണമുയർത്തി. എന്നാൽ പോലീസ് വിദഗ്ദ്ധമായി അതിനെ അടിച്ചമർത്തി. ആ പോരാട്ടത്തിൽ അവസരം മുതലെടുത്തു നൂറുകണക്കിന് സിഖ് കാർ അവിടെ നിന്നും കാനഡയിലേക്കും അമേരിക്കയിലേക്കും 'അഭയാർഥികളായി' എത്തി. ഇവിടെ ജീവിതം കരുപ്പിടിപ്പിച്ചവർ മുന്നോട്ടു നീങ്ങി. പലരും ബിസിനസ് രംഗത്ത് കാര്യമായി ശോഭിച്ചു. സാമ്പത്തികമായും രാഷ്ട്രീയമായും ശോഭിച്ച അവരിൽ ചിലരിലെങ്കിലും പതുക്കെ പഴയ ഖാലിസ്ഥാൻ വാദം തലപൊക്കി. അവർ പഞ്ചാബിലെ രാഷ്ട്രീയത്തിൽ വീണ്ടും ഈ വാദം ശക്തിപ്പെടുത്താനായി ഇടപെട്ടപ്പോൾ അതിനെ സർക്കാർ നേരിട്ടു.

വിഘടനവാദം പ്രത്യക്ഷമായും പരോക്ഷമായും പ്രോത്സാഹിപ്പിച്ച പലരെയും ജയിലിലടച്ചു. അതിന്റെ പ്രതികാരമെന്നവണ്ണം കാനഡയിൽ ഖാലിസ്ഥാൻ വാദികൾ പരസ്യമായി രംഗത്ത് വന്നു. അതിന്റെ നേതാവായിരുന്ന നിജ്ജാർ എന്ന നേതാവ് പരസ്യമായി ഇന്ത്യയിൽ കലാപത്തിന് ആഹ്വാനം ചെയ്തു സർക്കാരിന് തലവേദനയായി. താമസിയാതെ വാൻകൂവറിലെ സറിയിൽ വച്ച് അജ്ഞാതന്റെ വെടിയേറ്റ് നിജ്ജാർ കൊല്ലപ്പെട്ടു. ഇത് ഇന്ത്യൻ ഏജന്റുമാർ ചെയ്തതാണെന്ന് ഖാലിസ്ഥാൻ അനുഭാവികൾ ആരോപിച്ചു. അധികാരത്തിൽ തുടരാൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയ്ക്ക് സിഖ് കാരുടെ പിന്തുണ അനിവാര്യമായതിനാൽ 'കാനഡയുടെ അധികാരത്തിൽ ഇന്ത്യ കൈകടത്തി' എന്ന് പാർലമെന്റിൽ പ്രസ്താവന നടത്തി അദ്ദേഹം അവർക്കു പിന്തുണ നൽകി.

അത് ഇന്ത്യാ ഗവണ്മെന്റിനെതിരെ എന്തു തരം അക്രമ പ്രവർത്തനത്തിനും ഖാലിസ്ഥാൻ വാദികൾക്ക് ലൈസൻസ് നൽകി. ഇന്ത്യൻ പ്രധാനമന്ത്രിക്കും മറ്റു പല നേതാക്കൾക്കും എതിരായി പരസ്യമായി വധ ഭീഷണി മുഴക്കിക്കൊണ്ട് ബിൽ ബോർഡുകളും ഫ്ളോട്ടുകളും കാനഡയുടെ വിവിധ സ്ഥലങ്ങളിൽ അരങ്ങേറി. ഖാലിസ്ഥാന് വേണ്ടി പഞ്ചാബിൽ സർക്കാർ ജനഹിതപരിശോധന നടത്തണമെന്ന് അവർ ആഹ്വാനം ചെയ്തു. കാനഡയിൽ ഇങ്ങനെയൊക്കെ അരങ്ങേറിയെങ്കിലും യു എസ്ൽ ഇതുവരെ പ്രത്യക്ഷമായി ഇങ്ങനെയൊന്നുമുള്ള പ്രവർത്തനത്തിന് അനുവദിച്ചിരുന്നില്ല.

എന്നാൽ ഇന്ന് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇവിടെ സന്ദർശനത്തിന് എത്താനിരിക്കെ ഇന്ത്യക്കാർ തിങ്ങിപ്പാർക്കുന്ന ക്യൂൻസിലെ ബെൽറോസിൽ ഗതാഗത ബാഹുല്യമുള്ള ഹിൽസൈഡ് അവന്യൂ ന്റെ വശത്തായി നരേന്ദ്ര മോദിയ്ക്ക് വധഭീഷണി ഉയർത്തുന്ന രണ്ടു ബിൽ ബോർഡുകൾ പ്രത്യക്ഷപ്പെട്ടത് സാധാരണക്കാരായ ഇന്ത്യക്കാരെ ഞെട്ടിച്ചു. എന്നാൽ 24 മണിക്കൂറിനുള്ളിൽ തന്നെ അധികാരികൾ അവയെ നീക്കം ചെയ്തു. 'ഇവിടെ വെറുപ്പിന് സ്ഥാനമില്ല' എന്നു പ്രഖ്യാപിച്ച മേയർ ഇവിടെ ഇങ്ങനെയുള്ള വിധ്വംസക പ്രവർത്തങ്ങൾ അനുവദിക്കില്ലെന്നു പ്രതീക്ഷിക്കാം. ഈ ബിൽ ബോർഡുകൾ സ്ഥാപിച്ചവരെപ്പറ്റി അധികാരികൾ അന്വേഷിക്കുന്നതായിട്ടാണ് അറിയാൻ കഴിഞ്ഞത്. എന്തായാലും പ്രധാനമന്ത്രി സുരക്ഷിതമായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

ഈ സംഭവത്തെ പറ്റി സംസാരിച്ചപ്പോൾ ഒരു സുഹൃത്തായ സിഖ് കാരൻ പറഞ്ഞത്, 'അവർ ബുദ്ധിയില്ലാത്ത വിഡ്ഢികളാണ്. അവർക്കു ഖാലിസ്ഥാൻ വേണമെങ്കിൽ അവർ ഇന്ത്യയിൽ വന്നു ഫൈറ്റ് ചെയ്യട്ടെ. അവർ കാനഡയിലും അമേരിക്കയിലും ഇരുന്ന് കുരയ്ക്കുന്നു. അവർ കാനഡയിൽ സ്വന്തം ഖാലിസ്ഥാൻ ഉണ്ടാക്കട്ടെ. ഇന്ത്യയിൽ ആർക്കും ഖാലിസ്ഥാൻ വേണ്ട.' ആ ബോധ്യം ഈ ഖാലിസ്ഥാൻ വാദികൾക്ക് എന്നുണ്ടാകുമോ!

എല്ലാ ഐശ്വര്യങ്ങളും നേടുവാൻ അവസരങ്ങൾ കാത്തു നിൽക്കുന്ന ഈ പ്രവാസലോകത്തിൽ മതവും വിശ്വാസവും ഓർത്തു ജീവിക്കാൻ മറന്നു പോകുന്നവരെ ഓർത്തു പരിതപിക്കാം.


HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Discover
a New You at
TOTAL MEDICAL 360 LLC.
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# പതിനേഴാമത് എൻ കെ ലൂക്കോസ് വോളിബാൾ ടൂർണമെന്റിൽ ഫില്ലി സ്റ്റാർസ് ഫിലാഡൽഫിയ ജേതാക്കൾ, കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് റണ്ണറപ്പ്

നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ വോളിബാൾ ടൂർണമെന്റിനാണ് നയാഗ്ര സാക്ഷ്യം വഹിച്ചത്. ജനപങ്കാളിത്തം കൊണ്ടും ടീമുകളുടെ സാന്നിധ്യത്താലും ആഘോഷമായിരുന്നു ഇത്തവണത്തെ എൻ കെ ലൂക്കോസ് വോളിബാൾ ടൂർണമെന്റ്. മൂന്ന് കാറ്റഗറിയിലായി ഇരുപത്തിമൂന്നു ടീമുകൾ പങ്കെടുത്ത വോളിബാൾ ടൂർണമെന്റ് നയാഗ്ര പാന്തേഴ്സിന്റെ ആഭിമുഖ്യത്തിലാണ് സംഘടിപ്പിച്ചത്. അമേരിക്കയിലെയും കാനഡയിലെയും ഏറ്റവും കൂടുതൽ ടീമുകളെ അണിനിരത്തി മത്സരം സംഘടിപ്പിക്കാൻ ആയി എന്നതാണ് ഇക്കുറി മത്സരത്തെ വ്യത്യസ്താമാക്കുന്നത്.

ഓപ്പൺ കാറ്റഗറി വിഭാഗത്തിൽ നേരിട്ടുള്ള സെറ്റുകൾക്ക് കാലിഫോർണിയ ബ്ലാസ്റ്റേഴ്സിനെ തോൽപ്പിച്ചു ഫിലാഡെൽഫിയ ഫില്ലി സ്റ്റാർസ് പതിനേഴാമത് എൻ കെ ലൂക്കോസ് വോളിബാൾ ട്രോഫി കൈക്കലാക്കി. 40 പ്ലസ് വിഭാഗത്തിൽ ബ്രാംപ്ടൺ സ്പൈക്കേഴ്സിനെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തി ന്യൂ യോർക്ക് സ്പൈക്കേഴ്സ് ഒന്നാമതെത്തി. എന്നാൽ അണ്ടർ 18 വിഭാഗത്തിൽ ന്യൂ യോർക്ക് സ്പൈക്കേഴ്സിൽ നിന്നും വിജയം താമ്പാ ബേ ഈഗിൾസ് തട്ടിയെടുത്തു. ഫിലി സ്റ്റാർസിലെ ഡോ. ജോർജ് മുണ്ടഞ്ചിറയാണ് എംവിപി. ബെസ്റ്റ് ഒഫൻസ് കാലിഫോർണിയ ബ്ലാസ്റ്റേഴ്സിലെ ബ്രാൻഡൻ കൈതത്തറയും ബെസ്റ്റ് സെറ്റർ കാലിഫോർണിയ ബ്ലാസ്റ്റേഴ്സിലെ തന്നെ കെയിൽ തെക്കേക്കും ആണ്. ഫില്ലി സ്റ്റാർസിലെ അലോഷ് അലക്സ് ആണ് ബെസ്റ്റ് ഡിഫെൻസ് പ്ലയെർ. അണ്ടർ 18 വിഭാഗത്തിൽ താമ്പയിലെ റിയോൺ കണ്ടാരപ്പള്ളി ആണ് മോസ്റ്റ് വാല്യൂബിൾ പ്ലയെർ. കാനഡയിൽ ആദ്യമായി നടന്ന എൻ കെ ലൂക്കോസ് വോളിബാൾ ടൂർണമെന്റ് ആസ്വദിക്കാൻ അദ്ദേഹത്തിന്റെ കുടുംബങ്ങളും എത്തിച്ചേർന്നിരുന്നു..

നയാഗ്ര ഓൺ ദി ലെയ്ക്കിലെ കമ്മ്യൂണിറ്റി സെന്ററിൽ നടന്ന മത്സരം രാവിലെ 8 മണിയോട് കൂടിയാണ് ആരംഭിച്ചത്. മൂന്ന് കോർട്ടുകളിൽ ആയി ആണ് മത്സരം ക്രമീകരിച്ചിരുന്നത്. പ്രൗഢ ഗംഭീരമായ പരേഡും മത്സരത്തോട് അനുബന്ധിച്ചു ഒരുക്കിയിരുന്നു. മത്സരങ്ങൾ അവസാനിച്ച ശേഷം

വൈകിട്ട് ഒൻപതരയോടെ ആരംഭിച്ച പാന്തേഴ്സ് എക്സ്ട്രാ വാഗൻസ സീസൺ 2 ബാങ്ക്വറ്റിൽ ആയിരത്തോളം ആളുകൾ പങ്കെടുത്തു.

റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങളായ പയസ് - റോയ് സഹോദരന്മാരാണ് പരിപാടിയുടെ ടൈറ്റിൽ സ്പോൺസർ. മോർട്ടഗേജ് ഏജന്റായ രെഞ്ചു കോശിയാണ് പരിപാടിയുടെ പ്ലാറ്റിനം സ്പോൺസർ. ടോറോന്റോയിലെ റോയൽ കേരള ഫുഡ്സിലെ സജി മംഗലത്തും ആൻഡ്രൂ മംഗലത്തും ആണ് മറ്റൊരു സ്പോൺസർ.

ആഷ്‌ലി ജെ മാങ്ങാഴയായിരുന്നു ടൂർണമെന്റിന്റെ ജനറൽ കൺവീനർ. പയസ് ആലപ്പാട്ട് ആയിരുന്നു ഇന്റർനാഷണൽ ടൂർണമെന്റ് കോ-ഓർഡിനേറ്റർ. എന്റർടൈൻമെന്റ് കോ-ഓർഡിനേറ്റർ ഡീന ജോൺ. ലിജേഷ് പുതുശേരിയും, അനീഷ് കുരിയനുമായിരുന്നു മാച്ച് ഒഫീഷ്യൽസ്.

നയാഗ്ര പാന്തേഴ്സിന്റെ ഡയറക്റ്റർ ബോർഡ് ചെയർമാൻ തോമസ് ലൂക്കോസ്, മറ്റു ഡയറക്ടർമാരായ ഷെജി ജോസഫ് ചാക്കുംകൽ, അനിൽ ചന്ദ്രപ്പിള്ളിൽ, ധനേഷ് ചിദംബര നാഥ്, എബിൻ മാത്യു, ലിജോ വാതപ്പിള്ളി, എൽഡ്രിഡ് കാവുങ്കൽ, ബിജു ജയിംസ് എന്നിവരുടെ നേതൃത്വത്തിലാണ് വോളി ബോൾ മത്സരം സംഘടിപ്പിച്ചത്. പ്രസിഡന്റ് ഡെന്നി കണ്ണൂർക്കാടാൻ, വൈസ് പ്രസിഡന്റ് തോമസ് ഫിലിപ്പ്, സെക്രട്ടറി



നിഖിൽ ജേക്കബ്, ട്രഷറർ ബിബിൻ സെബാസ്റ്റ്യൻ, ജോയിൻ സെക്രട്ടറി ലിറ്റി ലൂക്കോസ്, ജോയിൻ ട്രഷറർ ജേക്കബ് പച്ചിക്കര, തങ്കച്ചൻ ചാക്കോ, അഭിജിത്ത് തോമസ്, റ്റിനേഷ് ജെറോം, ടെൽബിൻ തോമസ്, സ്റ്റാനി ജെ. തോട്ടം, ബിനോയ് അബ്രഹാം, ദിലീപ് ദേവസ്യ, മനു അബ്രഹാം,എൽവിൻ ഇടമന, ശ്രുതി തൊടുകയിൽ,അനീഷ് കുമാർ പി.ആർ, ജോർജ് തോമസ്, ജോയ്സ് കുര്യാക്കോസ്, പ്രദീപ് ചന്ദ്രൻ, ജാക്സൺ ജോസ്,ബിജു അവറാച്ചൻ,ഷിന്റോ തോമസ് എന്നീ കമ്മറ്റി അംഗങ്ങളും പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചിട്ടുണ്ട്.

ലൂ എന്ന് വിളിപ്പേരുള്ള പ്രശസ്ത വോളിബാൾ താരം എൻ കെ ലൂക്കോസിന്റെ അനുസ്മരണാർഥം ആണ് എൻ.കെ ലൂക്കോസ് എവർ റോളിങ് ട്രോഫി വോളിബാൾ മത്സരം സംഘടിപ്പിക്കുന്നത്. 1980-ൽ അമേരിക്കയിൽ എത്തിയ അദ്ദേഹം, 1987-ൽ ന്യൂയോർക്കിൽ കേരള സ്പൈക്കേഴ്സ് വോളിബോൾ ടീം രൂപീകരിച്ചു. ടീമിലെ പ്രധാന കളിക്കാരനും ആയിരുന്നു. 2003 ഫെബ്രുവരി 27ന് ന്യൂജേഴ്സിയിൽ അപകടത്തിലാണ് എൻ കെ ലൂക്കോസ്





# Blue Ocean
Wealth Solutions

A member of the MassMutual Financial Group



## PHILIPOSE SAMUEL

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.

## PERSONAL NEEDS

**FAMILY PROTECTION**

- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Long-Term Care Insurance
- Estate Conservation & Charitable Planning Strategies
- Medicare Supplement & Advantage Plans*
- Medicare Part D*
- Homeowner's Insurance*
- Auto Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

Financial Services Representative Financial Advisor

O: (516) 326-7028
C: (516) 312-2902
psamuel@financialguide.com | www.blueocean.us.com



MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



### സാറാമ്മ ജോസഫ്

ഹൂസ്റ്റൺ: ഹൂസ്റ്റൺ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗവും, കോട്ടയം തോട്ടയ്ക്കാട് താന്നിമൂട്ടിൽ പൈലോ ജോസഫിന്റെ ഭാര്യയുമായ സാറാമ്മ ജോസഫ് (മോനി 77) അന്തരിച്ചു. പരേത മണർകാട് വൈശ്യംപറമ്പിൽ കുടുംബാംഗമാണ് മക്കൾ: മിനി,ജെയ്നി(ഇരുവരും ഡാലസ്),ജെയ്സൺ (ഹ്യൂസ്റ്റൺ)മരുമക്കൾ: റെനി, വിൻസൺ.ഇരുവരും ഡാലസ്) കൊച്ചുമക്കൾ: ജോയ്, നിക്കോളാസ്, മാഡലിൻ, എലിയാന. സഹോദരി: ലിസി മോൾ ചാക്കോ (ഹൂസ്റ്റൺ).

### കെ.ടി.തോമസ്

ഉള്ളായം:കണയങ്കൽ കെ.ടി.തോമസ് (ബേബി74) അന്തരിച്ചു. ഭാര്യ: പരേതയായ വത്സമ്മ.



### പാസ്റ്റർ തോമസ് മത്തായി

ഹ്യൂസ്റ്റൻ: ക്രൈസ്തവ എഴുത്തുകാരനും പത്തനംതിട്ട ഇലന്തൂർ സ്വദേശിയുമായ പാസ്റ്റർ തോമസ് മത്തായി (88) ഹ്യൂസ്റ്റണിൽ അന്തരിച്ചു. ന്യൂയോർക്ക് എലീം ഫുൾ ഗോസ്പെൽ അസംബ്ലി ചർച്ച് മുൻ സഭാ മുൻ ശുശ്രൂഷകനും, ഇന്ത്യ പെന്തെകോസ്ത് ദൈവസഭ മുൻ സീനിയർ ശുശ്രൂഷകനുമായിരുന്ന അന്തരിച്ച പാസ്റ്റർ മാത്യു സാമുവേലിന്റെ ഇളയ സഹോദരനാണ്. ഭാര്യ : എലിസബത്ത് തോമസ് (കുഞ്ഞുമോൾ). മക്കൾ: ഡോ.ഷേബ പൗലോസ് (ടെക്സസ്), സിബിൽ ജോർജ് (ഒക്കലോഹോമ), പരേതനായ ഡോ. ഷിബു തോമസ്.

### ജോൺസൺ കെ.ജോൺ

കോത്തല:കോലമ്മാക്കൽ ജോൺസൺ കെ.ജോൺ (ബേബിച്ചൻ-55) അന്തരിച്ചു.



### ഗീവർഗീസ് ഉമ്മൻ

ഡാലസ് : കോഴഞ്ചേരി മുത്തൂറ്റ് കുടുംബാംഗം ഗീവർഗീസ് ഉമ്മൻ (കുഞ്ഞുട്ടി 92) ഡാലസിൽ അന്തരിച്ചു. മുംബൈ സ്റ്റേറ്റ്സ്മാൻ എൻജീനിയറിംഗ് കമ്പനിയുടെ മാനേജിങ് ഡയറക്ടർ ആയിരുന്നു. പന്തളം നരിയാപുരം പറമ്പിൽ കുടുംബാംഗം പരേതയായ അമ്മിണി ഉമ്മനായിരുന്നു സഹധർമ്മിണി.മക്കൾ: ലത(ബാംഗ്ളൂർ),ഡോ.ഉഷ (പ്രൊഫസ്സർ, യൂണിവേഴ്സിറ്റി ഓഫ് നോർത്ത് ടെക്സാസ് ), ഗീത (കാനഡ), അലക്സ് (ന്യൂസിലാന്റ് ), സ്മിത (ന്യൂജേഴ്സി).മരുമക്കൾ : രവി മാത്യൂസ്, പരേതനായ ഫിലിപ്പോസ് കുര്യൻ, ഫ്രാൻസിസ്, ആൻ, ഗ്ലെൻ. കൊച്ചുമക്കൾ : മനുവേൽ, ആരോൺ, സാറ, എമി, അലിഷ്യ, ജോൺ, അന്ന, ജോഷ്വാ.



### മാത്യു പണിക്കർ

മിഷിഗൺ: കുണ്ടറ മാറനാട് പുത്തൻപുരയിൽ കുടുംബാംഗമായ മാത്യു പണിക്കർ (90) ഡിട്രോയിറ്റിൽ അന്തരിച്ചു. പുത്തൻപുരയിൽ പരേതരായ പി എം ഇട്ടി പണിക്കരുടേയും മറിയാമ്മ പണിക്കരുടേയും മകനായ മാത്യു പണിക്കർ ആദ്യകാല പ്രവാസിയും മിഷിഗൺ വാറൺ സിറ്റിയിലെ സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ഇന്ത്യയുടെ സ്ഥാപക അംഗങ്ങളിൽ ഒരാളുമാണ്. മാവേലിക്കര പരേത യായ അന്നമ്മ പണിക്കർ പത്നിയാണ്. മക്കൾ: ഐസക്ക് പണിക്കർ, ജയ വർഗീസ് മരുമകൻ: എബ്രഹാം വർഗീസ് സഹോദരങ്ങൾ: കോശി പണിക്കർ, മറിയാമ്മ തിമൊത്തിയോസ്, ജോൺ പണിക്കർ.



### മാത്യു തോമസ്

കോട്ടയം: നീറിക്കാട് വെളിയന്തറയിൽ (മറ്റത്തിൽ പറമ്പിൽ) മാത്യു തോമസ് (93) അന്തരിച്ചു. ഭാര്യ: ലീലാമ്മ തോമസ് വെളിയന്തറയിൽ ഊന്നുകല്ലുങ്കൽ കുടുംബാംഗമാണ്.മക്കൾ: ഷാജി വെളിയന്തറയിൽ (ഫ്ളോറിഡ), സാബു വെളിയന്തറയിൽ (ഫ്ളോറിഡ), ഷജിനി (ഫ്ളോറിഡ), ഷൈല (ഇന്ത്യാന). മരുമക്കൾ: നിർമ്മല മാളിയേക്കൽ (ഫ്ളോറിഡ), ലിസി വെള്ളംതടത്തിൽ (ഫ്ളോറിഡ), സണ്ണി മറിക്കവീട്ടിൽ (ഫ്ളോറിഡ), സാബു പ്ലാംകുഴിയിൽ (ഫ്ളോറിഡ).


### ജോൺ കെ.ജോൺ

പള്ളം:ഇഎസ്ഐ റിട്ട. ഡയറക്ടർ കുമ്മേലിൽ ഷെവലിയർ ജോൺ കെ.ജോൺ (94) കോയമ്പത്തൂരിൽ അന്തരിച്ചു




### വിജയ് ജോർജ് വർക്കി

മയാമി: മാവേലിക്കര ആലിന്റെ തെക്കേതിൽ പരേതരായ മാത്യു വർക്കിയുടെയും ആനാ വർക്കിയുടെയും മകൻ വിജയ് ജോർജ് വർക്കി (75 വയസ്സ്) മയാമിയിൽ അന്തരിച്ചു.മയാമി യൂണിവേഴ്സിറ്റിയിലെ കാൻസർ സ്പെഷ്യലിസ്റ്റ് തിരുവല്ല തെക്കേമതിലുങ്കൽ ഡോ. ജോളി വർക്കി ആണ് ഭാര്യ. മക്കൾ: ഡോ. വിനോദ് വർക്കി, ഡോ. വിവേക് വർക്കി, ഡോ. വീണ വർക്കി.മരുമക്കൾ: എസ്തേർ വർക്കി, ഡോളി മാത്യു. കൊച്ചുമക്കൾ: ആരിയെ ൽ, സാക്കറി, റെമി.സഹോദരങ്ങൾ: അജിത് വർക്കി, ഉഷാ കോശി, ശാന്താ ജോർജ്. അമേരിക്കയിൽ ജോർജിയ ഇൻസ്റ്റിറ്റ്യൂട്ട് റ്റെക്ക്നോളേജിയിൽ ഉന്നത വിദ്യാഭ്യാസം പൂർത്തിയാ ക്കിയ വിജയ് ജോർജ് വർക്കി പ്രശസ്തനായ ഒരു ആർക്കിടെക്ട് ആണ്.



### ജിമ്മി സൈമൺ

ചിക്കാഗോ: ചിക്കാഗോ മലയാളി ജിമ്മി സൈമൺ വെട്ടുകാട്ടിൽ കൊച്ചി എയർപോർട്ടിൽ കുഴഞ്ഞു വീണു മരിച്ചു. നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ ഡ്യൂട്ടി ഫ്രീ ഷോപ്പിൽവച്ചാണ് സംഭവം. മുപ്പത്തിയാറു വർഷമായി ചിക്കാഗോയിൽ താമസിക്കുന്ന പുന്നത്തുറ സ്വദേശി ജിമ്മി സൈമൺ നാട്ടിലുള്ള അമ്മയെ സന്ദർശിക്കുന്നതിനുവേണ്ടിയാണ് എത്തിയ ത്. വെട്ടുകാട്ടിൽ പരേതനായ സൈമണും തങ്കമ്മയുമാണ് മാതാപിതാക്കൾ. ഭാര്യ: റാണി കടവിൽ. മക്കൾ: നിമ്മി, നീതു, ടോണി. മരുമകൻ: ഉണ്ണി. മുപ്പത് വർഷക്കാലമായി ചിക്കാഗോ നോർത്ത് ലേക്കിലുള്ള കിൻഡ്രഡ് ആശുപത്രിയിൽ റെസ്പിറേറ്ററി തെറാപ്പി സൂപ്പർ വൈസറായി ജോലി ചെയ്തുവരികയായിരുന്നു ജിമ്മി സൈമൺ.



### പി ബാലരാജൻ

വാഷിംഗ്ടൺ: ഇന്ത്യൻ ഫോറിൻ സർവീസിൽ നിന്ന് റിട്ടയർ ചെയ്ത പി ബാലരാജൻ (84), വാഷിംഗ്ടൺ ഡിസിയിൽ അന്തരിച്ചു. കേരളത്തിലെ നീലേശ്വരം സ്വദേശിയാണ്. ഭാര്യ മീര. മക്കൾ: അമൃത, കവിത, തുഷാർ.

### മേരിക്കുട്ടി ചാക്കോ

ചങ്ങനാശേരി:കുരിശുംമൂട് ഒറ്റാറയ്ക്കൽ മേരിക്കുട്ടി ചാക്കോ (88) അന്തരിച്ചു. കുരിശുംമൂട് മറ്റപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ജോസഫ് ചാക്കോ. മക്കൾ: പരേതയായ ജസമ്മ പുല്ലുകാട്, ജോഷി (മുംബൈ), ജിമ്മിച്ചൻ, ജോജി. മരുമക്കൾ: ഫിലിപ്പ് കുട്ടി പുല്ലുകാട് (കൂത്രപ്പള്ളി), ആലീസ് ജോഷി കൊല്ലോട്ടിൽ പുതുവൽ (പത്തനാപുരം), മിനി കുടിലിൽ അമ്പൂരി (തിരുവനന്തപുരം), ബിനു മാളികയിൽ കല്ലുകളം (വടക്കേക്കര).



### ജോൺ പ്ലാതോലി

ന്യൂയോർക്ക്: സഫേണിൽ താമസിക്കുന്ന ജോൺ പ്ലാതോലി (82) അന്തരിച്ചു. ന്യുയോർക്കിലെ Bengal Tiger (White Plains), Twins India (Nanuet) റസ്റ്റോറന്റുകളിൽ ഷെഫായി ജോലി ചെയ്തിരുന്നതോടൊപ്പം, കേരളത്തിലെ കൊച്ചിയിലെ ഹോട്ടൽ ഗ്രാന്റിലും ജോലി ചെയ്തു.

### കെ.കുര്യൻ

കറുകച്ചാൽ:റിട്ട. ഹെഡ് ക്ലാർക്ക് കൊമ്പശ്ശേരിൽ തെക്കേതിൽ കെ.കുര്യൻ (ബാബു,83) അന്തരിച്ചു.ഭാര്യ: എലിസബത്ത് കുര്യൻ. മക്കൾ: സുനിൽ കുര്യൻ (യുഎസ്), ഡോ. സുമ കുര്യൻ (കഞ്ഞിക്കുഴി). മരുമക്കൾ: സുജാത കുര്യൻ (യുഎസ്), ജോർജ് ഏലിയാസ്.

### കെ.എൻ.നാരായണൻകുട്ടി നായർ

ചോഴിയക്കാട്: കെ.എൻ. നാരായണൻകുട്ടി നായർ (68) അന്തരിച്ചു.



### റൂബി ജോസ്

ചാലക്കുടി: ചിറമേൽ ജോസിന്റെ ഭാര്യ റൂബി(84) അന്തരിച്ചു. മക്കൾ: ബാബു, ടോണി, ഡെന്നി, മിനി. മരുമക്കൾ: ഫാൻസി കിടങ്ങൻ ( സ്വിറ്റ്സർലന്റ്), ജാൻസി കുരുതുകുളങ്ങര (ഓസ്ട്രിയ), ഷൈനി കുറ്റിക്കാട്ടിൽ (യുഎസ്എ), ജോസ് ചക്യയത്ത് എറണാകുളം.

### ബ്രദർ പോൾ പെരുമ്പ്രാൽ

കോട്ടയം:സിഎംഐ സന്യാസ സമൂഹത്തിന്റെ കോട്ടയം സെന്റ് ജോസഫ് പ്രവിശ്യയിലെ പുതുപ്പള്ളി സെന്റ് ആന്റണീസ് സിഎംഐ ഭവനാംഗമായിരുന്ന ബ്രദർ പോൾ പെരുമ്പ്രാൽ (87) അന്തരിച്ചു. സഹോദരങ്ങൾ: പരേതരായ ഇല്ലാല നിരവത്ത്, കുട്ടി പെരുമ്പ്രാൽ, അന്നമ്മ നെടുമ്പള്ളിക്കുന്നേൽ, ഏലി പാഴുക്കുന്നേൽ, ത്രേസ്യ, ബ്രിജീത്താ, കുഞ്ഞൂഞ്ഞ്, കുഞ്ഞുറോത.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News